
KNANAYADEEPAM


# ക്നാനായ ദീപം

Vol: 36 / Issue: 5 May 2025 ₹:10/-



## 4 – ാം ചരമവാർഷികം

19–05–2025



# വി.സി. ചാക്കോ (കുഞ്ഞൂഞ്ഞ്)

വാഴുവേലിൽ, ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

# ക്നാനായ ദീപം

2025 മെയ് പുസ്തകം 36 ലക്കം 5

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

നീ കഴുകനെപ്പോലെ ചിറകടിച്ചുയരും 08
സീമ ഷിന്റോ കന്നിയേൽ

ക്രിസ്ത്യാനിക്ക് ആഭരണം... 09
ഉണ്ണി എബ്രഹാം കൊറ്റുചാലിൽ

ലഹരി: അപഹാസ്യമാകുന്ന പോരാട്ടം 15
സുനിൽ ഡി. കുരുവിള

ന്യായാധിപതി 17
അമ്മാൾ രാജൻ പുളിമൂട്ടിൽ

നിത്യ ജീവൻ 18
ജയ്നമ്മ മർക്കോസ് നടുവിലെപറമ്പിൽ

ഏവൻഗേലിയോൻ ദീപം 19
റോയി മാത്യൂസ് കോർ–എപ്പിസ്കോപ്പ മുളമൂട്ടിൽ

പരമാനന്ദം 21
ഡോ. ഐവി. ജോസ് കിഴക്കേടത്ത്

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 24

യേശുനാമം 37
ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

39 കോപം
സി.ഐ. ചാക്കോ കൊച്ചുപറമ്പിൽ

40 ജീവിതയാത്ര
അൽക്കാ എലിസബേത്ത് മോനായി

41 കാൽപ്പാടുകൾ - എബി

43 വിതയ്ക്കുന്നതേ കൊയ്യൂ
വിന്റ് തോമസ് മാലിയിൽ

44 If I had not seen how...
ADV.M.J. Mathew Manimaleth

45 മാട്രിമോണിയൽ

51 മല്പാനോട് ചോദിക്കാം

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




## കർത്താവിൽ പ്രിയ ദീപം വായനക്കാർക്ക് ക്രിസ്തു യേശുവിന്റെ നാമത്തിലുള്ള സ്നേഹവന്ദനം.

കർത്താവിൽ പ്രിയരെ,

ലോകം 21 നൂറ്റാണ്ടുകൾ പിന്നിട്ടിരിക്കുകയാണ്. ലോകത്തിൽ എവിടെ നോക്കിയാലും പുത്തൻ സഹസ്രാബ്ദത്തിന്റെ ഈറ്റുനോവ് അനുഭവപ്പെടുന്നുണ്ടെന്ന് കാണാൻ കഴിയും. ഒരു ഭാഗത്ത് പരസ്പരം ബന്ധപ്പെടുവാനും, ബന്ധങ്ങൾ അരക്കിട്ടുറപ്പിക്കാനുള്ള അഭിവാഞ്ചയും തൽസംബന്ധമായ നീക്കങ്ങളും പൂർവോപരി ശക്തി ആർജിക്കുന്നു. രാഷ്ട്രത്തലവന്മാർ ലോകത്തിന്റെ വിവിധ കോണുകളിൽ കണ്ടുമുട്ടുന്നതും ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് ചർച്ചകൾ നടത്തുന്നതും മറ്റും ഇതിനു തെളിവുകളാണ്. എന്നാൽ മറുഭാഗത്ത് മേൽപ്പറഞ്ഞതിനേക്കാൾ ശക്തിമത്തായി മാനുഷിക ബന്ധങ്ങൾ തകരുന്നതും ബന്ധമില്ലായ്മ വളർന്നുവരുന്നതും ഇന്നത്തെ ഒരു വലിയ പ്രത്യേകതയായി പ്രകടമാക്കുന്നു. മനുഷ്യബന്ധങ്ങൾ അടിക്കടി ശിഥിലമാക്കുന്നതും, മനുഷ്യത്വം ചോർത്തിയെടുക്കുന്നതുമായ ഒരു സംസ്ക്കാരം ഇന്നിതാ രൂപം കൊണ്ടുവരുന്നു. ഇത് പൊതുസമൂഹത്തിൽ മാത്രമല്ല. മലങ്കരയിലെ രണ്ടു കക്ഷികളും ഉൾപ്പെടുന്ന പൊതുസഭയിൽ (സ്തുതി ചൊവ്വാക്കപ്പെട്ട സഭ.) കൂടുതലായി കണ്ടുവരുന്നു. ഇതിന്റെ പരിണിതഫലങ്ങളായി ശൈഥില്യങ്ങളുടെ ചരിത്രങ്ങൾ മാത്രമേ നമ്മുടെ മുമ്പിൽ നിരത്തിവയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്നുള്ളു എന്നതാണ് പരമാർത്ഥം. സഭയിലെ ഈ ഭിന്നത വളർന്ന് ക്നാനായ സമുദായത്തെയും നശിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു കാഴ്ചയാണ് ഇന്ന് കാണുന്നത്.

ഓരോരുത്തരും അവനവന്റേതായ കൊച്ചു കൊച്ചു ലോകങ്ങളിലേക്ക് ഒതുങ്ങിക്കൂടുവാനുള്ള പ്രവണത മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് വളരെ യധികം വളർന്നുവരികയാണ്. യാന്ത്രിക സംസ്ക്കാരത്തിന്റെ കുതിച്ചുപാച്ചിലിൽ പെട്ട് മാനുഷിക മൂല്യങ്ങളായ സ്നേഹം, സഹതാപം, സഹകരണം, ആത്മാർത്ഥത, ആർദ്രത, അനുകമ്പ ആദിയായവ ഒലിച്ചുപൊയ്ക്കൊണ്ടിരിക്കുകയാണ്. മേൽപ്പറഞ്ഞ മൂല്യങ്ങളിൽ ഉറച്ചുനിൽക്കാൻ ആരെങ്കിലും ശ്രമിക്കുന്നെങ്കിൽ അവരെ പഴഞ്ചനായും പിൻതിരിപ്പൻ ശക്തിയായും മുദ്രയടിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വർഗീയതയുടെയും രാഷ്ട്രീയത്തിന്റെയും സാമുദായിക കക്ഷി ചായ്‌വുകളുടെയും പേരിൽ മനുഷ്യനെ തമ്മിലടിപ്പിക്കുവാൻ തല്പരകക്ഷികൾ നടത്തുന്ന ഹീനതന്ത്രങ്ങൾ ഇന്ന് രംഗത്ത് ഉണ്ടെന്ന വസ്തുത നമുക്ക് അവഗണിക്കാവുന്നതല്ല.

പ്രാചീനകാലങ്ങളെ അപേക്ഷിച്ച് മനുഷ്യൻ Intellectual ആയി വളർന്നു കഴിഞ്ഞു. ദൈവദത്തമായ ബുദ്ധിശക്തിയെ ബഹിരാകാശ പരിധിക്കപ്പുറമായി വികസിപ്പിച്ചിട്ടുണ്ടെങ്കിലും സാന്മാർഗ്ഗിക നിലവാരത്തിൽ കുതിച്ചു കയറാൻ കഴിവില്ലാതെ പദതാളം തെറ്റിക്കിടക്കുന്ന അനേകായിരങ്ങൾ ഇന്ന് ലോകത്തിലുണ്ട്. കൊള്ളാവുന്നവരെന്നും, യോഗ്യന്മാരെന്നും, മഹാന്മാരെന്നും വിശുദ്ധന്മാരെന്നും നാം കരുതുന്ന വളരെപ്പേർ അവരുടെ രഹസ്യജീവിതത്തിൽ തളർന്ന് ശക്തിഹീനന്മാരായി തീർന്നിട്ടുണ്ട്. ലോകത്തിന്റെ ജ്ഞാനംകൊണ്ടുമാത്രം സാന്മാർഗികത്വത്തിൽ ഉയരാൻ സാധിക്കുകയില്ലെന്നുള്ളതിന്റെ തെളിവാണത്. ദൈവാശ്രയവും വിശ്വാസദാർഢ്യവും ഉള്ളവർപോലും നൂൽപ്പാലത്തിൽകൂടെ കടക്കുന്നതുപോലെയാണ് കരുതലോടുകൂടിയിരിക്കേണ്ടത്. അങ്ങനെ എങ്കിൽ ദൈവഭക്തിയില്ലാതെ കഴിഞ്ഞു കൂടുന്നവരുടെ സ്ഥിതി എത്രയോ ശോചനീയമായിരിക്കും. "നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നുവെങ്കിൽ പാപിയുടെയും അഭക്തന്റെയും ഗതി എന്താകും" എന്ന് വി. അപ്പോസ്തോലൻ ചോദിക്കുന്നു. പുറമെ കണ്ടാൽ കൊഴപ്പമില്ല. അകമേ തളർന്ന് ഇടിഞ്ഞു കൊണ്ടിരിക്കുന്ന ഇത്തരം ജീവിതങ്ങൾ നിരവധിയുണ്ട്.

അസാന്മാർഗ്ഗികത പാപമല്ലെന്നും മനുഷ്യന്റെ അഭിവാഞ്ചകളുടെ പൂരണമാണെന്നും ജീവിക്കുന്നത് സുഖാനുഭവങ്ങളുടെ ആസ്വാദ്യതയ്ക്കാണെന്നും ഉള്ള അഭിപ്രായം പ്രബലപ്പെടുത്തുവാൻ സംഘടിതമായ യത്നം ലോകത്തിൽ അങ്ങോളം ഇങ്ങോളം നടക്കുന്നുണ്ട്. ഈ ഉദ്ദേശ സാദ്ധ്യത്തിലേക്കായി, സാഹിത്യം, ചലച്ചിത്രം, കലാപ്രകടനങ്ങൾ, മുതലായവയെ ആയുധമായി ഉപയോഗിക്കുന്നുണ്ട്. മനുഷ്യഹൃത്തടങ്ങളിലെ ദുഷ്പ്രവണതകളെ തട്ടിയുണർത്തി അനിയന്ത്രിതമായ ജീവിതത്തകർച്ചയിലേക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്നു. പാപം കളിയായി തീർന്നിരിക്കുകയാണ്. ഒന്നുമറിവില്ലാത്ത ശിശു തീക്കൊള്ളിയെടുത്ത് കളിക്കുന്നതിനിടയിൽ അത് ഉണങ്ങിയ വിറകിന്റെ പുറത്ത് വീഴുവാനും വീടു മുഴുവനും കത്തിയെരിയുവാനും സാദ്ധ്യതയുണ്ട്. ഈ വിധത്തിലുള്ള തകർച്ചമൂലം കുടുബങ്ങൾ ഛിന്നഭിന്നമാകുന്നതും സാമൂഹ്യ ബന്ധങ്ങൾ ശിഥിലമാകുന്നതും, മനുഷ്യന്റെ സ്നേഹം തണുത്ത് പരസ്പരവിദ്വേഷവും പ്രതികാരാഗ്നിയും കത്തിക്കാളി സമൂല നാശത്തിലേക്ക് നിപതിക്കുന്നതും നാം കാണുന്നുണ്ട്. സഭാമക്കൾ തമ്മിലുള്ള ബന്ധങ്ങൾ ശിഥിലമാക്കുന്ന രീതിയിലുള്ള നുണപ്രചരണങ്ങൾ രണ്ടുകക്ഷികളിലേയും നേതൃത്വം മെത്രാന്മാർ ഉൾപ്പെടെയുള്ളവർ പ്രചരിപ്പിച്ച് ജനങ്ങളുടെ മനസ്സ് ഇളക്കി വാശിയും വൈരാഗ്യവും വർദ്ധിപ്പിച്ച് മനുഷ്യരെ അസാന്മാർഗ്ഗികതയിലേക്ക് ഒഴുക്കിവിട്ടുകൊണ്ടിരിക്കുന്നു. യഥാർത്ഥ ക്രിസ്ത്യാനികൾ മനമുരുകി പ്രാർത്ഥിക്കേണ്ട സന്ദർഭമാണിത്. "കടന്നുപോകുന്ന ഏവരുമേ ഇത് നിങ്ങൾക്ക് ഏതുമില്ലയോ" എന്നു പ്രവാചകൻ ചോദിക്കുന്നു. നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ച് സഹതാപം തോന്നണം, നഷ്ടപ്പെടുന്നവരെ തേടിപ്പുറപ്പെടുവാൻ സഭയ്ക്ക് ചുമതലയുണ്ട്. തെറ്റായ വഴിയിൽനിന്നും സത്യമാർഗ്ഗത്തിലേക്കുള്ള വഴി ചൂണ്ടിക്കാണിച്ചുകൊടുക്കുവാനുള്ള കേന്ദ്രങ്ങളായിരിക്കണം പള്ളികൾ. ഇടവകയിലേക്ക് ശക്തിയായ ദൈവസ്നേഹത്തിന്റെ വൈദ്യുത പ്രവാഹം അയച്ചുകൊടുക്കുന്ന ബാറ്ററികളായിരിക്കണം പള്ളികൾ. മുതലെടുപ്പും, നടവരവും, സ്വത്തുക്കളും ആണ് പള്ളികളുടെ നേട്ടങ്ങൾ എന്നുള്ള ധാരണ മാറ്റണം. ദൈവത്തിന്റെ നീതിയുടെ മുമ്പാകെ ഇവയെല്ലാം എന്തു സമാധാനം കൊടുക്കും എന്നു ചിന്തിച്ച് യേശുക്രിസ്തുവിന്റെ ശരീരമാകുന്ന പരിശുദ്ധ സഭയെ വെട്ടിമുറിച്ച് രണ്ടാക്കിക്കൊണ്ടുപോകാനുള്ള പ്രവണത ഇല്ലാതാക്കി ജനത്തെ ദൈവത്തിനു സമർപ്പിക്കാം.

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2025 വർഷത്തിലെ മെയ് മാസത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഓരോ ദിവസവും അനുഭവിക്കുന്ന ദൈവകൃപയ്ക്കായും, ദൈവിക നടത്തിപ്പിനായും നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. പരി. സഭയെ സംബന്ധിച്ചിടത്തോളം ക്യംതാ കാലഘട്ടത്തിലൂടെ യാത്ര ചെയ്യുകയാണല്ലോ. യേശുവിന്റെ ഉയിർപ്പ് പെരുന്നാളിന് നാം സാക്ഷ്യം വഹിച്ച് യേശു സത്യമായും ഉയിർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു എന്ന വിശ്വാസ പ്രഖ്യാപനം നടത്തുകയുണ്ടായി. മരിച്ച അവസ്ഥയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ യേശു ഇന്നും ജീവിക്കുന്നു എന്നു മാത്രമല്ല നമ്മെ നയിക്കുന്നു എന്നത് ക്രിസ്തീയ വിശ്വാസത്തിൽ ജീവിക്കുവാൻ നമുക്ക് പ്രേരണയാണ്.

ജൂൺ 10,11 ദിവസങ്ങളിൽ ക്നാനായ സമുദായത്തിന്റെ പ്രഥമമെത്രാപ്പോലീത്താ അഭി. ഗീവർഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 98–ാ മത് ശ്രാദ്ധപ്പെരുന്നാൾ വന്ദ്യ പിതാവ് കബറടങ്ങിയിരിക്കുന്ന കോട്ടയം വലിയ പള്ളിയിൽ ആചരിക്കുകയാണല്ലോ. വന്ദ്യ പിതാവിന്റെ സംഭാവനകൾ അനവധിയാണല്ലോ. തന്റെ ജീവിതത്തെ സമുദായത്തിനുവേണ്ടി നല്കി എത്രയോ ശ്രേഷ്ഠമായ ശുശ്രൂഷയാണ് നിവർത്തിച്ചത്. പൂർവ്വപിതാക്കന്മാരെ സ്മരിക്കുമ്പോൾ അവർ കാണിച്ച ജീവിതമാതൃക ഉൾക്കൊണ്ട് നമ്മുടെ വിശ്വാസ ജീവിതത്തെ കൂടുതൽ തീക്ഷ്ണതയുള്ളതാക്കാൻ ശ്രമിക്കാം. നമ്മുടെ എല്ലാ ആളുകളും ഈ ദിവസങ്ങളിൽ ആ കബറിങ്കൽ എത്തി പ്രാർത്ഥന നടത്തുവാൻ ശ്രമിക്കണം.

1680–ാ മത് സിറിയൻ കുടിയേറ്റ വാർഷികം ഈ മെയ് മാസം 16,17,18 തീയതികളിൽ നമ്മുടെ വെളിയനാട് മോർ സ്തേഫാനോസ് വലിയപള്ളിയിൽ നടത്തുകയാണല്ലോ. അതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ക്നാനായ കോൺഗ്രസ് കേന്ദ്ര, മേഖല കമ്മിറ്റികളും, വെളിയനാട് പള്ളിയും ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ കുടുംബസംഗമമേളയായി ഇത് ആയിത്തീരണം. എല്ലാ ഇടവകകളും ഈ കുടിയേറ്റ വാർഷികത്തിൽ ക്രമീകരിച്ചിരിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കാനും അതിലൂടെ നമ്മുടെ കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ കഴിവുകൾ വർദ്ധിക്കുവാനും ഇടയാകണം. ഇതിന്റെ എല്ലാ അനുഗ്രഹത്തിനായും പ്രാർത്ഥിക്കുന്നു.

നമ്മുടെ കുട്ടികളെ ദൈവാശ്രയ ബോധമുള്ളവരാക്കുന്നതിൽ സൺഡേസ്കൂൾ പ്രസ്ഥാനം നടത്തുന്ന ഉദ്യമങ്ങളെ ശ്ലാഘിക്കുന്നു. നമ്മുടെ എല്ലാ വൈദികരും, മാതാപിതാക്കളും സണ്ടേസ്കൂൾ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാൻ പരിശ്രമിക്കണം. നമ്മുടെ കുട്ടികളെ ക്നാനായ പാരമ്പര്യത്തിൽ തീക്ഷ്ണതയുള്ളവരാക്കി തീർക്കുവാനും നമുക്ക് സാധിക്കണം. കുട്ടികൾ ഇപ്പോൾ മറ്റു രാജ്യങ്ങളിലേക്ക് കുടിയേറി പാർക്കുന്നുണ്ടല്ലോ. എവിടെ ആയിരുന്നാലും നമ്മുടെ പള്ളികളുമായുള്ള ബന്ധം സ്ഥാപിക്കുവാനും ഇടയാകണം.

ആകമാന കത്തോലിക്കാ സഭയുടെ മേലദ്ധ്യക്ഷനായ പോപ്പ് ഫ്രാൻസിസ് തന്റെ ഈ ലോകത്തിലെ കരുണ നിറഞ്ഞ നിയോഗങ്ങൾ പൂർത്തീകരിച്ച് ദൈവസന്നിധിയിലേക്ക് കടന്നുപോയല്ലോ. മനുഷ്യഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുന്ന വലിയ ഇടയന്റെ മാതൃകാപരമായ ജീവിതവും, നിലപാടുകളും എന്നും ഓർക്കപ്പെടും. പരിശുദ്ധ പിതാവിന്റെ ശുശ്രൂഷയ്ക്കായും, ജീവിതത്തിനായും ദൈവത്തെ സ്തുതിക്കുന്നു. മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ പ്രാർത്ഥനകളും, അനുശോചനവും നേരുന്നു.

കാശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിന്റെ ഭയാനകത മാധ്യമങ്ങളിൽ കൂടെ നാം അറിഞ്ഞുവല്ലോ. ഭീകര പ്രവർത്തനങ്ങൾ ഇല്ലാതായി സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ എന്നും പറന്നുയരുവാൻ നമുക്ക് പ്രാർത്ഥിക്കാം. ഭീകരപ്രവർത്തങ്ങളിൽ നിന്ന് അത്തരത്തിലുള്ള ആളുകൾ പിന്മാറുന്നതിനും, അങ്ങനെയുള്ള വഴികളിൽ നിന്ന് മാറി സഞ്ചരിക്കുവാനും ഇടയാകേണ്ടതുണ്ട്. ഇനിയും ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കുവാൻ സർക്കാരും ഉണർന്നു പ്രവർത്തിക്കണം എന്ന് ഓർപ്പിച്ച് അക്രമണത്തിൽ മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് ദൈവം ആശ്വാസം പകരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

ഈസ്റ്റർ കഴിഞ്ഞു നമ്മുടെ കുട്ടികളുടെ വെക്കേഷൻ തീരാറായി. ക്നാനായ സമുദായത്തിലെ വിഷയങ്ങൾ തീരുന്നതിനുവേണ്ടി ക്നാനായ കമ്മറ്റി എപ്പോഴും പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

യാക്കോബായ സഭയുടെ ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്കാബാവായുടെ ക്ഷണം അനുസരിച്ച് ക്നാനായ സമുദായത്തിലെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ, അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരി, അഡ്വ. സന്ദീപ് ഏബ്രഹാം താമരപ്പള്ളി എന്നിവർ നടത്തിയ പ്രാരംഭ ചർച്ച വളരെ വിജയപ്രദമായിരുന്നു. സമുദായ ഭരണഘടന ഉൾക്കൊണ്ടുകൊണ്ട് വിശദമായ ചർച്ച തുടരും.

എന്നാൽ കേസുകൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്കെതിരെ ഉണ്ടായിരുന്ന പാത്രിയർക്കീസ് ബാവായുടെ കല്പന സ്റ്റേ ചെയ്തുകൊണ്ട് കോട്ടയം മുനിസിഫ് കോടതിയും, ജില്ലാ കോടതിയും ഓർഡർ ഇറക്കിയതിനെതിരെ ഹൈക്കോടതിയിൽ കേസ് വരികയും, ആ കേസ് വെക്കേഷൻ കഴിഞ്ഞ് കോടതി തുറക്കുമ്പോൾ പരിഗണിക്കാം എന്ന് കോടതി ഉത്തരവിട്ടതിനുശേഷം വീണ്ടും കേരള ഹൈക്കോടതി വെക്കേഷൻ ബഞ്ചിൽ കേസ് വരുത്തുകയും ആർഗ്യുമെന്റ് നടത്തുകയും ചെയ്തു. കേസ് വീണ്ടും ഹൈക്കോടതി ഓപ്പണിംഗ് കോടതിയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അതുപോലെ ക്നാനായ അസ്സോസിയേഷൻ ഏപ്രിൽ 29ന് കൂടുന്നതിന് ഏപ്രിൽ 2-ാം തീയതി നോട്ടീസ് അയക്കുകയും അതനുസരിച്ച് എല്ലാ ക്രമീകരണങ്ങളും അസ്സോസിയേഷൻ കൂടുന്നതിനായി കഴിഞ്ഞപ്പോൾ കുരുവിള തോമസ് എന്ന വക്കീൽ മുഖാന്തരം അസ്സോസിയേഷൻ നടത്തുവാൻ പാടില്ല എന്ന ആവശ്യവുമായി കോട്ടയം സബ്കോടതിയിൽ ഫയൽ ചെയ്ത കേസിൽ കോടതി ഉത്തരവ് ഇട്ടത് അസ്സോസിയേഷൻ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനോ കൂടുന്നതിനോ കുഴപ്പമില്ല. കേസിന്റെ വിധി ഇതിന് ബാധകമായിരിക്കും എന്ന് മാത്രമാണ്.

അസ്സോസിയേഷൻ കഴിഞ്ഞ ഏപ്രിൽ 29-ാം തീയതി കൂടുകയും അതിൽ എടുത്ത തീരുമാനങ്ങളുടെ ഒരു ചെറിയ വിവരണം ഇവിടെ കുറിക്കുകയാണ്.

രാവിലെ 10.30 ന് അസ്സോസിയേഷൻ ഹാളിൽ പ്രസിഡന്റ് ഇളയശ്ശേരിൽ അച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പായ്ക്കുവേണ്ടി പ്രാർത്ഥിച്ചു. തുടർന്ന് ഫാ. ഉതുപ്പാൻ ചെറുകരേത്ത് ധ്യാന പ്രസംഗവും ധ്യാനവും നടത്തി. 256 അംഗങ്ങൾ ഹാളിലും ഓൺലൈനിലുമായി അസ്സോസിയേഷനിൽ സംബന്ധിച്ചു. സെക്രട്ടറി നോട്ടീസ് വായിച്ചു. ശേഷം പുതിയ അംഗങ്ങളായ ഫാ. ബിബിൻ ആൻഡ്രൂസ്, സിബി സ്ക്കറിയ സിഡ്നിപള്ളി, മജോ മാത്യു കുവൈറ്റ്പള്ളി എന്നിവർ സത്യപ്രതിജ്ഞ ചെയ്തു.

നമ്മുടെ സമുദായത്തിൽ നിന്നും വാങ്ങിപ്പോയ അംഗങ്ങൾക്കുവേണ്ടി അനുശോചനം അറിയിച്ച് ഒരു മിനിറ്റ് മൗനം ആചരിച്ചു. ശേഷം ചോദ്യോത്തരവേളയിലേയ്ക്ക് പ്രവേശിച്ചു. ചോദ്യത്തിനുള്ള മറുപടിയായി അസ്സോസിയേഷൻ ഹാളിൽ നേരിട്ട് വന്ന് സത്യപ്രതിജ്ഞ ചെയ്താലേ അസ്സോസിയേഷൻ അംഗമാകൂ എന്ന് സെക്രട്ടറി അസ്സോസിയേഷനിൽ അറിയിച്ചു.

വിദേശത്തുള്ളവർ അവിടെ ചെന്ന് ഒരു വർഷത്തിനുള്ളിൽ അവിടെയുള്ള പള്ളികളിൽ അംഗത്വം എടുക്കണമെന്ന് ഒരു തീരുമാനം ചോദ്യോത്തര വേളയിൽ എടുക്കുകയുണ്ടായി. ഭരണഘടന 51 വകുപ്പ് അനുസരിച്ച് പ്രവർത്തിക്കണമെന്ന് തീരുമാനിച്ചു.

വനിതകളെ പള്ളികളിലെ കമ്മിറ്റിയിലും, അസ്സോസിയേഷനിലും പങ്കെടുപ്പിക്കാമോ എന്ന ചോദ്യത്തിന് ഉത്തരമായി വിദേശരാജ്യത്തുള്ളവർ അവിടുത്തെ നിയമമനുസരിച്ച് കമ്മറ്റിയിൽ എടുക്കാം എന്നും, അസ്സോസിയേഷൻ അംഗമാകണം എന്നുണ്ടെങ്കിൽ ഭരണഘടന ഭേദഗതിയിലൂടെ സാദ്ധ്യമാവുകയുള്ളൂ. അത് ഭരണഘടന ഭേദഗതി വരുമ്പോൾ കൊണ്ടുവരാം എന്നും അറിയിച്ചു.

യാക്കോബായ സഭയിലെ കാതോലിക്കാ ബാവായുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അസ്സോസിയേഷനിൽ പറഞ്ഞു. സമുദായഭരണഘടനയ്ക്കും അസ്സോസിയേഷനും കീഴ്പ്പെട്ടും മാത്രമേ മുന്നോട്ടു പോകുവാൻ സാധിക്കൂ എന്ന് ബാവായെ അറിയിക്കുകയും അതിനുള്ള തെളിവുകൾ എല്ലാം ബാവായ്ക്ക് നൽകുകയും ചെയ്തു എന്നും ചർച്ചകൾ തുടരുമെന്ന് ബാവ പറഞ്ഞതായും സെക്രട്ടറി അസ്സോസിയേഷനിൽ ഉത്തരം പറഞ്ഞു. മറ്റൊരു ചോദ്യത്തിന് ഉത്തരമായി സേവേറിയോസ് വിദ്യാഭ്യാസനിധിയിൽ നിന്ന് ലോൺ എടുത്തവർ തിരിച്ചടച്ചില്ല എങ്കിൽ അതാത് പള്ളികൾക്ക് അതിന്റെ ബാധ്യത ഉണ്ട് എന്ന് തീരുമാനമെടുത്തു.

മലങ്കര സുറിയാനി ക്നാനായ സമുദായ ന്യൂസ് (MSKS) എന്ന ചാനൽ സമുദായത്തിന്റെ ഒഫീഷ്യൽ ആണെന്നും ഫാ. മെറ്റോ വെട്ടിപ്പറമ്പിലിന് അതിന്റെ ചാർജ് ഉണ്ടെന്നും ഈ ചാനലിനെ എല്ലാവരും സപ്പോർട്ട് ചെയ്യണം എന്നും പള്ളികളുടെ ഔദ്യോഗിക പരിപാടികൾക്ക് മറ്റും ഈ ചാനൽ ഉപയോഗിക്കാൻ വികാരിമാരും കമ്മിറ്റി അംഗങ്ങളും ശ്രദ്ധിക്കണം എന്നും അസ്സോസിയേഷൻ തീരുമാനിച്ചു. ഒരു മണിയോടുകൂടി യോഗം ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു. ഉച്ച

യ്ക്കുശേഷം ചോദ്യോത്തരങ്ങളുടെ ബാക്കി തുടരുകയും അതിനുശേഷം 5 പ്രമേയങ്ങൾ അവതരിപ്പിക്കുകയും ഉണ്ടായി.

## പ്രമേയം

ക്നാനായക്കാർക്ക് ജോലി സംവരണത്തിനുവേണ്ടി ലത്തീൻ കത്തോലിക്ക, ആംഗ്ലോ ഇന്ത്യൻ എന്ന വിഭാഗങ്ങളിൽ ഉൾപ്പെടുത്താൻ കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നതിന് വേണ്ട നടപടികൾ എടുക്കണമെന്ന് റെജി പ്ലാനിക്കുന്നേൽ അവതാരകനായും ഏബ്രഹാം ആലഞ്ചേരി അനുവാദകനായും ഉള്ള പ്രമേയം ഐക്യകണ്ഠേന പാസ്സാക്കി.

അമേരിക്കയിലുള്ള സഹായ മെത്രാൻ സിൽവാനോസ് തിരുമേനിയെ തിരികെ വിളിക്കാൻ രണ്ടുപ്രാവശ്യം ഈ അസ്സോസിയേഷൻ തീരുമാനമെടുത്തിട്ടും മടങ്ങി വന്നില്ല. ഈ അസ്സോസിയേഷൻ ഇദ്ദേഹം വീണ്ടും മടങ്ങിവരാൻ തീരുമാനമെടുക്കണം എന്നും വന്നില്ലെങ്കിൽ അമേരിക്കൻ എമിഗ്രേഷന് നടപടികൾ എടുക്കാൻ ഔദ്യോഗികമായി അറിയിക്കണം എന്നും ശ്രീ. രാജൻ പുന്നാറ്റുശ്ശേരി അവതാരകനായി ഒരു പ്രമേയം അവതരിപ്പിച്ചു. അത് ഐക്യകണ്ഠേന പാസ്സായി.

കേരളത്തിനു പുറത്ത് താമസിക്കുന്നവർ അവിടെയുള്ള ദൈവാലയങ്ങളിൽ അംഗത്വം എടുക്കണം എന്നും മാതൃദൈവാലയങ്ങളിൽ ആത്മീയ ആവശ്യം നടത്തി കൊടുക്കുന്നതിന് പുറത്തുള്ള ദൈവാലയത്തിന്റെ സാക്ഷ്യപത്രം ഹാജരാക്കണമെന്നും കൂടാതെ ക്നാനായ കല്യാണ ചടങ്ങുകൾപോലുള്ള പ്രോഗ്രാമുകളിൽ ക്നാനായ ബന്ധം ഉപേക്ഷിച്ചുപോയവരെ പങ്കെടുപ്പിക്കരുത് എന്നും പ്രമേയം അവതരിപ്പിച്ചു. ആദ്യത്തെ ആവശ്യം അംഗീകരിക്കുകയും ക്നാനായ ഇതരരെ പങ്കെടുപ്പിക്കരുത് എന്നുള്ളത് സ്വകാര്യ പരിപാടികൾ ആയതിനാൽ അതാത് ആൾക്കാൾ അത് ശ്രദ്ധിക്കണം എന്നും തീരുമാനിച്ചു.

റെയ്ജു അരീക്കര ജി.സി.സി. യിൽ ഉള്ളവർക്കായി അവതരിപ്പിച്ച പ്രമേയം വിദേശരാജ്യങ്ങളിൽ ഒരു വർഷത്തിൽ അധികമായി താമസിക്കുന്നവർ ആ സ്ഥലത്തെ ക്നാനായ ദൈവാലയത്തിൽ മെമ്പർഷിപ്പ് എടുക്കേണ്ടതും അവരുടെ ശവസംസ്ക്കാരം ഒഴികെയുള്ള ആത്മീയ ആവശ്യങ്ങൾ നാട്ടിൽ നടത്തപ്പെടണമെങ്കിൽ മെമ്പർഷിപ്പ് എടുത്തിട്ടുള്ള ദൈവാലയത്തിലെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നാട്ടിലെ ദൈവാലയത്തിൽ ഹാജരാക്കണം എന്നും ഉള്ള പ്രമേയം ഐക്യകണ്ഠേന പാസ്സായി.

മുൻ ക്നാനായ അസ്സോസിയേഷനുകളുടെ തീരുമാനം ലംഘിക്കുകയും സഹായമെത്രാൻമാരെ ചർച്ചകൾക്ക് വിളിച്ചിട്ട് വരാതിരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ക്നാനായ സമുദായത്തിന്റെ സുപ്രീംകോടതി അംഗീകരിച്ച ക്നാനായ ഭരണഘടനയും ക്നാനായ അസ്സോസിയേഷന്റെ തീരുമാനങ്ങൾ അംഗീകരിക്കുകയും ക്നാനായ സമുദായ വലിയമെത്രാപ്പോലീത്തായ്ക്ക് വിധേയപ്പെട്ട് വരുന്നതുവരെ ക്നാനായ സമുദായത്തിന്റെ ദൈവാലയങ്ങളിൽ സഹായ മെത്രാൻമാർ പ്രവേശിക്കുവാനോ പ്രവർത്തിക്കുവാനോ പാടില്ല എന്ന് അസ്സോസിയേഷൻ തീരുമാനിക്കണം എന്ന പ്രമേയം പി. കെ. കുര്യൻ പാട്ടമ്പലത്ത് അവതാരകനായും, ശ്രീ. ജിജി പോഴിമണ്ണിൽ അനുവാദകനായും അവതരിപ്പിക്കുകയും 14 പേരുടെ വിയോജിപ്പോടെ പ്രമേയം പാസ്സാക്കുകയും ചെയ്തു. ശേഷം ട്രസ്റ്റി ബഡ്ജറ്റ് അവതരിപ്പിച്ചു. സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ തന്നെ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് നല്ലതാണ് എന്നുള്ള വിദഗ്ദ്ധ ഉപദേശം കിട്ടിയതുകൊണ്ടാണ് ഇപ്പോൾ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് എന്നും ഓഗസ്റ്റ് 31 ന് മുമ്പായി കണക്ക് അവതരിപ്പിക്കും എന്നും യോഗത്തെ അറിയിച്ചു. 15 പേരുടെ വിയോജിപ്പോടെ ബഡ്ജറ്റ് പാസ്സായി.

അതിനുശേഷം അമേരിക്കയിൽ ഉള്ള NAMKC യുടെയും യൂറോപ്പിലെ EKC യുടെയും ബൈലോ ചർച്ചകൾക്കുശേഷം പാസ്സാക്കി.

ഓതറ നസ്രേത്ത് ഫാർമസി കോളേജിന് രണ്ടു കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് എടുക്കുന്നതിനുവേണ്ടി കോളേജ് മാനേജർ ജേക്കബ് ലൂക്കോസ് അസ്സോസിയേഷന്റെ അനുമതി തേടുകയും മാനേജരുടെ വിശദീകരണത്തിനുശേഷം 14 അംഗങ്ങളുടെ വിയോജിപ്പോടുകൂടി ഓവർഡ്രാഫ്റ്റ് എടുക്കുന്നതിന് തീരുമാനിച്ചു. ആശിർവാദത്തിന് ശേഷം ഏകദേശം 6.00 മണിയോടുകൂടി യോഗം പിരിഞ്ഞു.

വിശദമായ ചർച്ചകളും അഭിപ്രായങ്ങളും അറിയുവാൻ ആഗ്രഹം ഉള്ളവർക്ക് ക്നാനായ സമുദായത്തിന്റെ ഓഫീഷ്യൽ ചാനലായ മലങ്കര സുറിയാനി ക്നാനായ സമുദായ ന്യൂസ് (MSKS) എന്ന ചാനലിൽ ലഭ്യമാണ്. ബഹു. ടി. എം. മാത്യൂസ് തൈക്കൂട്ടത്തിൽ അച്ചന്റെ ദേഹവിയോഗവാർത്ത വളരെ ദുഖം ഉളവാക്കുന്നു. ഏതാണ്ട് മൂന്നു പതിറ്റാണ്ടുകൾക്ക് മുൻപ് അമേരിക്കയിലേക്ക് കുടിയേറുകയും ഫ്ളോറിഡായിലുള്ള ക്നാനായക്കാരായ ആളുകളെ കൂട്ടിച്ചേർത്ത് സമുദായത്തിനുവേണ്ടി ഒരു ദൈവാലയം സ്ഥാപിക്കുകയും 2018 വരെ ആ ദൈവാലയത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും ചെയ്തത് ഓർക്കുന്നു.

ക്നാനായ സമുദായ സുവിശേഷ സമാജം കേന്ദ്രകമ്മിറ്റി വൈസ് പ്രസിഡന്റായും, നോർത്ത് അമേരിക്കയിൽ വികാരി ജനറലുമായി പ്രവർത്തിച്ച അച്ചൻ സമുദായ നന്മയ്ക്കുവേണ്ടി ധാരാളമായി പ്രവർത്തിച്ച വ്യക്തിയാണ്. ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം അഭി. സമുദായ വലിയമെത്രാപ്പോലീത്ത മോർ സേവേറിയോസ് തിരുമേനിയോടും ബഹു. മാതാംപറമ്പിൽ അച്ചനോടുമൊപ്പം അദ്ദേഹത്തെ സന്ദർശിക്കുകയും, സ്നേഹ സംഭാഷണം നടത്തുവാനും സാധിച്ചതും ഇപ്പോൾ ഓർക്കുന്നു. കുടുംബ അംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നു. അച്ചന്റെ ദേഹവിയോഗത്തിൽ മലങ്കര സുറിയാനി ക്നാനായ സമുദായത്തിനുള്ള ദുഃഖം അറിയിക്കുന്നതോടൊപ്പം അബ്രഹാമ്യ മടികളിൽ അച്ചൻ ആശ്വാസം കണ്ടെത്തട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ക്നാനായ കമ്മറ്റിക്കുവേണ്ടിയും, മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന് വേണ്ടിയും അനുശോചനം അറിയിക്കുന്നു.

എന്ന് സമുദായ സെക്രട്ടറി

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

# നീ കഴുകനെപ്പോലെ ചിറകടിച്ചുയരും

സീമ ഷിന്റോ, കന്നിയേൽ, റാന്നി

"യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകൻമാരേപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും''. വി.ബൈബിളിൽ യെശയ്യാവിന്റെ അദ്ധ്യായം 40:31 ൽ യഹോവയെ കാത്തിരിക്കുന്ന ഭക്തൻമാരെ ഉപമിക്കുന്നത് കഴുകൻ എന്ന പക്ഷിയോടാണ്. ആകാശവിതാനങ്ങളെ കീഴടക്കി അത്യന്തം തലയെടുപ്പോടെ പറന്നുപൊങ്ങുന്ന ഒരു പക്ഷിയാണ് കഴുകൻ, അത്രയും ധീരതയോടെയും ആത്മവിശ്വാസത്തോടെയും ജീവിക്കാൻ ഒരു മനുഷ്യനു കഴിയുമെങ്കിൽ തീർച്ചയായും അത് ദൈവിക കരങ്ങളിലാവുന്നതുകൊണ്ട് മാത്രമാണ്. അവൻ ക്ഷീണിച്ചിരിക്കുന്നവന് ശക്തി നൽകുന്നു. ബലമില്ലാത്തവന് ബലം വർദ്ധിപ്പിക്കുന്നു. കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കൈയ്യിലും ഉണ്ട്. ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻ കൂട്ടത്തെ മേയിക്കുകയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്ത് മാർവ്വിടത്തിൽ ചേർത്തു വഹിക്കുകയും ചെയ്യുന്നു. തന്നെ ഭയപ്പെടുകയും തന്റെ ദയയിൽ പ്രത്യാശവയ്ക്കുകയും ചെയ്യുന്നവരിലാണ് യഹോവ പ്രസാദിക്കുന്നത്.

മിക്ക പക്ഷികൾക്കും കൊടുങ്കാറ്റിനെ ഇഷ്ടപ്പെടാൻ കഴിയില്ല കാരണം കൊടുങ്കാറ്റുണ്ടായാൽ അതിനെ അതിജീവിക്കാൻ വളരെ ബുദ്ധിമുട്ടുകൾ പക്ഷികൾ നേരിടേണ്ടി വരും. പക്ഷെ കഴുകൻമാർ കൊടുങ്കാറ്റിനെ ഇഷ്ടപ്പെടുന്നു കാരണം കൊടുങ്കാറ്റ് അവയെ കൂടുതൽ ഉയരങ്ങളിലേയ്ക്ക് നയിക്കുന്നു. കാരണം കൊടുങ്കാറ്റുകളെ അതിജീവിക്കാൻ കഴിയുന്ന തരത്തിൽ കഴുകൻമാർ തങ്ങളുടെ ചിറകുകൾക്ക് ശക്തി പ്രദാനം ചെയ്യുന്നു. കൊടുങ്കാറ്റിന്റെ ശക്തി ഉപയോഗിച്ച് അവ മുകളിലേക്ക് കുതിക്കുന്നു. താഴെ കൊടുങ്കാറ്റ് ആഞ്ഞടിക്കുമ്പോൾ, കഴുകൻ മേഘങ്ങൾക്ക് മുകളിലുള്ള സൂര്യപ്രകാശത്തിലേക്ക് ഉയരുന്നു. ഇതുപോലെ യഹോവയിൽ ആശ്രയിക്കുന്നവർക്ക് ഏതു കൊടുങ്കാറ്റും പ്രതിസന്ധിയും ജീവിതത്തിൽ ഉണ്ടായാലും അതിനെയെല്ലാം അതിജീവിച്ച് ഉയരങ്ങൾ കീഴടക്കാൻ കഴിയും. കാരണം നമ്മുടെ പ്രശ്നങ്ങളോട് പോരാടുന്നത് നമ്മുടെ ദൈവമായ യഹോവയാണ്.

നമ്മുടെ ദൈവമായ കർത്താവ് ജീവിതത്തിലെ ഇരുൾമൂടിയ പാതകളിൽ നമ്മുടെ വെളിച്ചമാണ് കൊടുങ്കാറ്റുകൾപോലെ പേടിപ്പെടുത്തുന്ന പ്രയാസങ്ങളിൽ നമ്മുടെ സമാധാനമാണ്. ഏകാന്തതകളിൽ നമ്മുടെ ഏറ്റവും വലിയ ബലമാണ്, ഉത്തമ സുഹൃത്താണ്. കഴുകൻ എന്ന പക്ഷിയുടെ മറ്റൊരു സവിശേഷതയാണ് അവയ്ക്ക് ഏറ്റവും ഉയരത്തിൽ പറക്കുവാൻ കഴിയുമെന്നുള്ളത്. അതുകൊണ്ട് ഒരു ശത്രുവിനും വേട്ടക്കാരനും ആ പക്ഷികളെ തൊടാൻ പോലും സാധിക്കില്ല. നാമോരോരുത്തരും ഇന്ന് നമ്മുടെ ശത്രുക്കളുടെ മദ്ധ്യത്തിൽ തലയുയർത്തി നിൽക്കുന്നതും ശത്രുക്കൾക്ക് നമ്മുടെ തലതകർക്കാൻ കഴിയാത്തതും യഹോവയായ ദൈവം ഉന്നതങ്ങളിൽ പറന്നുയരാൻ നമ്മുടെ ചിറകുകൾക്ക് ശക്തി പകരുന്നതുകൊണ്ട് മാത്രമാണ്.

നീ കഴുകനെപ്പോലെ ചിറകടിച്ചുയരും എന്ന വിശ്വാസം നമ്മെ കൂടുതൽ ബലപ്പെടുത്തുകയും ജീവിത പ്രതിസന്ധികളോട് പോരാടാനുള്ള ശക്തി നമ്മിൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. സങ്കീ.103:5 ൽ നാം ഇങ്ങനെ ധ്യാനിക്കുന്നു. "നിന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്ക് നന്മകൊണ്ട് തൃപ്തി വരുത്തുന്നു". കഴുകനെപ്പോലെ ചിറകടിച്ചു ഉന്നത വിഹായസ്സുകൾ സ്വന്തമാക്കിയവരെല്ലാം തന്നെ ദൈവകൃപ വ്യാപരിച്ചവരാണ്. യഹോവ തന്റെ ഭക്തൻമാരുടെ ജീവനെ നാശത്തിൽ നിന്നും വീണ്ടെടുക്കുന്നു. യഹോവ ദയയും കരുണയും അവരെ അണിയിക്കുന്നു.

കഴുകൻ അതിന്റെ കുഞ്ഞുങ്ങളെ ചിറകുകളിൽ വഹിക്കുന്നതുപോലെ ദൈവം തന്റെ ദിവ്യമാർഗ്ഗ നിർദ്ദേശവും ദൈവിക പരിചരണവും തന്റെ ഭക്തന്മാർക്ക് നൽകുന്നു. ആർദ്രമായ കാരുണ്യത്തോടും അചഞ്ചലമായ വിശ്വസ്തതയോടും കൂടി തന്റെ മക്കളെ അവിടുന്ന് നയിക്കുന്നു. അതുകൊണ്ട് തന്നെ വിശ്വാസികളായ നാം ഓരോരുത്തരും ജീവിതത്തെ ദൈവത്തിന്റെ വഴികാട്ടുന്ന കൈകളിൽ ഏല്പിക്കുകയും ആത്മവിശ്വാസത്തോടെ ജീവിതത്തിലുണ്ടാകുന്ന എല്ലാ പ്രതിസന്ധികളേയും തട്ടിമാറ്റി മുന്നോട്ട് കുതിക്കുകയും ചെയ്യുന്നു. കാരണം നമ്മുടെ ജീവിതയാത്രയെ തികഞ്ഞ ജ്ഞാനത്തോടും സ്നേഹ നിർഭരമായ പരിചരണത്തോടും കൂടി നയിക്കുന്ന ഒരു ദൈവം നമുക്കുണ്ട്. അവിടുത്തെ കരങ്ങളിൽ നമ്മുടെ ജീവിതം സുരക്ഷിതമാണ്. കഴുകൻ തന്റെ കൂട് അനക്കി കുഞ്ഞുങ്ങൾക്ക് മീതെ പറക്കുന്നതുപോലെ കർത്താവ് തമ്പുരാൻ നമ്മുടെ ജീവിതം കാത്തു പരിപാലിക്കുന്നു.

ജീവിതത്തിലുണ്ടാകുന്ന എല്ലാ പ്രതിസന്ധികളിലും കഴുകനെപ്പോലെ ചിറകടിച്ചുയരുവാനുള്ള കൃപ നമ്മിൽ ഉളവാക്കുന്നത് അവിടുത്തെ അളവില്ലാത്ത കാരുണ്യം നിലയ്ക്കാതെ ചൊരിയപ്പെടുന്നതുകൊണ്ടു മാത്രമാണ്. നമ്മുടെ യുക്തിയും വികാരവിചാരങ്ങളും ദൈവത്തിലുള്ള വിശ്വാസത്തിനു പൂർണ്ണമായി അടിയറവയ്ക്കാതെ ജീവിതനൗകയുടെ ഗതി നിയന്ത്രിക്കുവാൻ നമുക്കൊരിക്കലും സാധിക്കുകയില്ല. തന്നെ സ്നേഹിക്കുന്നവർക്ക് തന്റെ ഉദ്ദിഷ്ട ലക്ഷ്യത്തിനുവേണ്ടി വിളിക്കപ്പെട്ടവർക്ക് തന്നെ സമസ്തവും നന്മയ്ക്കായി പരിണമിക്കുന്നതിനു ദൈവം അവരോട് ചേർന്ന് പ്രവർത്തിക്കുന്നു. മരണത്തിനോ, ജീവനോ, മാലാഖമാർക്കോ, ലോകത്തെ ഭരിക്കുന്നവർക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ശക്തികൾക്കോ, ഉയർച്ചയ്ക്കോ, താഴ്ചയ്ക്കോ സമസ്തസൃഷ്ടിയിലുമുള്ള മറ്റേതിനെങ്കിലുമോ ദൈവത്തിന്റെ സ്നേഹത്തിൽനിന്നും നമ്മെ വേർപെടുത്താൻ കഴിയില്ല എന്ന് സെന്റ് പോൾ പറഞ്ഞിട്ടുണ്ട്.

ജീവിതം പരാജയമാണെന്ന് എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയിൽ നിന്ന് വിജയം പിടിവിട്ട് അകന്നു പോകുന്നു. അതുകൊണ്ട് വിജയത്തെക്കുറിച്ച് മാത്രം സംസാരിക്കുകയും സ്വപ്നം കാണുകയും ചെയ്യുക. കഴുകൻമാരേപ്പോലെ ആകാശവിതാനങ്ങളെ പിടിച്ചടക്കി ഉന്നതങ്ങളിൽ പാറി നടക്കുന്നതിനുള്ള ശക്തി ആർജ്ജിക്കുക. മുന്നോട്ടുള്ള ജീവിതത്തിൽ എന്തു സംഭവിച്ചാലും ഒരിക്കലും കൈവിടാത്ത ദൈവമാണ് എന്റെ പരിപാലകൻ എന്നുള്ള സത്യം മുറുകെ പിടിക്കുക. ●

# ക്രിസ്ത്യാനിക്ക് ആഭരണം നിഷിദ്ധമോ?

ഉണ്ണി ഏബ്രഹാം, കൊറ്റുചാലിൽ, ഇരവിപേരൂർ

100 വർഷത്തിലധികം ചരിത്രമോ പാരമ്പര്യമോ ഇല്ലാത്ത ചില നൂതന പ്രസ്ഥാനങ്ങൾ, വിശ്വാസികൾ ആഭരണം ധരിക്കുന്നതിനെ എതിർക്കുകയും അവ സ്വർഗ്ഗരാജ്യ പ്രവേശനത്തിന് തടസ്സമാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ യേശുക്രിസ്തുവോ അപ്പോസ്തോലന്മാരോ അതിനെ വിലക്കിയതായി വി ബൈബിളിൽ കാണുന്നില്ല. ദൈവിക മഹത്വത്തിന് അലങ്കാരമായി ദൈവം ഏർപ്പെടുത്തിയതാണ് ഇതെല്ലാം. ദൈവിക നിഷ്കർഷയുള്ളിടത്ത് ഇവ ഉപയോഗിക്കുക തന്നെ വേണം. മനുഷ്യന് സൗന്ദര്യബോധം ഉദിച്ച കാലം മുതൽ അവർ ഇവയെല്ലാം ഉപയോഗിച്ചിരുന്നു. വി. ബൈബിളിൽ ഉടനീളം പൊന്ന്, വെള്ളി, പലവിധരത്നങ്ങൾ എന്നിവയെപ്പറ്റി എണ്ണമില്ലാത്ത വിവരണങ്ങൾ കാണുവാൻ കഴിയും. ശലോമോൻ നിർമ്മിച്ച യരുശലേം ദേവാലയത്തിലെ അലങ്കാരങ്ങളും പൂജാവസ്തുക്കളുമെല്ലാം പൊന്ന്, വെള്ളി, രത്നങ്ങൾ, ഇവകൊണ്ടുള്ളതായിരുന്നു (1.രാജ. 6:20–38). ദൈവിക കല്പനപ്രകാരം മോശ സമാഗമന കൂടാരം നിർമ്മിച്ചപ്പോൾ മുകളിൽ ഉദ്ധരിച്ചവയെല്ലാം ഉണ്ടായിരുന്നുവെന്ന് പുറ 36: 39 വരെയുള്ള അദ്ധ്യായങ്ങളിൽ കാണാവുന്നതാണ്. അവയെകൊണ്ട് വേണ്ട വിധത്തിൽ നിർമ്മിക്കാനുള്ള ജ്ഞാനവും ദൈവം ശില്പികൾക്ക് നൽകിയിരുന്നു (പുറ. 36:1). പൊന്ന് വിശ്വാസത്തിന് സദൃശ്യം (1.പത്രോ 1:7). യേശുക്രിസ്തുവിന്റെ ജനനസമയത്ത് വിദ്വാന്മാർ ശിശുവിന് സമർപ്പിച്ചത് പൊന്ന്, മൂർ, കുന്തിരിക്കം ഇവയായിരുന്നു. (മത്തായി. 2:10:12) പൊന്ന് ക്രിസ്തുവിന്റെ രാജത്വത്തെ കുറിക്കുന്നു (ലൂക്കോ. 1:32). മൂർ പ്രവാചകത്വത്തെക്കുറിക്കുന്നു (ആവ.18:5). കുന്തിരിക്കം പൗരോഹിത്യത്തെ സൂചിപ്പിക്കുന്നു (സങ്കി. 110:4) (എബ്ര. 5:6).

സൃഷ്ടികളുടെ ആരംഭത്തിൽ ദൈവം സൃഷ്ടിച്ച മാലാഖമാരെ (യെശ. 14:1214). താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേധകം, സൂര്യകാന്തം, നീലക്കല്ല്, മാണിക്യം, മരതകം, എന്നിവകൊണ്ട് അലങ്കരിച്ചിരുന്നു. നിന്നെ സൃഷ്ടിച്ചനാളിൽ നിന്നിലുള്ള തടങ്ങളുടെയും കൂടുകളുടെയും പണിപൊന്നുകൊണ്ടുള്ളതായിരുന്നു (യെഹ. 28:1315). ദൈവിക കല്പന പ്രകാരം അഹരോനെ മഹാപുരോഹിതനായി വാഴിച്ചപ്പോഴും ഇവയെല്ലാം ഉപയോഗിച്ചിരുന്നു (പുറ. 28:4–22). ഇസഹാക്കിന്റെയും റബേക്കായുടെയും വിവാഹം സ്വർണ്ണാഭരങ്ങളാൽ പൂർത്തീകരിച്ചിരുന്നു. (ഉല്പ.24:22). അബ്രഹാമിന്റെ ദാസൻ റബേക്കായ്ക്ക് അരശേഖൽ തൂക്കമുള്ള പൊൻമൂക്കുത്തിയും പത്തു ശേഖൽ



തൂക്കമുള്ള രണ്ട് പൊൻവളകളും കൊടുത്തു (ഉല്പ.24:53). യഹൂദായുടെ മുദ്രമോതിരത്താൽ താമാർവധശിക്ഷയിൽനിന്ന് രക്ഷ പ്രാപിക്കുന്നു (ഉല്പ.38:18–25). മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനോളം തന്നെ പഴക്കമുള്ള പരി. സുറിയാനി സഭയിലെ വിവാഹ കൂദാശയിൽ മോതിരം വാഴ്‌വിന്റെ ക്രമത്തിൽ 'രക്ഷകനെ വൈദീകർ തിരുനാമത്തിൽ നൽകീടും.

മോതിരഭൂഷകളെ സദയം– വാഴ്ത്തുക
തൃ-കൈയ്യാൽ...
മോതിരമതിനാൽ കൊലയീന്നും..താമാർ
രക്ഷിതയായ്.

രാജാവിന്റെ തലയിൽ തങ്കക്കിരീടം (സങ്കീ.21:3) തങ്കക്കിരീടം അണിഞ്ഞ് മാരിൽ പൊൻകച്ച മനുഷ്യപുത്രന് സദൃശ്യനായ ഒരുവനെ യോഹന്നാൻ ശ്ലീഹ ദർശനത്തിൽ കാണുന്നു (വെളി.4:4–13). മണവാളന്റെ വലത്തുഭാഗത്ത് ഓഫീർ തങ്കമണിഞ്ഞ രാജകുമാരി (സങ്കീ. 45:9). "നിൻവലഭാഗേ രാജഭാമനിയും." ഓഫീരിൽ പൊന്നിന് പോകുന്നതിന് യശാബാത്ത് തർഗീശ് കപ്പലുകൾ നിർമ്മിക്കുന്നു (1 രാജ. 22:48). "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട് ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ദൈവികസൃഷ്ടിയായതിനാൽ അവ മണിമന്ദിരങ്ങളാണ് (യോഹ.14:1–27). ഇതിനെ ആസ്പദമാക്കി നാം ഇപ്രകാരം പാടുന്നു.

"പൊൻവെള്ളിരക്തത്താൽ നിർമ്മിതമാം.
നല്ല രമ്യഹർമ്മങ്ങളും നിനക്കുണ്ട്.

ദൈവം മോശയെക്കൊണ്ട് രണ്ട് കെരുബുകളെ ഉണ്ടാക്കിച്ച സമാഗമന കൂടാരത്തിന്റെ നടുവിലുള്ള കൃപാസനത്തിൽ വെയ്പ്പിക്കുകയും ദൈവം അവയുടെ മദ്ധ്യത്തിൽനിന്നുകൊണ്ട് മോശയോട് സംസാരിക്കുകയും ചെയ്തു (പുറ.25:10–12). ഇസ്രയേൽജനം ദൈവത്ത മറന്ന് ജീവിച്ചപ്പോൾ യിരമ്യാ പ്രവാചകൻ മുഖാന്തിരം ദൈവം ചോദിക്കുന്നു ''ഒരു യുവതി തന്റെ ആഭരണങ്ങളോ മണവാട്ടി തന്റെ വിവാഹ വസ്ത്രമോ മറക്കുമോ? (യിരമ്യ 2:32). ജ്ഞാനിയായ ശലോമോൻ സർവ്വാഭരണഭൂഷിതയായ മണവാട്ടിയെ പ്രശംസിക്കുന്ന (ഉത്ത.1:10 –11). മിസ്രയിംരാജാവ് ജോസഫിനെ ആഭരണങ്ങൾ ധരിപ്പിക്കുന്നു (ഉല്പ.41:42). മോശ ദൈവിക കല്പന പ്രകാരം സമാഗമന കൂടാരം നിർമ്മിച്ചപ്പോൾ

പൊന്ന്, വെള്ളി, താമ്രം, ഇവയെല്ലാം ഉപയോഗിച്ചിരുന്നു (പുറ.27:17-19). ദൈവിക കല്പന പ്രകാരം യാത്ര തിരിക്കുന്ന യാക്കോബ് തങ്ങളുടെ ശുദ്ധീകരണത്തിന്റെ ഭാഗമായി തങ്ങളുടെ ആഭരണങ്ങളെ ശേഖേമിനരികെയുള്ള കരുവേലക വൃക്ഷത്തിന്റെ ചുവട്ടിൽ കുഴിച്ചിട്ടു (ഉല്പ. 35:5). ഇസ്രയേൽജനം അന്യ ദൈവങ്ങളുടെ വിഗ്രഹങ്ങളും അവരുടെ മുദ്ര കുത്തിയ ആഭരണങ്ങളും തങ്ങളുടെ വിഗ്രഹങ്ങളും മുദ്ര കുത്തിയ ആഭരണങ്ങളും തങ്ങളുടെ പക്കൽ സൂക്ഷിച്ചിരുന്നു (ഉല്പ.31:34). അവർ താൽക്കാലികമായി ഉപേക്ഷിച്ചുവെങ്കിലും പിന്നീട് അവർ ഉപയോഗിച്ചു. ഇന്നും ഉപയോഗിക്കുന്നു. അല്ലായിരുന്നുവെങ്കിൽ ഉല്പത്തി ഒഴികെ ബാക്കിയുള്ള 65 പുസ്തകങ്ങളിലും ഇതിനെപ്പറ്റി പരാമർശം ഉണ്ടാകുമായിരുന്നില്ല.

ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് ഇവയെല്ലാം നന്ദിപൂർവ്വം ഉപയോഗിക്കാം. എന്തെന്നാൽ അവയെല്ലാം ദൈവവചനത്താലും പ്രാർത്ഥനയാലും ശുദ്ധീകരിച്ചിരിക്കുന്നു (1 തീമോ 4:4-5). മോശ സീനായ്മലയിൽനിന്നും ഇറങ്ങിവരാൻ താമസിച്ചപ്പോൾ ഇസ്രയേൽ ജനം അഹരോനെക്കൊണ്ട് ആഭരണങ്ങളാൽ ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കിച്ച് അവയെ ആരാധിച്ചു (പുറ. 32:19-23). അപ്പോൾ അത് വിഗ്രഹമായി. കല്പനയുടെ ലംഘനമായി, പാപമായി (പുറ.24:4). യഹോവ കോപിച്ച്. മോശ ലേവ്യരെക്കൊണ്ട് 3000 സഹോദരന്മാരെ വെട്ടിക്കൊല്ലിച്ചു (പുറ. 32:27-29).

മിസ്രയിമിൽനിന്ന് പുറപ്പെടുന്നതിന് മുമ്പായി മിസ്രയിമ്യരോട് ആഭരണങ്ങൾ ചോദിച്ചു വാങ്ങി തങ്ങളുടെ മക്കളെ ധരിപ്പിക്കാൻ കല്പിച്ചതും ദൈവം തന്നെ (പുറ.11:27). അവയെ കൊടുക്കുവാൻ തക്കവണ്ണം മിസ്രയിമ്യരുടെ മനസ്സ് തിരിച്ചതും ദൈവം തന്നെ (പുറ.12:35-36). സന്മനസ്സുള്ളവരുടെ പക്കൽനിന്ന് പൊന്ന്, വെള്ളി മുതലായവ വഴി പാടായി വാങ്ങാൻ ഉപദേശിച്ചതും ദൈവം തന്നെ (പുറ.35:4). പൗലോസ്ശ്ലീഹ പറയുന്നതുപോലെ വാടാത്ത ജീവകിരീടം നല്ല പോർ പൊരുതി ഓട്ടം തികച്ച് വിശ്വാസം കാക്കുന്നവർക്കുള്ളതാണിത് (2.തീമോ. 4:7-8, 1.പത്രോ. 5:47) യോഹന്നാൻശ്ലീഹ തന്റെ ദർശനത്തിൽ പൊന്ന്, വെള്ളി നാനാവിധ രത്നങ്ങളാൽ അലങ്കരിച്ച് വിശുദ്ധ നഗരം എന്ന സ്വർഗ്ഗീയ യറുശലേം സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വരുന്നതായി കാണുന്നു അവളുടെ ശോഭയാൽ സൂര്യ ചന്ദ്രന്മാരില്ലാതെ സദാ സമയവും അവ പ്രകാശപൂരിതമായിരിക്കുന്നതായി കാണുന്നു. വെളി. 21:10-23). ദൈവിക കൂട്ടായ്മയിൽനിന്ന് അകന്നുപോയ മനുഷ്യന്റെ മടങ്ങി വരവ് മുടിയനായ പുത്രന്റെ ഉപമയിലൂടെ പിതാവ് തന്റെ പുത്രന്റെ തിരിച്ചു വരവിൽ സന്തോഷാധിക്യത്താൽ അവനെ പുതു വസ്ത്രങ്ങളും ആഭരണങ്ങളും ധരിപ്പിച്ച് വിരുന്നൊരുക്കി മറ്റുള്ളവരുമായി സന്തോഷം പങ്കുവയ്ക്കുന്നതായി കാണിച്ചിരിക്കുന്നു. (ലൂക്കോ. 5:11-24). സ്വർണ്ണ ധൂപക്കുറ്റിയും സ്വർണ്ണ യാഗപീഠവും (വെളി.8:3).

ദുശാഠ്യംമൂലം/സഭ വിട്ടുപോയവർ/വസ്ത്രം മാറുന്നതുപോലെ വിശ്വാസം മാറ്റുന്നവർ ആഭരണം ധരിക്കാതിരിക്കുകയും അവ ധരിക്കുന്നവരെ അപകീർത്തിപ്പെടുത്തുന്നത് ബൈബിളിന്റെ അടിസ്ഥാനത്തിൽ ന്യായീകരിക്കാനാകുമോ? രക്ഷ ക്രിസ്തു മൂലമാണ് ആഭരണം ഉപേക്ഷിച്ചതുകൊണ്ടല്ല (അപ്പൊ. 15:28). 'ബേത്‌ലഹേം' എന്ന പദത്തിന് അപ്പത്തിന്റെ ഭവനമെന്നർത്ഥം. അവിടെനിന്ന് ശപിക്കപ്പെട്ട മോബിലേക്ക്പോയ (ആവ.23:3) മഹലോൻ, നവോമി 2 മക്കൾ എന്നിവരുടെ ചരിത്രം നാം രൂത്തിന്റെ പുസ്തകത്തിൽ കാണാം. പരിണാമം എത്ര ശോചനീയമായിരുന്നു (രൂത്ത് 1:1-6). യേശു ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കാനായി സാത്താൻ അവരുടെ മനസ്സുകളെ കുരുടാക്കിയിരിക്കുന്നു (2.കൊരി.4:4). ●

# ക്നാനായ സുവിശേഷ സംഗമം



*ക്നാനായ സുവിശേഷ സംഗമം സമുദായ വലിയമെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഉതുപ്പാൻ മൂഴിപ്പാറ, വി. സി. തോമസ് വെട്ടിമൂട്ടിൽ, സണ്ണി ഇളമ്പുരയിടത്ത്, റ്റി. സി. ജേക്കബ് തോപ്പിൽ, സുവിശേഷസമാജം ജോ. സെക്രട്ടറി തങ്കച്ചൻ ഇടയാടിച്ചിറ, ജനറൽ സെക്രട്ടറി ജിജി ഏബ്രഹാം കറുകേലിൽ, വൈസ് പ്രസിഡന്റ് ഫാ. ബെന്നി ഏബ്രഹാം മാമലശ്ശേരിൽ, ക്നാനായ കോൺഗ്രസ് പ്രസിഡന്റ് മാത്യു ഉതുപ്പാൻ ചെറുകരേത്ത്, സമുദായ ട്രസ്റ്റി ടി. സി. തോമസ് തോപ്പിൽ, ഭദ്രാസന സെക്രട്ടറി ഫാ. നോബിൻ തോമസ് ഇളകുറ്റൂർ എന്നിവർ സമീപം.*

## 25–ാം വിവാഹവാർഷികം
01–05–2025



**മനോജ് ജേക്കബ് & സിനിജാ മനോജ്**
പുലുത്തുരുത്തിൽ, ചിങ്ങവനം

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം എന്നെ നടത്തി

Best Wishes From
Jacob, Leyona & Thomas

Advt - O

## *25th Wedding Anniversary*
21–05–2025



**BINU THOMAS & SHALU ANILA BINU**
Maduckamoottil, Pooventhuruth

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം എന്നെ നടത്തി

Advt - O

## *55th Wedding Anniversary*
*17 - 05 - 2025*



**E.K. Thomas (Joy) & Annamma Thomas (Susy)**
Marangattu Elluparambil Vakathanam

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം എന്നെ നടത്തി

*മക്കൾ*–Jilu Thomas, Giju Thomas
*മരുമക്കൾ*–Biju, Ancy
*കൊച്ചുമക്കൾ*–Angel, Ainjo, Anjuna, Gianna

Advt - O


50th Wedding Anniversary
18 - 05 - 2025
Jacob Abraham & Leelamma Mathew
Melethu Peruthara, Trivandrum
Ashamsakal: Makkal & Kochumakkal
Advt - O


PROJECT BY
KNANAYA WEDDINGS.COM
ക്നാനായ
വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com


60th Wedding Anniversary
02 - 05 - 2025
KARINGATTIL OONNITTAN CHACKO & MARIAMMA CHACKO
BEST REGARDS & PRAYERS - PRADEEP KARINGATTIL CHACKO, SHINY KARINGATTIL PRADEEP,
SANI KARINGATTIL PRADEEP, SAIN KARINGATTIL PRADEEP
Advt - O


40th Wedding Anniversary
26 - 05 - 1985
Mr. Jacob Maliyil Chacko
&
Mrs. Mollykutty Jacob
Kochumaliyil, Mannar
(Dallas, Texas)
For the Lord is good, and his faithful love endures
forever; his faithfulness continues
through all generations"
Psalm 100:5
Happy Anniversary
Chachen & Amma
Priya & Aju Thumbunkal
Tom & Maria Kochumaliyil
Grandkids: Luke Ahaana & Jake
Advt - O



ക്നായിതൊമ്മൻ ദുഖ്റോനോ കൊടുങ്ങല്ലൂർ പൈതൃക സ്മാരകത്തിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാദർ ജോബി പാറയ്ക്കൽ ചരുവിൽ. ജോണി കുരുവിള പറിയ്ക്കമാലിൽ, ഫിലിക്സ് മച്ചാനിക്കൽ, ജോർജ് കദളിക്കാട്ട്, റ്റി.സി. തോമസ് തോപ്പിൽ, അഡ്വ. സന്തിപ് താമരപ്പള്ളിൽ, വില്ലി വടാമറ്റം, റ്റിജു തോട്ടുപുറം, ജോബി കാരിക്കോട്ട്, ലിനു വരാത്രാ, സജി താന്നിക്കൽ, രാജു വള്ളപ്പുരയ്ക്കൽ, സാബു കണ്ണാടിപ്പുഴ, തോമസ്കുട്ടി തേവരുമുറിയിൽ, മഞ്ജു ഏബ്രഹാം എന്നിവർ സമീപം.




കോട്ടയം വലിയപള്ളിയുടെ 475-ാമത് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഏപ്രിൽ 12 ശനിയാഴ്ച 8.00 എ.എം. ന് വി. കുർബാനയ്ക്ക് ശേഷം പരിശുദ്ധ അമ്മയുടെ നടയിൽ സ്നേഹകൂട്ടായ്മ (വാർദ്ധക്യത്താലും ശാരീരിക ക്ഷീണത്താലും ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കായി വികുർബാനയും', സ്നേഹ സംഗമവും) നടത്തപ്പെട്ടു. തുടർന്ന് കോട്ടയം വലിയ പള്ളി, പുല്ലരിക്കുന്ന് കുരിശുപള്ളി ക്നാനായ കോൺഗ്രസ്സ് യൂണിറ്റുകളുടെ സംയുക്ത ഉത്ഘാടനം സമുദായ വലിയ മെത്രാപോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു.



നവീകരിച്ച തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ ദേവാലയത്തിന്റെ കൂദാശയെ തുടർന്നുള്ള പൊതുസമ്മേളനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയാസ് ഉദ്ഘാടനം ചെയ്യുന്നു. നിർമ്മാണ കമ്മിറ്റി കൺവീനർ തോമസ് എബ്രഹാം കളിക്കൽ, സെക്രട്ടറി പി.ടി. എബ്രഹാം പുത്തൻതറപ്പാട്ട്, സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, ഫാ. സി.എ. തോമസ് ചിറത്തലയ്ക്കൽ, ഫാ. വി.എ. ഏബ്രഹാം ഇളേശ്ശേരിൽ, ഫാ. റ്റിജു വാലുപറമ്പിൽ, ഫാ. ഷാജൻ കുര്യൻ വലിയവീട്ടിൽ പടിക്കൽ, വികാരി ഫാ. ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ, ട്രസ്റ്റി ജിജോ കെ. മാത്യു കളത്രയിൽ എന്നിവർ സമീപം.

# ലഹരി: അപഹാസ്യമാകുന്ന പോരാട്ടം



സുനിൽ ഡി. കുരുവിള

അവസാനം ലഹരി കേരളത്തിലെ ഒരു വലിയ വിപത്താണെന്നും നമ്മുടെ യുവത അതിന്റെ അടിമത്വത്തിലേക്കു നീങ്ങുകയാണെന്നും അത് കുഞ്ഞുങ്ങളേയും ബാധിച്ചു കഴിഞ്ഞു എന്നും അതിനു ലിംഗഭേദമില്ലെന്നും ഒക്കെ സർക്കാർ തിരിച്ചറിഞ്ഞിരിക്കുന്നു. വളരെ നല്ല കാര്യം. വൈകി എങ്കിലും ഒന്ന് സമ്മതിച്ചല്ലോ.

പതിനഞ്ചു കൊല്ലം മുമ്പ് ഒരു 'പാരസെറ്റാമോൾ' ചികിത്സകൊണ്ട് ഭേദമാക്കാമായിരുന്ന ഒരു വിപത്ത് ഇന്ന് 'കീമോതെറാപ്പി'കൊണ്ടുപോലും ചികിത്സിക്കാൻ കഴിയാത്ത ക്യാൻസറായി വളർന്നു കഴിഞ്ഞു.

ഇന്ന് ഈ വിഷയം ഫ്ളാഷ് മോബ് കളിച്ചും, മനുഷ്യച്ചങ്ങല പിടിച്ചും പാത്രം കൊട്ടിയും, വിളക്ക് തെളിച്ചും, ഒക്കെ പരിഹരിക്കാം എന്നുള്ള ലാഘവ ചിന്ത വെറും അന്ധവിശ്വാസം മാത്രമാണ്.



കഴിഞ്ഞ രണ്ടു ദശാബ്ദമായി ഇവിടെ ലഹരി ബിസിനസ് നടത്തി കോടികൾ സമ്പാദിച്ചത് മാടക്കടക്കാരും പെട്ടിക്കട നടത്തിപ്പുകാരും ഒന്നുമല്ല. അതിന്റെ പുറകിൽ അന്താരാഷ്ട്ര ബിസിനസ്സുകാരും രാഷ്ട്രീയനേതാക്കളും കള്ളക്കടത്തുകാരും ഒക്കെയുണ്ട്. അവർക്ക് പോലീസിലും മറ്റു സർക്കാർ ഏജൻസികളിലും ഒക്കെ വലിയ പിടിപാടുണ്ട്. വലിയ ക്രിമിനൽ സംഘത്തെയൊക്കെ അതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഒക്കെ ഇതിനെതിരെ ശബ്ദിച്ചവരെയൊക്കെ അവർ അടിച്ചമർത്തുകയോ ഇല്ലായ്മ ചെയ്യുകയോ വിലയ്ക്കെടുക്കുകയോ ചെയ്തിട്ടുണ്ട്. കേസുകൾ പലതും 'ആവിയായി' പോയിട്ടുണ്ട്. പല രാഷ്ട്രീയ നേതാക്കളും ഇരുട്ടി വെളുത്തപ്പോൾ കോടീശ്വരന്മാരായിട്ടുണ്ട്. പല പാർട്ടികളും പാർട്ടി ഫണ്ടായി ഇതിന്റെ പങ്കു പറ്റിയിട്ടുണ്ട്. ചില 'ദൈവങ്ങളും' ഇതിന്റെ കച്ചവട കേന്ദ്രങ്ങൾ ആണ്.

ഇപ്പോൾ പിന്നെ എന്തുപറ്റി പെട്ടെന്ന് ലഹരിക്കെതിരെ പോരാട്ടം പ്രഖ്യാപിക്കാൻ? കാര്യങ്ങൾ കൈവിട്ടു തുടങ്ങി. Law & order വലിയ വെല്ലുവിളിയാകുന്നു. വലിയവന്റെ ഒക്കെ മക്കൾ ഇതിന്റെ ഇരകളായി തീർന്നു. പോലീസ് ആക്രമിക്കപ്പെടാൻ തുടങ്ങി. അവരെ ഉപയോഗിച്ചുകൊണ്ടിരുന്ന നേതാക്കന്മാർക്ക് നേരെപോലും അവർ 'വടിവാളും' 'തോക്കും' ഒക്കെ ഉയർത്തിക്കഴിഞ്ഞു. അപകടങ്ങൾ വർദ്ധിക്കുന്നു. അക്രമങ്ങൾ വർദ്ധിക്കുന്നു. കൊലപാതകങ്ങൾ വർദ്ധിക്കുന്നു. സ്ത്രീ സുരക്ഷ വലിയ ഭീഷണി നേരിടുന്നു. കുട്ടികൾ വലിയ സുരക്ഷാ പ്രശ്നം നേരിടുന്നു. സമൂഹത്തിന്റെ മാനസിക ആരോഗ്യം തകരുന്നു. സർക്കാരിന് തന്നെ ഇതൊരു വലിയ ഭീഷണിയായിരിക്കുന്നു.

ഇത്രയൊക്കെ ആയിട്ടും ഒന്നും പഠിച്ച ലക്ഷണം കാണിക്കുന്നില്ല. ഇത്രമേൽ ആഴത്തിലുള്ള വിഷയം കൈകാര്യം ചെയ്യുന്ന രീതി തികച്ചും ബാലിശമാണ്. ലക്ഷണങ്ങളെയല്ല കാരണങ്ങളെയാണ് ചികിത്സിക്കേണ്ടത്. വലിയ വിഷയങ്ങളെ വലിയ പഠനത്തോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. അവിടെയാണ് നേതൃത്വം ഉയർന്നു നിൽക്കേണ്ടത് വലിയ വിഷയങ്ങളെ നേരിടുമ്പോൾ വസ്തുതകൾ നന്നായി മനസ്സിലാക്കി വ്യക്തമായ ആസൂത്രണത്തോടെ നീങ്ങണം. അങ്ങനെയെങ്കിൽ ഈ രംഗത്ത് പ്രവർത്തന പരിചയമുള്ള പ്രമുഖരായ ഡോക്ടേഴ്സ്, മന:ശാസ്ത്രജ്ഞർ, മാനസിക ആരോഗ്യ വിദഗ്ദ്ധർ, അദ്ധ്യാപകർ, സാമൂഹിക പ്രവർത്തകർ, പോലീസ് എന്നിവരുമായി വലിയ ആശയവിനിമയവും ചർച്ചയും ഉണ്ടാകേണ്ടതുണ്ട്.

ഇനി ഇത്രമേൽ സംഘടിച്ചു നിൽക്കുന്ന അന്താരാഷ്ട്ര ബന്ധങ്ങൾ ഉള്ള ഒരു വിപത്തിനെ നിലവിലെ 'ഓട്ടവീണ' പോലീസിനെക്കൊണ്ടും യാതൊരു Integrity യുമില്ലാത്ത സർക്കാർ സംവിധാനങ്ങൾ കൊണ്ടും നേരിടാം എന്നൊക്കെ വ്യാമോഹിക്കുന്നത് അതിലും വലിയ തമാശയല്ലേ?

പൂർണ്ണ അധികാരമുള്ള ഒരു രാഷ്ട്രീയേതര സംവിധാനമാണ് ഇതിനെ നേരിടാൻ നമുക്കാവശ്യം. ഒരു special task force തന്നെ ഇതിനായി രൂപപ്പെടുത്തേണ്ടതായി വരും. മികച്ച ഒരു officer (retired ആയാലും കുഴപ്പമില്ല) ഈ പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കണം!

അദ്ധ്യാപകരെ ശക്തീകരിക്കുകയും അവർക്കു വലിയ സപ്പോർട്ട് നൽകുകയും വേണം. മാതാപിതാക്കളെ ബോധ

വത്ക്കരിക്കാനുള്ള മികച്ച പദ്ധതികൾ വേണം. ഓരോ കുടുംബവും കൂടുതൽ ബലപ്പെടണം, ബന്ധങ്ങൾ കുറേക്കൂടി ദൃഢമാകണം. ശക്തമായ പരിശീലനങ്ങൾ ഈ കാര്യത്തിൽ ഉണ്ടായേ തീരൂ.

Participatory social policing - സമൂഹത്തിന്റെ വലിയ സഹകരണത്തോടെ ഇതിനെതിരെയുള്ള ജാഗ്രതാസമിതികൾ രൂപപ്പെടണം. അന്യസംസ്ഥാന തൊഴിലാളികളെ കൃത്യമായി മോണിറ്റർ ചെയ്യാൻ കഴിയണം. പോലീസിലെ ക്രിമിനലുകളെയും കൈക്കൂലിക്കാരേയും അർപ്പണബോധമില്ലാത്തവരെയും 'അനക്കാതെ' വെച്ചുകൊണ്ടു ഇതിനെതിരെ ഒരു പോരാട്ടം അസാധ്യമാണ്. പോലീസിന്റെ integrity - ഉയർത്താനും അവരുടെ അഭിമാനവും പ്രൊഫഷണലിസവും ഉയർത്തി നിർത്താനും വലിയ ശ്രമങ്ങൾ വേണം. മികച്ച പരിശീലനം അനിവാര്യം. ഈ കാര്യത്തിൽ മാതൃകയുള്ള രാജ്യങ്ങളുടെ best practices ഒക്കെ നമുക്കും നല്ലതെങ്കിൽ സ്വീകരിക്കാം! ലഹരിയുമായി ബന്ധപ്പെട്ട കേസുകൾ രാജ്യദ്രോഹകുറ്റമായി തന്നെ കാണണം. എങ്കിൽ വലിയ മാറ്റങ്ങൾ ഉണ്ടാകും. പിടിക്കപ്പെടുന്ന ചെറുപ്പക്കാരെ ആദ്യമേ ക്രിമിനൽ ആക്കാനും മുദ്ര കുത്താനും ശ്രമിക്കാതിരിക്കാം! മാധ്യമങ്ങൾക്കൊക്കെ ഒരു protocol ഈ കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.

മികച്ച rehabilitation കേന്ദ്രങ്ങളും ആധുനിക ചികിത്സാരീതികളും ഇതിൽ വീണുപോയവരെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ അനിവാര്യമാണ്. ഈ രംഗത്ത് ഏറ്റവും വേണ്ടത് സാമൂഹിക സേവന സന്നദ്ധതയാണ്. വിദ്യാർത്ഥികളെയും തൊഴിൽരഹിതരായ ചെറുപ്പക്കാരെയും ഒക്കെ ഉൾപ്പെടുത്തി ഒരു volunteer force വലിയ പ്രതീക്ഷ നൽകും. അതിൽ പ്രവർത്തിക്കുന്നവർക്ക് വലിയ അംഗീകാരവും academic credits ഉം മറ്റും നൽകി അതിന്റെ അഭിമാനം ഉയർത്തി നിർത്താം! സന്നദ്ധ സംഘടനകളുടെയെല്ലാം സഹകരണം ഈ കാര്യത്തിൽ തേടാവുന്നതാണ്.

കുട്ടികളെയും യുവതയെയും കേന്ദ്രീകരിച്ചു വലിയ തുടർപ്രവർത്തനങ്ങൾ ആരംഭിക്കണം. സന്തോഷമുള്ള ബാല്യവും കൗമാരവും നമ്മുടെ സമൂഹത്തിൽ ഉറപ്പാക്കാം. സന്തോഷം എന്നത് ഒരു ഉയർന്ന mental state ആണ്. സന്തോഷമുള്ള കുട്ടികൾ പൊതുവെ തെറ്റിൽ വീണുപോകാൻ സാധ്യത കുറവാണ്. ആരോഗ്യപരമായ ഒരു ഭവന അന്തരീക്ഷം parenting ഒക്കെ ഇതിൽ വലിയ പങ്കുവഹിക്കുന്നു. സ്കൂൾ അന്തരീക്ഷവും inspiring ആകണം. അവരെ കേൾക്കാനും മനസ്സിലാക്കാനും പ്രോത്സാഹിപ്പിക്കാനും അംഗീകരിക്കാനും ഒക്കെ കഴിയുന്ന ഒരു ലോകം അവർക്കു ചുറ്റും രൂപപ്പെടട്ടെ.

അവരുടെ വ്യക്തിത്വ വികസനത്തിന് ഊന്നൽ നൽകാം. മികച്ച മെന്റൽ ഹെൽത്ത്, വൈകാരിക ബുദ്ധിശക്തി, ഉയർന്ന സ്വഭാവ മൂല്യങ്ങൾ ഒക്കെയുള്ള കുട്ടികൾ പൊതുവെ സാമൂഹിക തെറ്റുകളെ, വീഴ്ചകളെ പ്രതിരോധിക്കാൻ കൂടുതൽ കഴിവുള്ളവരാണ്.

സൗഹൃദങ്ങളും നല്ല വ്യക്തി ബന്ധങ്ങളും കലയും കളിയും സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളും ഒക്കെ യുവതയിൽ കൂടുമ്പോൾ ജീവിതത്തിൽ ഉയർന്നു നിൽക്കാനുള്ള കരുത്തും കൂടും. ഇത്തരത്തിലൊക്കെ അവസരം കിട്ടാത്ത ശ്രദ്ധിക്കപ്പെടാത്ത കുട്ടികളാണ് പലപ്പോഴും 'ചന്തയിൽ' വീണു പോകുന്നത്. നല്ല കൗൺസിലിംഗ് ഗൈഡൻസ് പ്രവർത്തനങ്ങൾ ഒക്കെ അവരുടെ ജീവിതത്തെ ഉയർത്തി നിർത്താൻ വളരെ അനിവാര്യമാണ്. അവരുടെ വിഷയങ്ങളോട് ഒരു സമൂഹം ചേർന്ന് നിൽക്കുമ്പോൾ അവരും സമൂഹത്തിന്റെ പുരോഗതിക്കു പരിശ്രമിക്കുന്നവരാകും! നല്ല കാഴ്ചപ്പാടും ദർശനവും അവർക്കു നൽകാം. ഉയർന്ന ലക്ഷ്യങ്ങൾ ഉള്ള ചെറുപ്പക്കാർ തെറ്റിൽ വീണു പോകുന്നില്ല. അവർ സമൂഹത്തിൽ different ആയി നിലകൊള്ളും. ഇവിടെയാണ് സമൂഹത്തിലെ അധ്യാപകരും മറ്റും ചിന്തിക്കേണ്ടത്. ഇന്നത്തെ കുട്ടികളെ സ്വാധീനിക്കാനും motivate ചെയ്യാനും നമ്മുടെ പ്രവൃത്തികൊണ്ടും ജീവിതം കൊണ്ടും സാധിക്കുന്നുണ്ടോ? പുരോഹിതന്മാർക്ക് സ്വന്തം ജീവിതംകൊണ്ട് അവർക്കു ദൈവത്തെ കാണിച്ചുകൊടുക്കാൻ കഴിയുന്നുണ്ടോ? അവരുടെ ജീവിതത്തിന്റെ purpose എന്താണ് എന്ന് അവർക്ക് അല്ല, അവർക്കു കണ്ടു മനസ്സിലാക്കിക്കൊടുക്കുവാൻ നമ്മുടെ പ്രവർത്തനം കൊണ്ട് കഴിയുന്നുണ്ടോ?

റാലിയും റാസയും പെരുന്നാളും കൂദാശയും ഒന്നും പര്യാപ്തമല്ല ഇന്നത്തെ കുട്ടികളുടെ വെല്ലുവിളികൾ പരിഹരിക്കാൻ. അതിനു അവർക്കു നല്ല ജീവിതം കാട്ടിക്കൊടുക്കാൻ കഴിയണം. അതിനു നമ്മൾ ഓരോരുത്തരും നല്ല മാതൃകകളായി മാറേണ്ടതുണ്ട്. 'ഉപദേശങ്ങൾ' അല്ല അവർക്ക് കണ്ടു മനസ്സിലാക്കാൻ കഴിയുന്ന ' ഉദാഹരണങ്ങൾ ആകാൻ നമുക്കോരോരുത്തർക്കും പരിശ്രമിക്കാം!

കുട്ടികൾക്ക് കലാകായിക സാംസ്കാരിക സൗഹൃദ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യമുള്ള വിദ്യാഭ്യാസം രൂപപ്പെടേണ്ടതുണ്ട്. ക്ലാസ്സുമുറിയിലെ പഠനം, പരീക്ഷ, മാർക്ക്, ഗ്രേഡ്.. ഈ 'തളച്ചിടൽ' അവരെ ബോർ അടിക്കുന്നവരും 'ലഹരി' അന്വേഷിക്കുന്നവരും ആക്കിയേക്കാം. അമിതമായ ട്യൂഷൻ, കോച്ചിംഗ്ഒക്കെ വിപരീത ഫലം ചെയ്തേക്കാം!

മാനസിക പ്രശ്നങ്ങൾ, പഠന വൈകല്യം ഒക്കെ കുട്ടികളിൽ കണ്ടാൽ ചെറിയ പ്രായത്തിൽ തന്നെ professional സഹായം എടുക്കാൻ മടിക്കരുത്. കുട്ടികളുടെ നൈപുണ്യങ്ങൾ വളർത്താനും ചെറിയപ്രായത്തിലെ ശ്രമിക്കാം. അവരുടെ അഭിരുചികളെ പ്രോത്സാഹിപ്പിക്കാം. അവർ മിടുക്കരാണ്. നല്ലവരാണ് എന്ന് കൂടെക്കൂടെ കേട്ട് വളരട്ടെ. തെറ്റുകൾ കണ്ടാൽ തിരുത്താം. അനാവശ്യവാശികൾ സാധിച്ചു കൊടുക്കാതിരിക്കാം. ഇതൊക്കെ അവരുടെ ജീവിത ഗുണമേന്മ ഉയർത്തും.. തെറ്റിപ്പോകാനുള്ള സാദ്ധ്യതകൾ കുറയ്ക്കും.

കൂടുതൽ diversified ആകട്ടെ അവരുടെ ജീവിതം. സമൃദ്ധമായ ജീവിതം വരും തലമുറയും ആഘോഷിക്കട്ടെ.

**സുനിൽ ഡി കുരുവിള**

കരിയർ കൗൺസിലറും മാനവശേഷി വികസന പരിശീലകനുമാണ്. ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ.26 വർഷങ്ങൾകൊണ്ട് 4200 അതികം പരിശീലന പ്രോഗ്രാമുകൾ നയിച്ചു.

Cell: 9656144712/ 98474000712

YouTub:Sunil Kuruvilla

E mail.sunil-kuruvilla@rediffmail.com)

# ന്യായാധിപതി

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

പഴമക്കാർ പറയും "സമ്പത്ത് കാലത്ത് തൈ പത്തു വച്ചാൽ ആപത്തുകാലത്ത് കായ് പത്ത് തിന്നാം". എന്നുവച്ചാൽ സമൃദ്ധിയിൽ കഴിയുന്ന കാലത്ത് കരുതിയാൽ ഇല്ലായ്മയുടെ കാലത്ത് അതുകൊണ്ട് ജീവിക്കാമെന്ന്. ഇത് ഭൗതികമാണ്. ആത്മീയമായി നോക്കുമ്പോൾ "അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും. അവൻ എന്നെ വിളിക്കും. ഞാൻ അവനോടു ഉത്തരം പറയും. ആപത്തു കാലത്ത് ഞാൻ അവനോടുകൂടെയിരുന്നു അവനെ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും (സങ്കീ.91:14-15)" പാതിരാത്രിയിൽ നമ്മളെ ആരെങ്കിലും വന്നു വിളിച്ചാൽ നല്ലതുപോലെ പരിചയമുള്ള ശബ്ദമാണങ്കിലേ നമ്മൾ വിളി കേൾക്കുകയും കതകു തുറന്ന് ഇറങ്ങിച്ചെല്ലുകയും ചെയ്യുകയുള്ളല്ലോ. യാതൊരു പരിചയവുമില്ലാത്ത ഒരു അജ്ഞാതൻ വന്നു വിളിച്ചാൽ നമ്മളിറങ്ങിച്ചെല്ലുമോ എന്നു പറഞ്ഞതുപോലെ കർത്താവും നമ്മുടെ ദുഃഖത്തിൽ ഇറങ്ങിവരണമെങ്കിൽ നേരത്തേ ആകുന്ന സമയത്ത് നല്ല പരിചയം വേണം ആവശ്യം ഉള്ളപ്പോൾ എടുക്കാൻ ബാങ്കിൽ പൈസായിടുന്നതുപോലെ നമ്മുടെ നല്ല സമയത്ത് ദൈവം ചെയ്യുന്ന ഉപകാരങ്ങൾക്ക് നന്ദി പറയണം. അതു നമ്മുടെ സമൃദ്ധിയുടെ കാലത്ത് കൃപയുടെ ബാങ്കിൽ ഇടുന്ന അക്കൗണ്ടാണ്. കഷ്ടകാല സമയം വരുമ്പോൾ ദൈവമേ എന്ന് സങ്കടത്തോടെ വിളിക്കുമ്പോൾ അന്നിട്ട അക്കൗണ്ട് ഫലം ചെയ്യും. സന്തോഷത്തോടെ വിളിക്കുന്ന ദൈവമേ വിളിയും സങ്കടത്തോടെ വിളിക്കുന്ന ദൈവമേ വിളിയും തമ്മിൽ ഒത്തിരി വ്യത്യാസമുണ്ട്. സന്തോഷത്തോടെ സമൃദ്ധിയുടെ കാലത്ത് വിളിച്ചത് കൃപയുടെ ബാങ്കിൽ ഇടാനാണെങ്കിൽ കഷ്ടകാലസമയത്ത് സങ്കടത്തോടെ വിളിക്കുന്നത് ഇട്ടതിൽനിന്ന് എടുക്കാനാണ്. ഇട്ടെങ്കിലല്ലേ എടുക്കാൻ പറ്റു. അതാണ് സങ്കീർത്തനം പറയുന്നത് അവൻ എന്റെ നാമത്തെ ക്കുറിച്ച് അറിഞ്ഞിരുന്നതുകൊണ്ട് കഷ്ടകാലത്ത് വിളിക്കുമ്പോൾ ഞാനവനെ വിടുവിച്ചു മഹത്വപ്പെടുത്തണമെന്ന്. മുൻകാലങ്ങളിലും പണ്ടത്തെ തലമുറകളിലും നമ്മുടെ പിതാക്കന്മാർക്കു സഹായികളായി നീതിമാന്മാരും പുണ്യവാന്മാരായ ദീർഘദർശിമാരും ഉണ്ടായിരുന്നു. നാം പാപം ചെയ്തുകൊണ്ടിരുന്നപ്പോൾ നമുക്കുവേണ്ടി അവർ സൃഷ്ടാവിനോടു പ്രാർത്ഥിച്ച് നമ്മെ സഹായിച്ചുകൊണ്ടിരുന്നു. ബലവാനായ തമ്പുരാൻ അവരുടെ പ്രാർത്ഥനകേട്ട് നമുക്കു പാപപരിഹാരം തരികയും ചെയ്തിരുന്നു. ഇപ്പോഴാകട്ടെ അവരൊക്കെ നിദ്ര പ്രാപിച്ചിരിക്കുന്നു. ഇപ്പോൾ നമുക്ക് ബലവാനായ ദൈവംതമ്പുരാനും അവന്റെ ന്യായപ്രമാണവുമല്ലാതെ ഒന്നുമില്ല (1 ബുറക്ക്:43) യിസ്രയേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല ഉറങ്ങുന്നുമില്ല. ഒരു പാറാവുകാരനെപ്പോലെ നമുക്ക് കാവൽ നിൽക്കുന്നു. നമ്മുടെ ചെയ്തികളെല്ലാം ക്യാമറയിൽ പിടിച്ചുകൊണ്ടിരിയ്ക്കയാണ്. എല്ലാം ക്യാമറയിൽ പതിയുന്നതുകൊണ്ട് ഞാൻ കണ്ടില്ല കേട്ടില്ല അറിഞ്ഞില്ലാന്നു പറയുവാൻ ഒക്കത്തില്ലല്ലോ. നീ വലിയ ഹോട്ടലിൽ കയറി നല്ല ഭക്ഷണമൊക്കെ കഴിച്ച് ഇറങ്ങി വരുമ്പം ഹോട്ടലിന്റെ വാതുക്കൽ വിശന്ന് ഒട്ടിയവയറുമായി നിന്നവനെ നീ കണ്ടില്ലാന്നു നടിച്ചു. നീ വിലപിടിപ്പുള്ള നല്ല വസ്ത്രങ്ങളൊക്കെ മാറി മാറി ധരിച്ച് നടക്കുമ്പോൾ നരച്ചു മങ്ങിയ ഡ്രസ്സുമിട്ടു നടക്കുന്നവനെ കണ്ടു മാറി നടന്നു. നീ വില കൂടിയ കാറിൽ കയറി ലോകം ചുറ്റി നടക്കുമ്പോൾ ആരോഗ്യമില്ലാതെ വടിയും കുത്തി നടക്കുന്നവനെ കാറിൽ കയറ്റുവാൻ മനസ്സു കാണിച്ചില്ല. നീ നല്ല ആരോഗ്യമായി നടന്ന് എല്ലാറ്റിനും മുമ്പിൽ കയറി നില്ക്കുവാൻ ശ്രമിക്കുമ്പോൾ ആരോഗ്യമില്ലാത്തവൻ ഒന്നും കിട്ടാനില്ലാതെ നിലത്തു വീണപ്പോൾ നീ കണ്ടില്ല. അവനെ ഒന്നു പിടിച്ചു എണീപ്പിക്കാൻ ശ്രമിച്ചില്ല. എല്ലാം വീഡിയോ ക്യാമറയിൽ പതിഞ്ഞു. കമ്പ്യൂട്ടർ സിസ്റ്റം ആയതുകൊണ്ട് വെട്ടിത്തിരുത്ത് ഒന്നും നടക്കത്തില്ല. ധനവാനേയും ലാസറിനേയുംപോലെ ധനവാനും ലാസറും നമ്മളൊക്കെത്തന്നെയാണ്. ഈ ലോകത്തിന്റെ പോക്ക് എങ്ങോട്ട്? വിശന്നവന്റെ വിശപ്പ് അടക്കേണ്ട സ്ഥാനത്ത് വിശന്നു മോഷ്ടിച്ചവനെ തല്ലിക്കൊന്ന ലോകം. പോകണം ഞാൻ ഒരു നിമിഷ നേരത്തെ ഗ്യാരന്റിപോലും ഇല്ലാതിരിക്കുന്ന ഈ ലോകത്തിൽ, ഒന്നു കണ്ടുകൊണ്ടും പുകഴുവാൻ ഇല്ലാത്ത ഈ ലോകത്തിൽ നാളെ എന്തു സംഭവിയ്ക്കുമെന്ന് ആർക്കും ഊഹിക്കുവാൻപോലും കഴിയാത്ത ഈ ലോകത്തിൽ ലോകത്തിലുള്ള സന്തോഷത്തെ മാത്രം തിരഞ്ഞു നടക്കാതെ വരുവാനിരിക്കുന്ന ലോകത്തിന്റെ സന്തോഷം അനുഭവിക്കുവാൻ നമ്മളിൽ ഒരു ഒരുക്കം നടത്തുവാൻ ശ്രമിക്കുകയെങ്കിലും ചെയ്യാം. ഇന്നു ലോകം സാത്താൻ പിടിച്ചടക്കിയിരിക്കുകയാണ്. നല്ലതുപോലെ യുദ്ധം ചെയ്തെങ്കിൽ മാത്രമേ ജയം എടുക്കുവാൻ പറ്റുകയുള്ളു. നമ്മളോട് എതിർത്തുകൊണ്ടിരിക്കുന്ന സാത്താൻ നമ്മളെക്കാളും ബലവാനാണ്. "ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിയ്ക്കായി വച്ചിരിക്കുന്നു. (2.തിമോ. 4:7) ഇത് വാക്കിൽ ഒതുക്കാതെ ജീവിതത്തിൽ ഒരുക്കിയെടുക്കാം. ഈ നോയമ്പുകാലം അതിനു നമ്മളെ സഹായിക്കട്ടെ.

**മുൻകാലങ്ങളിലും പണ്ടത്തെ തലമുറകളിലും നമ്മുടെ പിതാക്കന്മാർക്കു സഹായികളായി നീതിമാന്മാരും പുണ്യവാന്മാരായ ദീർഘദർശിമാരും ഉണ്ടായിരുന്നു. നാം പാപം ചെയ്തുകൊണ്ടിരുന്നപ്പോൾ നമുക്കുവേണ്ടി അവർ സൃഷ്ടാവിനോടു പ്രാർത്ഥിച്ച് നമ്മെ സഹായിച്ചുകൊണ്ടിരുന്നു.**

കവിത

# നിത്യജീവൻ

ജയ്നമ്മ മർക്കോസ്,
നടുവിലെപറമ്പിൽ, കുഴിമറ്റം

അല്ലയോ, മക്കളേ അറിഞ്ഞിടുക
ഏകസത്യമായ ദൈവത്തേയും
അവിടുന്നയച്ച പുത്രനേയും
അറിയുന്നതാണ് നിത്യജീവൻ
രക്ഷയ്ക്കുള്ളതെല്ലാം ചെയ്തോരീശന്
നമ്മൾ മറന്നാലും മറക്കാത്തോരീശന്
വി.ബലിയിൽ നിറയുന്നോരീശന്
വിസ്മരിക്കപ്പെടാൻ ഇഷ്ടമില്ലല്ലോ
ഈശോയെക്കുറിച്ചു എപ്പോഴും ചിന്തിപ്പീൻ
വചനം വായിക്കൂ, വചനം പഠിക്കൂ
ഈശന്റെ സാന്നിദ്ധ്യം രുചിച്ചറിയൂ
തൽക്ഷണം ഈശൻ സംസാരിക്കും
തിന്മയ്ക്കു, തിന്മ പകരം കൊടുത്താൽ
ഈശൻ, നമ്മളെ ആദ്യം ശിക്ഷിക്കും
ശത്രുവിനെ ചേർത്തു പിടിച്ചുകൊണ്ട്
അനുഗ്രഹം ചൊല്ലി പ്രാർത്ഥിക്കുവീൻ
അപ്പോസ്തോല സഭയിൽ ഉറച്ചു നില്പിൻ
കുഞ്ഞാടിന്റെ മേലാട ധരിച്ചുകൊണ്ട്
ചെന്നായിൽ, ഹൃദയമായിവരുന്നവരെ
ഒക്കെയും മാറ്റി നിർത്തിടുവീൻ
ലോകയിമ്പത്തിൽ രസിക്കുന്ന മക്കളെ
ദുഷ്ടന്റെ സേന തേടിപ്പിടിച്ച്
വൈരാഗ്യം മന്ത്രവാദം ചൊല്ലിക്കൊടുത്ത്
തലമുറയെ ശൂന്യമാക്കിതീർത്തിടുന്നു.
സാത്താന്റെ ആയുധമാം
മടിയും അലസതയും വിട്ടോടി
കർത്തന്റെ പാദത്തിൽ ചേർന്നിരുന്ന്
ഹല്ലേലുയ്യ സ്തുതി പാടിടുക
ദൈവരാജ്യം ശക്തിപ്പെടാൻ
വി. കുർബ്ബാനയിൽ പങ്കെടുത്ത്
ഹൃദയംകൊണ്ട് ആരാധിക്കൂ
ദൈവ സ്പർശനം ഏറ്റുവാങ്ങു!
നീതി സൂര്യനാം കർത്തനേശുവിൽ
പൂർണ്ണവിശ്വാസം അർപ്പിച്ചിട്ട്
ദൈവ വചനത്താൽ നിറഞ്ഞിടുമ്പോൾ
സാത്താന്റെ സാമ്രാജ്യം തകർന്നിടുമേ
ഹൃദയംകൊണ്ട് ആരാധിക്കുമ്പോൾ
ആ ആരാധന കർത്തനെ തൊട്ടിടുമേ
കർത്തനിൽ നിന്നും ശക്തി പുറപ്പെട്ട്
കർത്തൻ, തിരിഞ്ഞു നോക്കിടുമേ
അനേകായിരങ്ങൾക്കിടയിൽക്കൂടി
രക്തവാർച്ചക്കാരി കർത്തനെ തൊട്ടപ്പോൾ
കർത്തനിൽനിന്നും ശക്തി പുറപ്പെട്ട്
രോഗ സൗഖ്യം നേടിയല്ലോ
ബലഹീനപാത്രത്തെ തേടിപ്പിടിച്ച്
സാത്താൻ, തോഴരാക്കിടുന്നു
ക്ഷണികമാം ജീവിതം നഷ്ടപ്പെടുത്തി
നിത്യ നരകത്തിലാക്കിടുമേ
അല്ലയോ, പ്രിയരേ, ഓർത്തിടുക
പാപ ജീവിതം വിട്ടൊഴിഞ്ഞ്
ഹൃത്തിൽ, ഈശനെ നിറച്ചുകൊണ്ട്
നിത്യജീവൻ കൈവശമാക്കൂ!

## 'കരുതൽ - 2025'



*ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായ പള്ളിയിൽ ക്നാനായ കോൺഗ്രസ് യൂണിറ്റ് കമ്മിറ്റിയുടെ 'കരുതൽ - 2025' എന്ന പദ്ധതി ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. സെക്രട്ടറി ലിജോ പാറെക്കുന്നുംപുറം, വികാരി ഫാ. സാജൻ അലക്സ് ചക്കാലയിൽ, എം. റ്റി. തോമസ്, വിനു സ്കറിയ, റെജി ഫിലിപ്പ്, തോമസുകുട്ടി ചിറയിൽപീടിക, സാബു സ്കറിയ, ബിജു കുറിയാക്കോസ്, ഏബ്രഹാം തോമസ്, കെ. എ. മാത്യു എന്നിവർ സമീപം.*

# ഏവൻഗേലിയോൻ ദീപം



ഫാ. റോയി മാത്യൂസ് കോർ എപ്പിസ്ക്കോപ്പാ, മുളമൂട്ടിൽ

### പുതു ഞായറിനു ശേഷം 3-ാം ഞായർ
### (18-05-2025) വേദഭാഗം: യോഹ. 6:47-58

ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളായിത്തീരുന്നതോടെ നമ്മുടെ ചിന്തയിലും മനോഭാവത്തിലും മറ്റുള്ളവരോടുള്ള ബന്ധത്തിലും വിപ്ലവാത്മകമായ പരിവർത്തനം ഉണ്ടാകുമെന്നതിൽ സംശയമില്ല. നാം സ്വയജീവിതത്തിനു മരിച്ചു നമ്മെ പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിക്കുമ്പോൾ യേശുക്രിസ്തു തന്റെ ആത്മാവിനാൽ നമ്മെ സ്വന്തമാക്കിത്തീർക്കുന്നു. ജീവന്റെ അപ്പമായ നമ്മുടെ കർത്താവ് തന്നിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ നൽകുന്നു. ഒരിക്കലും മരിക്കാതിരിക്കേണ്ടതിന് താൻ തന്നെ നമുക്ക് ഭക്ഷണമായി ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. ഈ അപ്പം തിന്നിട്ടവൻ യേശുവിലും യേശു നമ്മിലും വസിക്കുന്നു. ആയതിനാൽ നാം പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുമ്പോൾ ദൈവസന്നിധിയിലേക്കുള്ള പ്രവേശനവും പ്രാർത്ഥനയുടെ ആത്മാവിനേയും തരുന്നു. അതിനാൽ നമ്മുടെ പ്രാർത്ഥനകൾ ശക്തിയുള്ളതാകുന്നു.നാം ക്ഷീണിക്കുമ്പോൾ അവൻ നമുക്ക് ശക്തി നൽകി നമ്മെ ജയാളികളാക്കി തീർക്കുന്നു. നാം ക്രിസ്തുവിനോടുകൂടി മരിക്ക മാത്രമല്ല അവനോടുകൂടി ഉയർത്തെഴുന്നേൽക്കുകയും ചെയ്തു എഫേ. 2:6-8).

എത്ര അത്ഭുതകരമായ സത്യം. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു നാമും പങ്കാളികളായിത്തീർന്നിരിക്കുന്നു. സമൃദ്ധിയായി നിത്യജീവൻ നമ്മുടേതായി ത്തീർന്നിരിക്കുന്നു. ദൈവം നമ്മെ ക്രിസ്തുവിനോടുകൂടി ഉയിർപ്പിച്ചിരിക്കുന്നു. സമൃദ്ധിയായ നിത്യജീവൻ നമ്മുടേതായി തീർന്നിരിക്കുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനം നമ്മുടെ പുനുത്ഥാനമാണ് എന്ന് മനസ്സിലാക്കി വിശ്വാസത്താൽ അംഗീകരിക്കാം. അതു നമ്മിൽ വിപ്ലവാത്മകമായ പരിവർത്തനങ്ങൾ ഉളവാക്കും. നമ്മുടെ ഹൃദയ ദൃഷ്ടികൾ പ്രകാശിപ്പിച്ചിട്ട് ക്രിസ്തുവിന്റെ വിളിയിൽ നമുക്ക് ലഭിക്കുന്ന നന്മകൾ കണ്ട് അനുഭവിക്കുവാൻ സാധിക്കും. ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ഒരുപോലെ അനുഗ്രഹങ്ങൾ ലഭിക്കും.

### പുതു ഞായറിനു ശേഷം 4-ാം ഞായർ
### (25-05-2025) വേദഭാഗം: ലൂക്കോ. 9:51-62)

സ്വർഗ്ഗാരോഹണ പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ചയാണ്. നിത്യജീവിതത്തെക്കുറിച്ച് ചിന്തയില്ലാതെ ഭൗതിക ജീവിതം ഭാസുരമാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ക്രിസ്തുവിനെ സമീപിക്കുന്ന മൂന്നു പേരുടെ ചിത്രമാണ് ഇന്നത്തെ വേദഭാഗം. “അവൻ വഴിപോകുമ്പോൾ ഒരുത്തൻ അവനോട് നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു. പരിമിതമായ ഈ ജീവിതത്തിൽ ക്രിസ്തുവിനെ അനുഗമിക്കാം എന്ന വാഗ്ദാനമാണ് ഈ വ്യക്തി നൽകുന്നത്. അമിതമായ പ്രതീക്ഷവച്ചു പുലർത്തി മറ്റുള്ളവരെ പിന്തുടരുന്ന പ്രവണത മനുഷ്യ സഹജമാണ്. ഏതു പ്രവർത്തനത്തിന്റെ പിന്നിലും വ്യക്തമായ ഒരു തയ്യാറെടുപ്പ് വേണമെന്നിരിക്കെ അതൊന്നുമില്ലാതെ ധൃതഗതിയിൽ പ്രസ്താവന നടത്തുന്ന വ്യക്തിയാണ് ഇയാൾ. ഭാവികാര്യങ്ങളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടോടെ പദ്ധതികൾ തയ്യാറാക്കുവാൻ നമുക്ക് കഴിയട്ടെ. തല ചായ്പ്പാൻ ഇടമില്ലാത്ത മനുഷ്യപുത്രന്റെ ദയനീയ ചിത്രം വരച്ചുകാട്ടി ക്രിസ്തു അവനെ നിരുത്സാഹപ്പെടുത്തി. സത്യമാർഗ്ഗം ശരിയായി വിവേചിച്ചറിയാതെയുള്ള പിൻതുടരൽ നമ്മെ എങ്ങും കൊണ്ടെത്തിക്കുകയില്ല.

വേറൊരുത്തനോട് എന്നെ അനുഗമിക്കുക എന്നു പറഞ്ഞാറെ അവൻ ഞാൻ പോയി മുമ്പേ എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരണം എന്നു പറഞ്ഞു. അവൻ അവരോട് മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ എന്നു പറഞ്ഞു. ആസന്നമൃതനായ തന്റെ പിതാവ് മരിച്ച് അടക്കം ചെയ്തിട്ട് പൈതൃക സ്വത്തുക്കൾ ഭാഗം ചെയ്തതിനുശേഷം ക്രിസ്തുവിനെ അനുഗമിച്ചുകൊള്ളാം എന്ന ആശയമാണ് ഈ വാക്കുകളിൽ പ്രതിബിംബിക്കുന്നത്. കുടുംബപരമായ കാര്യങ്ങൾ, മാതാപിതാക്കളോടുള്ള പ്രതിബദ്ധത ഇവ ഭൗതിക ജീവിതത്തിൽ അനുപേക്ഷണീയ ഘടകങ്ങൾ തന്നെ. ലൗകിക വ്യക്തിബന്ധങ്ങൾ അദ്ധ്യാത്മികതയിലേയ്ക്ക് നയിക്കപ്പെടുന്നതാകണം. ആധുനിക കുടുംബങ്ങളിൽ വൃദ്ധമാതാപിതാക്കൾ അവഗണിക്കപ്പെടുന്നു. ബഹുനിലകെട്ടിടങ്ങളിൽ ഏതെങ്കിലും ഒരു മുറിയിൽ തളച്ചിടപ്പെടുന്നവർ. വൃദ്ധമന്ദിരങ്ങളിൽ ആലംബം കണ്ടെത്തുന്നവർ. ജീവിച്ചിരുന്നപ്പോൾ കൈത്താങ്ങൽ നൽകാത്ത മക്കൾ മാതാപിതാക്കൾ മരിക്കുന്നതിനുമുമ്പേ കബറടക്കം നടത്താൻ ശ്രമിക്കുന്നു. മരിച്ചു കഴിഞ്ഞാൽ കാപട്യത്തിന്റെ മുതലക്കണ്ണീർ ഒഴുക്കുന്നു. ഇങ്ങനെയുള്ളവർക്കുള്ള ശക്തമായ താക്കീതായി മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ എന്ന വാക്യത്തെ വിശേഷിപ്പിക്കാം. സ്വാർത്ഥതയെയും പാപമാകുന്ന മരിച്ച അവസ്ഥയെയും ദൂരെയെറിഞ്ഞ് കളഞ്ഞ് ജീവനാഥനെ പിൻതുടരുക. മുടിയനായ പുത്രൻ തിരികെ വന്നപ്പോൾ പിതാവ് പറയുന്നു ഇവൻ മരിച്ചവനായിരുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്നു. ജഢീക ഇച്ഛകൾ മരിപ്പിക്കപ്പെട്ടെങ്കിലെ ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കാളിയാകാൻ സാധിക്കൂ.

മറ്റൊരുത്തൻ- കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം. ആദ്യം വീട്ടിൽ ഉള്ളവരോട് യാത്ര പറവാൻ അനുവാദം തരേണം എന്നു പറഞ്ഞു. യേശു അവനോട് കലപ്പയ്ക്ക് കൈവെച്ചശേഷം പുറകോട്ട് നോക്കുന്നവൻ ദൈവരാജ്യത്തിന് കൊള്ളാവുന്നവനല്ല എന്നു പറഞ്ഞു. ഇതിനു തുല്യമായ ഒരു അനുവാദം ചോദിക്കൽ 1 രാജാക്കന്മാർ 19:20 ൽ കാണാം. ഏലിശയെ തന്റെ പിൻഗാമിയായി അവരോധിക്കുന്നു. ഏലീശ തന്റെ കർത്തവ്യ നിർവ്വഹണത്തിനു മുമ്പായി മാതാപിതാക്കന്മാരെ ചുംബിക്കുവാൻ അനുവാദം ചോദിക്കുന്നു. ഏലിയാവ് പോയ് വരിക, ഞാൻ നിനക്ക് എന്ത് ചെയ്തിരിക്കുന്നു എന്ന് ഓർക്ക എന്നു പറഞ്ഞു. കാലതാമസം കൂടാതെ ഏലീശാ തിരികെ വന്നു ദൗത്യം ഏറ്റെടുക്കുന്നു.

ആദ്യം ലോകം കുടുംബം പിന്നീട് ക്രിസ്തു എന്നത് പകുതി ക്രിസ്ത്യാനിത്വത്തിന്റെ ലക്ഷണമാണ്. ജീവദാതാവായ ക്രിസ്തു നിത്യജീവനാകുന്ന പുതപ്പ് നമ്മുടെ മേൽ ഇട്ടിരിക്കുന്നു. പൗലോസിനോട് ചേർന്നു നമുക്ക് പറയാം (ഫിലി. 3:14) ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളത് മറന്ന് മുമ്പിലുള്ളതിനെ ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു. ഇതാകട്ടെ നമ്മുടെയും ആപ്തവാക്യം.

**പെന്തിക്കോസ്തി ഞായറാഴ്ചക്കു മുമ്പുള്ള ഞായർ (01-06-2025) വേദഭാഗം: യോഹ. 6:35-46**

സുവിശേഷത്തിൽ വേറിട്ടു നിൽക്കുന്നതാണ് യോഹന്നാന്റെ സുവിശേഷം. വി.മത്തായി യേശുവിനെ യഹൂദന്മാരുടെ രാജാവും, വി.മർക്കോസ് ദൈവത്തിന്റെ ദാസനും, വി. ലൂക്കോസ്, മനുഷ്യ പുത്രനായും ചിത്രീകരിക്കുന്നു. എന്നാൽ വി.യോഹന്നാൻ യേശു ദൈവപുത്രനാണ്. മനുഷ്യരോടൊപ്പം ജീവിക്കാൻ ജഢശരീരം സ്വീകരിച്ച ദൈവം എന്നു വ്യക്തമായി എഴുതുന്നു. ഇന്ന് ജീവന്റെ അപ്പമായി ക്രിസ്തു തന്നെ വെളിപ്പെടുത്തുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പമാണ് ക്രിസ്തു. യഹൂദന്മാരുടെ പൂർവ്വികർ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ മന്ന ഭക്ഷിച്ചവരാണ്. മന്നാ തിന്നവർ എല്ലാവരും മരിച്ചു. അതവർക്ക് ജീവൻ നൽകിയില്ല. ക്രിസ്തു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പമാണ്. അത് തിന്നുന്നവൻ എന്നേക്കും ജീവിക്കുവാൻ നിത്യജീവൻ പ്രാപിക്കും. ഈ അപ്പം തിന്നുന്നവൻ മാത്രമേ ജീവിക്കുകയുള്ളൂ. ഈ അപ്പം തിന്നണമെങ്കിൽ നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡമാകേണ്ടതിനു പഴയ പുളിമാവിനെ നീക്കികളവീൻ നമ്മുടെ പെസഹാ കുഞ്ഞാടും അറക്കപ്പെട്ടിരിക്കുന്ന ക്രിസ്തു തന്നെ. 1 കോരി 5:7. ജഡത്തിന്റെ പ്രവൃത്തികളത്രെ. പഴയപുളിമാവ് ഗലാ. 5:19 ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്. അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായവ ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശിക്കയില്ല. ജഢത്തിന്റെ പ്രവൃത്തികളാകുന്ന പഴയ പുളിമാവ് നമ്മെ അശുദ്ധമാക്കുന്നു. ഹൃദയത്തിൽ നിന്ന് വരുന്നതും അശുദ്ധനാക്കുന്നതുമായ പുളിമാവിനെക്കുറിച്ച് മർക്കോ.7:21 നമ്മുടെ കർത്താവ് അരുളിച്ചെയ്തു. അകത്തുനിന്ന് ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ട്, ചതി, ദുഷ്കർമ്മം, വിടക്ക്കണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഇവ മനുഷ്യനെ അശുദ്ധനാക്കുന്നു. യേശുവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ചെങ്കിലേ നമ്മുടെ പഴയ പുളിമാവ് മാറുകയുള്ളൂ. യേശുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു. അങ്ങനെ നാം അവന്റെ ഭാഗമായി തീരുന്നു. യേശുവിന്റെ നീതി നമ്മുടെ നീതി, യേശുവിന്റെ വിശുദ്ധി നമ്മുടെ വിശുദ്ധി. യേശുവിന്റെ പൂർണ്ണത നമ്മുടെ പൂർണ്ണത യേശുവിന്റെ നിറവാണ് നമ്മുടെ നിറവ്.

പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയ ശേഷം അവൻ ഉയരത്തിൽ പിതാവായ ദൈവത്തിന്റെ മഹിമയുടെ വലതുഭാഗത്ത് ഇരിക്കുന്നു. അവിടെ ഇരുന്നുകൊണ്ട് തന്റെ ശത്രുക്കൾ പാദപീഠമാകുവോളം കാത്തിരിക്കുന്നു. ഏതു പാപിയേയും, സ്വീകരിപ്പാൻ തയ്യാറായി കാത്തിരിക്കുന്നു. തന്റെ ഭക്തന്മാർ കഠിന ശോധനയിൽ കടന്നു പോകുമ്പോൾ ഇരിക്കയില്ല എഴുന്നേൽക്കുന്നു.

**പെന്തിക്കോസ്തി (08-06-2025)**

ഡോ. ലൈറ്റ് ഫ്യൂട്ട് എന്ന വേദശാസ്ത്രജ്ഞൻ പറയുന്നത് യേശുവിന്റെ ശിഷ്യന്മാർക്ക് ആത്മാഭിഷേകം ഉണ്ടായത് ന്യായപ്രമാണ കല്പലകകൾ നൽകിയിട്ട് 1447 വർഷം പൂർത്തിയായ ഞായറാഴ്ച ആയിരുന്നു എന്നത്രേ. 120 പേർ മാളികയിൽ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ പെട്ടെന്ന് കൊടിയകാറ്റ് അടിക്കുന്നതുപോലെ ആകാശത്തു നിന്നും ഒരു മുഴക്കമുണ്ടായി (അപ്പോ. 2:2) അഗ്നിജ്വാലപോലെ പിളർന്നിരുന്ന നാവുകൾ ഓരോരുത്തന്റെമേലും പതിഞ്ഞു. യെരുശലേമിൽ കൂടിയിരുന്ന ജനം ഭ്രമിച്ച് ആശ്ചര്യപ്പെട്ടു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിക്കാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. പുരുഷാരം വന്നു കൂടിയപ്പോൾ ഓരോരുത്തന്റെയും മാതൃഭാഷയിൽ അപ്പോസ്തലന്മാർ സംസാരിക്കുന്നത് കേട്ടു. അന്നു 17 ഭാഷകളിൽ സംസാരിക്കുന്നവർ അവിടെ വന്നിരുന്നു. അവർ എല്ലാവരും അവരവരുടെ സ്വന്തം ഭാഷയിൽ അപ്പോസ്തലന്മാർ സംസാരിക്കുന്നതവർ കേട്ടു. സകല സത്യത്തിലും വഴിനടത്തേണ്ടതിനും ഭാവിയിൽ സംഭവിക്കുന്നവ ശരിയായി വ്യാഖ്യാനിച്ച് തരുന്നതിനും പരിശുദ്ധാത്മാവ് എന്ന ആശ്വാസപ്രദനെ നൽകുമെന്നാണല്ലോ കർത്താവ് തന്റെ ശിഷ്യന്മാരോട് കല്പിച്ചത്. 120 പേർ ഏകോദര സഹോദരങ്ങളെപ്പോലെ ഒരുമനപ്പെട്ട് സമ്മേളിച്ചിരുന്നു. അവരുടെ മദ്ധ്യേ തികഞ്ഞ ഐക്യവും സ്നേഹവും ഉണ്ടായിരുന്നു. എന്തു സംഭവിച്ചാലും ക്രിസ്തുവിനെ പിൻപറ്റാൻ പൂർണ്ണമായി ഏൽപ്പിച്ചുകൊടുത്ത ഒരു കൂട്ടത്തിന്റെ മേൽ മാത്രമേ ആത്മാവ് വരികയുള്ളൂ. അവർ ആത്മനിറവുള്ളവരായപ്പോൾ സന്തോഷം സ്തുതി, സ്തോത്രം, സാക്ഷ്യം, പ്രവചനം, ഭാഷകൾ ഇവയെല്ലാം അവിടെ പ്രകടമായി. ഇവ ഓരോന്നും ആത്മാഭിഷേകം പ്രാപിച്ചു എന്നുള്ളതിന്റെ അടയാളമാണ്. പരിശുദ്ധാത്മാവ് രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. പിതാവ് സൃഷ്ടാവ് പുത്രൻ രക്ഷകൻ, പരിശുദ്ധാത്മാവ് രൂപാന്തരപ്പെടുത്തുന്നവൻ ഇവ തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പെന്തിക്കോസ്തു നാളിൽ അല്ല പരിശുദ്ധാത്മാവ് ആണ് ഭൂമിക്ക് രൂപം ഉണ്ടാക്കിയത് (ഉല്പ.1:1-2) അതേ ആത്മാവ് ഇന്നും രൂപഭാവം ഉണ്ടാക്കുന്നു.

ആ ആത്മാവ് ജീവശ്വാസം കൊടുത്തു (ഉല്പ.2:7, യെഹസ്കേൽ 37:1-14) അതേ ആത്മാവ് ഇപ്പോഴും ജീവൻ നൽകട്ടെ. ഉണങ്ങിച്ചിതറിക്കിടക്കുന്ന അസ്ഥികൾക്ക് ജീവൻ നൽകുന്ന ആത്മാവ് അനീതിയുടെ മുമ്പിൽ, ദാരിദ്ര്യത്തിന്റെ മുൻപിൽ, യുദ്ധത്തിൽ ചോദിക്കേണ്ട ചോദ്യമാണ് ഈ അസ്ഥികൾ ജീവിക്കുമോ ഉത്തരം - ദൈവം ആത്മാവിനെ അയക്കും. പൂർണ്ണമായ ഒരു പുതുജീവൻ നമ്മിൽ നിന്നാഗ്രഹിക്കുന്നു. നിരാശയിൽനിന്നു പ്രത്യാശയിലേക്ക്, തോൽവിയിൽ നിന്ന് വിജയത്തിലേക്ക് ഉയർത്തെഴുന്നേൽക്കണം. നമ്മുടെ പട്ടത്വ ശുശ്രൂഷ വെറും ഓഫീസ് ജോലിയായി തീർന്നിരിക്കുന്നെങ്കിൽ നിർജീവമായവ കുഴഞ്ഞു മറിഞ്ഞു കിടക്കുന്നു. പാഴും ശൂന്യവുമായ സ്ഥലം മനോഹരമായ ഏദൻതോട്ടമാക്കിയതുപോലെ പരിശുദ്ധാത്മാവ് ശൂന്യമായ ഇടവകകൾ മനോഹരമാക്കട്ടെ. പരിശുദ്ധാത്മാവ് പ്രാപിച്ച ആദിമസഭ. ഒരു Sharing Community ഒരു Caring Community ആയതുപോലെ സമൂഹത്തോടുള്ള കടപ്പാട് ഓർത്തു നമ്മുടെ സ്വാർത്ഥത വെടിഞ്ഞ് നന്മ ചെയ്തു ജീവിക്കാം.

# പരമാനന്ദം

ഡോ. ഐവി ജോസ്, കിഴക്കേടത്ത്, റാന്നി

"എപ്പോഴും സന്തോഷിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ, എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ, ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം" (1 തെസ്സ.5:16-18).

ക്രിസ്തുവിൽ വിശ്വസിക്കുന്നവർ സദാ ആനന്ദത്തിന്റെ പൊരുൾ അറിയുന്നവരായിരിക്കണം. ഏതവസ്ഥയിലും, എവിടെയും, എപ്പോഴും ക്രിസ്തുവിൽ പ്രത്യാശിച്ചു സന്തോഷിക്കുന്നവരായിരിക്കണം. സദാ നന്ദി നിറഞ്ഞ ഹൃദയത്തോടെ എല്ലാറ്റിനും ഇടവിടാതെ സ്തോത്രം കരേറ്റുന്നവരായിരിക്കണം. സദാ ആനന്ദവും, കൃതജ്ഞതയുമുള്ള ക്രിസ്ത്യാനിയുടെ ബോധം (The power of gratitude and spiritul pleasure) സദാ ക്രിസ്തുവിന്റെ ആത്മാവിൽ ദൃഢമായിരിക്കും. പരമാനന്ദത്തിന്റെ പരിപൂർണ്ണത എന്നത്, സൃഷ്ടാവും, ഭർത്താവും, രക്ഷിതാവും, കർത്താവുമായ ദൈവത്തിന്റെ ആത്മാവിനോടുള്ള ഒരുവന്റെ അടിയുറച്ച വിശ്വാസം എന്ന 'പാതിവ്രതമാണ്' എശയ്യാ.54). അവനവന്റെ ഉള്ളിലുള്ള ദൈവീകതയെ യാതൊരു കലർപ്പും കൂടാതെ അനുഭവിക്കാൻ കഴിയുന്നതാണ് യഥാർത്ഥ ആനന്ദം. പരിശുദ്ധാത്മാവിനോടുള്ള 'പതിവ്രത ധർമ്മത്തിൽ ഉറച്ചുനിന്നു, ആത്മവിശ്വാസത്തോടെ ദൈവദൂതനിൽനിന്നും ലഭിച്ച വചനിപ്പിന്റെ സന്ദേശം മറിയം ഹൃദയത്തിൽ ഏറ്റുവാങ്ങി, അവിടെയാണ് മറിയം ദൈവമാതാവിന്റെ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. 'മറിയം പറഞ്ഞു എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു'(ലൂക്കോ. 1:46-47).

രക്ഷകനായ ദൈവത്തിലുള്ള ആനന്ദം (devine pleasure) സദാ ഹൃദയത്തിൽ സംഗ്രഹിച്ച വി. മറിയം ഏതു ദുഃഖങ്ങളെയും അതിജീവിക്കുവാനുള്ള ഉൾക്കരുത്ത് സമ്പാദിച്ചു. 'ആത്മീയ ആനന്ദമാണ് ലോകത്തിൽ ഏറ്റവുമധികം മൂല്യമുള്ള സമ്പാദ്യം.

യഹോവയിൽ തന്നെ രസിച്ചുകൊൾവിൻ എന്ന് സങ്കീ.37:4 ൽ പറഞ്ഞിരിക്കുന്നു. ദൈവത്തെ തന്നെ നിരന്തരം ധ്യാനിക്കുകയും, ഇടവിടാതെ ഓർക്കുകയും പ്രാർത്ഥിക്കുകയും എപ്പോഴും എല്ലാത്തിനും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമ്പോൾ എപ്പേഴും കൊച്ചു കുട്ടികളെപോലെ ദൈവരാജ്യ അനുഭവത്തിലായിരുന്നു സന്തോഷിക്കുവാൻ പറ്റും. കാക്കകളെ നോക്കുവിൻ, അവ വിതക്കുന്നുമില്ല കൊയ്യുന്നുമില്ല കളപ്പുരകളിൽ കരുതി വെയ്ക്കുന്നുമില്ല. ദൈവം സദാ അവരെ പോറ്റി പുലർത്തുന്നത് കൃതജ്ഞതയോടെ അവർ തിരിച്ചറിയുന്നു.

എന്തു തിന്നും എന്തു ഉടുക്കും എന്തു കുടിക്കും എന്നു നിങ്ങൾ ഒരിക്കലും ചിന്തിച്ചു ചഞ്ചലപ്പെടരുത് (ലൂക്കോസ് 12:29).

ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠ, അനിശ്ചിതാവസ്ഥ വിഷാദം ഉണ്ടാക്കുന്നു. (Anxicty tension, depression). നിങ്ങളുടെ ദുഃഖ വിഷയത്തെക്കുറിച്ച് അധികം ചിന്തിച്ച് വിചാരപ്പെടുന്നതുകൊണ്ട് ആ വിഷയം പരിഹരിക്കുവാനോ ആ വിഷയത്തിന്റെ ഒരു മുഴം കൂട്ടാനോ, കുറയ്ക്കാനോ നമ്മുക്കു കഴിയില്ല എന്ന് ലൂക്കോസ് 12:25 ൽ പറഞ്ഞിരിക്കുന്നു.

ഭൂതകാലം വെറും ഓർമ്മകൾ മാത്രമാണ് അതു കഴിഞ്ഞുപോയ കാലമാണ്. കഴിഞ്ഞകാലം ചിലപ്പോൾ നഷ്ടബോധം, ദുഃഖം, നിരാശ, ദേഷ്യം ഉണ്ടാക്കും. കഴിഞ്ഞതു കഴിഞ്ഞു. കഴിഞ്ഞതിനെക്കുറിച്ചോർത്തു ദുഃഖിച്ചു 'ഇന്നിന്റെ' സന്തോഷം കളയാതിരിക്കുക. 'ഇന്നിന്റെ' ഈ നിമിഷത്തിന്റെ ആനന്ദമാണ് 'നാളെയിലേക്കുള്ള' ഊർജ്ജം/ഇന്ധനം, ഇത് ഇന്നലകളെയും' ശുദ്ധീകരിച്ചു പോഷിപ്പിക്കുന്നു.

യേശുക്രിസ്തു ഇന്നലെയും, ഇന്നും, എന്നും ഒരാൾ തന്നെയാണ് (എബ്രാ.13:8) past, present, future ക്രിസ്തുവിന്റെ സ്നേഹത്തിൽ ലയിക്കുമ്പോൾ ഒന്നായി തീരുന്നു. നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലേക്കു കടന്നു ചെല്ലാനും, നമ്മുടെ മുറിവുകളിൽ ആനന്ദതൈലം പുരട്ടി സുഖപ്പെടുത്തുവാനും ക്രിസ്തുവിനു കഴിയും മുറിവുകളുണക്കുന്ന ക്രിസ്തു വളരെ നല്ലവനായ ആത്മ വൈദ്യനാണ് (Healing power of christ).

ഭൂതകാലവും, ഭാവികാലവും, ചിന്തകളെ സൃഷ്ടിക്കുന്നു. അമിത ചിന്ത ഊർജ്ജ നഷ്ടം ഉണ്ടാക്കുന്നു. എങ്ങോട്ടാണോ നമ്മുടെ ശ്രദ്ധ/ ചിന്ത പോകുന്നത്, അങ്ങോട്ട് നമ്മുടെ ഊർജ്ജവും ഒഴുകി പോയി പാഴാകുന്നു. അമിതചിന്ത, ഉത്കണ്ഠ, മൂലം ക്ഷീണം, തളർച്ച, ശാരീരിക മാനസീക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അമിതമായി ചിന്തിച്ചാൽ, മനസിന്റെ പ്രവർത്തനം സദാ കർമ്മനിരതമായി ബലപ്പെട്ടാൽ, മനസ് ആത്മാവിനെ നിയന്ത്രിച്ചു, കീഴടക്കി, അടിമയാക്കും. ചിന്തകളും, മനസിന്റെ പ്രവർത്തനവും ധ്യാനത്തിലൂടെ കുറച്ചുകൊണ്ട് വന്നാൽ മനസിന്റെ ശക്തി ക്ഷയിക്കുകയും, മനസ്സ് ആത്മാവിന്റെ അടിമയാകുകയും ചെയ്യുന്നു. പിന്നീട് നമ്മുടെ സ്വഭാവങ്ങളിലും പെരുമാറ്റത്തിലും ജീവിത ശൈലിയിലുമെല്ലാം ആത്മാവിന്റെ ഗുണങ്ങൾ, നന്മ, പ്രകാശിക്കും. നമ്മുടെ ജീവിതം തന്നെ പരിശുദ്ധാത്മാവിന്റെ ഒൻപതു ഗുണഗണങ്ങളുടെ പര്യായം ആയി മാറും.

കുഞ്ഞുങ്ങൾ എപ്പോഴും വർത്തമാനകാല ത്തിലാണ്. ജീവിക്കുന്നത്, അവർക്ക് ചിന്തകൾ, മനസിന്റെ പ്രവർത്തനം കുറവായിരിക്കും. യാതൊരു ക്ഷീണവുമില്ലാതെ അവർ എപ്പോഴും കളിച്ചു നടന്നു സന്തോഷിക്കുന്നു. യേശു പറഞ്ഞു 'നിങ്ങൾ കുഞ്ഞുങ്ങളെപ്പോലെ ആവുക. കുഞ്ഞുങ്ങൾ ദൈവരാജ്യം അവകാശമാക്കും. കറയും കളങ്കവും ഇല്ലാത്ത നിർമ്മലമായ മനസിൽ ദൈവം വസിക്കുന്നു. എപ്പോഴും കുഞ്ഞുങ്ങൾക്കൊപ്പം കളിച്ചു, ചിരിച്ചു ഉല്ലസിച്ച് അവരെ പരിപാലിച്ചിരുന്നാൽ നാമും ദൈവരാജ്യം എന്ന വർത്തമാനകാലത്തിലാവും കുഞ്ഞുങ്ങളുടെ നിഷ്ക്കളങ്ക ഭാവങ്ങൾ, നിർമ്മല ചലനങ്ങൾ, കുസൃതികൾ, കറയറ്റ ബുദ്ധി പവിത്രബോധം ധ്യാന വിഷയമാക്കിയാൽ നാമും നിർമ്മല പ്രകൃ

തമായി ആനന്ദിക്കും. (മർക്കോ. 10:4, മത്താ. 19:14, ലൂക്കോ.18). ശിശു സഹജമായ നിർമ്മല മനസും, മനസാക്ഷിയുമുള്ള വർ ദൈവ രാജ്യം കൈവശമാക്കും എന്നു യേശുക്രിസ്തു പറഞ്ഞിരിരിക്കുന്നു.

Enjoy present moment in the fullest and highest. ദൈവ സ്നേഹത്തിൽ നിറഞ്ഞ് ഈ നിമിഷം ആഘോഷിക്കൂ, ആന ന്ദിക്കു, ആസ്വദിക്കു. ഈ നിമിഷത്തിന്റെ മനോഹാരിതയ റിഞ്ഞ് ഈ നിമിഷത്തിന്റെ പരിപൂർണ്ണതയറിഞ്ഞു. 'ഈ നിമി ഷത്തിൽ തന്നെ ജീവിക്കണം.' അതാണ് പരമാനന്ദത്തിന്റെ ദിവ്യരഹസ്യം ഈ നിമിഷത്തിൽ ചിന്തകൾ ഇല്ലായിരിക്കും മനസ് ശൂന്യമായിരിക്കും. ആത്മാവ് ശക്തമായിരിക്കും. ഭൂത കാലത്തിലും, ഭാവികാലത്തിലും, (past & future) ചിന്തകൾ ഉണ്ടാവും. ആശങ്കകൾ ഉണ്ടാകും. distractions ഉണ്ടാവും. ഈ നിമിഷത്തിൽ ജീവിക്കുന്നവർക്ക് (present moment pleasure) ശ്രദ്ധാ പരിപൂർണ്ണതയും, ബോധ പൂർണ്ണതയും, ആന ന്ദവുമുണ്ടായിരിക്കും.

'ഈ നിമിഷവും കടന്നുപോകും' എന്നതു മാത്രമാണ് ഈ നിമിഷത്തിന്റെ ഭാവി. ഈ ലോകത്തിൽ സമയവും കാലവും അസ്ഥിരമാണ് (temporary) അതു വേഗത്തിൽ കട ന്നുപോകും. ഈ ലോകവും ആർക്കും സ്വന്തമല്ല. ഈ ലോക ത്തിൽ ആരും സ്ഥിരവാസത്തിനും വന്നവരല്ല. ഇന്നല്ലെങ്കിൽ, നാളെ നാമെല്ലാവരും ഇവിടെവിട്ടു പോകണം. സമയത്തിനും, കാലത്തിനും അപ്പുറം സഞ്ചരിക്കുന്നവർക്കുള്ളതാണ് ദൈവ രാജ്യം (Go beyond time and space).

നിത്യജീവന്റെ സന്തോഷമനുഭവിക്കാനും മരണത്തെ സ്വാഗതം ചെയ്യാനും, അതിജീവിക്കുവാനും പഠിക്കണം. മന സ്സിന്റെ (EGO) മരണമാണ് ആത്മാവിന്റെ ഉണർവ്വും, ജീവന്റെ സത്യവും, ആനന്ദ ലഹരിയും കഠിനമായ ധ്യാനത്തിന്റെ പരി ശീലന മുറകൾ അതിജീവിക്കുന്നവർക്കുള്ളതാണ് ആത്മാ വിന്റെ ആഘോഷവും വിജയവും. ജീവിതത്തിലെ കുരിശു കളും, പീഡാസഹനങ്ങളും, കഷ്ടനഷ്ടങ്ങളും ദൈവാശ്രയ ബോധത്തോടെ ഏറ്റെടുത്തു അനുഭവിച്ച് അതിജീവിക്കുന്ന വർക്കുള്ളതാണ് ഉയർത്തെഴുന്നേൽപ്പിന്റെ മഹോത്സവും, പ്രത്യാശയുടെ നവീകരണവും, ആത്മവിശ്വാസത്തിന്റെ ഊർജ്ജവും.

ആഹങ്കാരീകമായ മനസിന്റെ പ്രവർത്തനം ചിന്തകൾ പെരുപ്പിക്കുന്നു. ആഗ്രഹങ്ങൾ (കാമം), പക, അസൂയ, മാത്സര്യം, നുണ, വക്രബുദ്ധി, അപകർഷതാ ബോധം, ഭയം, കുറ്റബോധം തുടങ്ങിയ നെഗറ്റീവ് ചിന്തകളെ സൃഷ്ടിക്കു ന്നു. നെഗറ്റീവ് ചിന്തകൾ നെഗറ്റീവ് ഊർജ്ജ മണ്ഡലങ്ങളെ ആകർഷിക്കുന്നു. ചിന്തകൾ പൈശാചീകവും മൃഗീയവുമാ യി, ഇങ്ങനെ മലിനമാകുന്നവർ ഭൂമിയിൽ ജീവിച്ചിരിക്കെ ചത്തവരായി നരകയാതന അനുഭവിക്കുന്നു. അവർക്ക് നരകം കാണാനും അതിൽ ജീവിതം നരകിച്ചു ജീവിക്കാനും കഴി യുന്നു. അവർക്ക് വിഷാദവും, ഉത്ക്കണ്ഠയും, പകയും, പിറു പിറുപ്പും, പല്ലുകടിയും ഉണ്ടാവും. അസ്വസ്ഥത മാത്രം അനു ഭവിക്കുന്നു.

എളിമയും, കൃതജ്ഞതയും, ആത്മീയ ജ്ഞാനവും, സത്യസന്ധതയും, നന്മയും, സ്നേഹവും, സഹനവും, ത്യാഗ വുമുള്ള മനസുകൾ സദാ പോസിറ്റീവ് ചിന്തകൾ സൃഷ്ടി ക്കുന്നു. നല്ല ചിന്തകൾ പോസിറ്റീവ് ഊർജ്ജ മണ്ഡലങ്ങളെ ആകർഷിക്കുന്നു. പരിശുദ്ധാത്മാവിന്റെ വരങ്ങളിലും, ദാന ങ്ങളിലും, നിറഞ്ഞവരായി ഉയർന്ന ബോധതലങ്ങളുമായി ബന്ധപ്പെട്ട് സ്വർഗ്ഗീയ അനുഭൂതികളും, പറുദീസയുടെ പര മാനന്ദവും ഇവർ പ്രാപിക്കുന്നു. ഭൂമിയിൽ ജീവിച്ചിരിക്കെ ഇവർ സ്വർഗ്ഗത്തിൽ വസിക്കുന്നു. സ്വസ്ഥത അനുഭവിക്കു ന്നു.

ചിന്തകൾ ഒഴിഞ്ഞ ശൂന്യമായ മനസിൽ പരിശുദ്ധത്മാവ് നിറയുന്നു. "ഹ മായ, മായ. മായ സകലതും മായ" എന്നു സഭാപ്രസംഗി പറയുന്നു. ലോകമായയിൽ നിറഞ്ഞ മന സിന്റെ പ്രവർത്തനം കുറഞ്ഞു വരുമ്പോൾ, ഉള്ളിലെ ആത്മാ വിന്റെ ഗുണങ്ങൾ ശക്തിപ്പെട്ടു മനസിനെ ജയിക്കുന്നു.

ശ്വാസോച്ഛ്വാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു ശ്വസന വ്യായാമം (Breathing excercise) ചെയ്യുമ്പോൾ ചിന്തകൾ കുറഞ്ഞു വരുന്നതായും, ചിലപ്പോൾ ഇല്ലാതാവുന്നതായും, അങ്ങനെ വർത്തമാന കാലത്തിൽ (present moment) ശ്രദ്ധ കേന്ദ്രീകരിക്കുന്നതായും അനുഭവപ്പെടും. Mind fullnes (ശ്ര ദ്ധാപൂർണ്ണത), meditation തുടങ്ങിയ മനസിനെ വർത്തമാന കാലത്തിൽ ഉറപ്പിച്ചു നിർത്തി നിത്യാനന്ദം നൽകുന്നു.

ഈഗോ, Internal conflicts, comparsion, തുടങ്ങിയ മനസ്സ് പലവിധ ചിന്തകളിൽ വ്യാകുലമായിരിക്കും. പണ്ടെന്നോ കഴി ഞ്ഞുപോയ ഭൂതകാലവും, വരാനിരിക്കുന്ന, എന്തായിത്തീ രുമെന്ന് യാതൊരു ഉറപ്പുമില്ലാത്ത ഭാവികാലവും, അമിത ചിന്താഭാരവും ഉത്കണ്ഠയും സൃഷ്ടിച്ചുകൊണ്ട് 'ഈ നിമി ഷത്തിലെ ആനന്ദം' ചോർത്തിക്കളയുന്നു. സമയം തക്ക ത്തിൽ ഉപയോഗിച്ചു കൊൾവിൻ. 'ഒരോ നിമിഷവും' രക്ഷ കനായ ദൈവത്തിൽ ചിത്തം ആനന്ദിച്ചു ആഹ്ലാദിച്ചുല്ലസി ക്കട്ടെ. 'ഈ നിമിഷത്തിന്റെ' മനോഹാരിതയിൽ മുഴുകി പൂർണ്ണ മായ ആത്മനിറവിൽ ലയിച്ചു കഴിയുമ്പോൾ ഭാവികാലവും, ഭൂതകാലവും ദൈവത്തിൽ പുഷ്പിച്ചു നിൽക്കുന്ന നിത്യവ സന്തമാണെന്നു അനുഭവപ്പെടും. ഏതു കാലത്തായാലും ഏതു ദേശത്തായാലും, ഏതു നിമിഷവും പിതാവായ ദൈവ ത്തിന്റെ മടിയിലാണ് ഇരിക്കുന്നതെന്ന 'സ്വർഗ്ഗീയ ആനന്ദ ലഹരിയുടെ ബോധം നമ്മെ ദേശത്തിനും, കാലത്തിനും അധീനരാക്കുന്നു. ദേശകാലമന്യേ ഏതു പ്രതിസന്ധിയും ചങ്കൂറ്റത്തോടെ നേരിടാൻ പഠിപ്പിക്കുന്നു.

ആത്മാവിന്റെ സ്വരൂപം ആനന്ദമാണ് സ്വാതന്ത്ര്യമാണ്.

മനസ് പലവിധ ചിന്താ വികാരവിചാരങ്ങളിലൂടെ വ്യാകു ലതപ്പെട്ട് പ്രശ്നങ്ങൾ സൃഷ്ടിക്കും. ചഞ്ചല ചിത്തമാണ് മന സ്സ്.

നിശ്ചലതയാണ് ആത്മാവിന്റെ ഗുണം. മനസ്സ് പലവിധ ചിന്താവികാര, വിചാര സ്മൃതികളിൽനിന്നും നിശ്ചല മാകു മ്പോൾ ആത്മാവ് ഉണർന്നു പ്രവർത്തിക്കും. ലോകത്തിലെ നെഗറ്റീവ് വിഷയങ്ങളോടുള്ള 'അനങ്ങാപാറ നയം' മന സിനെ നിശ്ചലമാക്കുന്നു. ലൗകീക വിഷയങ്ങളോടുള്ള നിർ വികാരതയും നിസ്സംഗതയും മനസിനു പ്രശ്നങ്ങൾ സൃഷ്ടി ക്കുന്നില്ല. ചേമ്പെലയിൽ വെള്ളം വീഴുന്നതുപോലെ ലോക വിഷയം അതിനെ ബാധിക്കാതെ കടന്നുപോകുന്നു. ഒന്നി നാലും ബാധിക്കാത്ത കരുത്തുറ്റ മനസ്സ് ആണ് ശക്തി. Detached, Unaffected.

നിർവ്വികാരതയാണ് സത് (നല്ല) ആത്മാവിന്റെ ലക്ഷണം. ലോക പ്രകാരമുള്ള യാതൊന്നിനോടും വികാരം ഇല്ലാത്ത അവസ്ഥ.

മനസിന്റെയും, അധരത്തിന്റെയും നിശബ്ദത ആത്മാ വിന്റെ ഉയർന്ന ഗുണമാണ്. 'മിണ്ടാതിരുന്നു ദൈവമാരെന്ന

റിഞ്ഞു കൊൾവിൻ' (സങ്കീ.) എല്ലാ ശബ്ദങ്ങളും നിലയ്ക്കുമ്പോൾ ഉള്ളിന്റെ ഉള്ളിൽ 'വഴി വിളക്കായി ദൈവത്തിന്റെ ശബ്ദം തെളിഞ്ഞു കേൾക്കാം. ആഴത്തിലുള്ള നിശബ്ദതയിൽ മനുഷ്യത്മാവ് (മനസ്), ദൈവാത്മാവോട് (ഉള്ളിലെ ആത്മചൈതന്യത്തോട്) ലയിച്ചു ചേർന്ന് ശാശ്വത സുഖവും, സൗഖ്യവും, സ്വസ്ഥതയും, സമാധാനവും, സംതൃപ്തിയും, ആത്മവിശ്വാസവും, ധൈര്യവും നേടിയെടുക്കുന്നു. വാക്കുകൾക്കും, അറിവുകൾക്കും അതീതമായ ആത്മീയ ലഹരിയുടെ നിർവൃതി/ അനുഭൂതിയുടെ തലങ്ങളിൽ മനസിന്റെ അമിത പ്രവർത്തനങ്ങൾ നിലയ്ക്കുന്നു. മനസിന്റെ വിശ്രമം (Rest Relaxation of mind). ആത്മാവിൽ എല്ലാം തികഞ്ഞ അവസ്ഥയിൽ ഇനിയൊന്നും നേടാനില്ലാത്തവിധം എല്ലാം നേടിക്കഴിഞ്ഞ മനസ്സ് സ്വസ്ഥതയിൽ ആനന്ദിക്കുന്നു. ആത്മാവിന്റെ പോഷണത്തിലൂടെ ആരോഗ്യം, ധൈര്യം, ആത്മവിശ്വാസം, സമാധാനം ലഭിക്കുന്നു.

മായയായ ഭൗതിക സുഖങ്ങൾക്കെല്ലാം ഒരു പരിധി ഉണ്ട്. ആത്മധ്യാനത്തിലൂടെ കൈവരിക്കുന്ന ആനന്ദം എന്നുമെന്നേയ്ക്കും നില നിൽക്കുന്നു. അതിലൂടെ ഭൂമിയിൽ ജീവിക്കുന്ന ഓരോ നിമിഷവും സ്വർഗ്ഗ തുല്യമായിത്തീരുന്നു. പരമാനന്ദത്തിന്റെ ദിവ്യരഹസ്യം അവനവന്റെ ഉള്ളിന്റെ ഉള്ളിലെ 'ആത്മീയ ചൈതന്യത്തെ ഉണർത്തി' മനസിനുള്ളിലെ ദൈവീകതയെ അന്വേഷിച്ചറിയലാണ്. ധ്യാനത്തിലൂടെ ഉള്ളിലുള്ള ദൈവചൈതന്യത്തെ രുചിച്ചറിയുന്നവർ സദാ ദൈവത്തിൽ തന്നെ രസിച്ചിരിക്കുന്നു. (സങ്കീ. 34:8-10, സങ്കീ. 37:4)

ഒരുവൻ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ ദൈവത്തോടൊപ്പമുള്ള നിത്യാനന്ദം (Eternal pleasure with God) മനസിനെ ദൈവത്തിൽ ലയിപ്പിക്കുന്ന ധ്യാനത്തിലൂടെ ലഭിക്കുന്നു. പരിശുദ്ധാത്മാവിന്റെ വരങ്ങളിലൊന്നാണ് ആനന്ദം. പരമാത്മാവിന്റെ ഗുണമാണ് ആനന്ദം. ഇന്ദ്രീയാനുഭവം കൊണ്ടോ, അതീന്ദ്രീയാനുഭവം കൊണ്ടോ മനസ്സ് ആത്മാവിനെ തൊട്ടുണർത്തുന്നതാണ് ആനന്ദം പരമാനന്ദം എന്നാൽ അങ്ങെയറ്റത്തെ ആനന്ദം (Bliss) സ്വർഗ്ഗീയാനുഭൂതി, മുക്തി , മോക്ഷം എന്ന ബ്രഹ്മാനന്ദം ആകുന്നു.

●

# 'ആഗ്രഹം'

'ആഗ്രഹം' എന്നത് മനുഷ്യന്റെ ഉള്ളിലെ ഒരു ശക്തമായ ഇച്ഛയാണ്. അത് ഭാവി സംഭവങ്ങൾ, ലക്ഷ്യങ്ങൾ, അനുഭവങ്ങൾ, അല്ലെങ്കിൽ വിജയങ്ങൾക്കായി ഉള്ള ആഗ്രഹം ആകാം. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ആഗ്രഹം ഒരുപോലെ മികവുറ്റവുമായ ദിശകൾക്ക് പ്രചോദനമാകാം, എന്നാൽ ചിലപ്പോൾ അതിന് പരിധിയില്ലാത്തവരുമായും അപകടകരമായതുമായ ഫലങ്ങൾ ഉണ്ടാകാം.

ആഗ്രഹങ്ങളുടെ പ്രാധാന്യം, വ്യക്തിയുടെ മനസ്സിലുള്ള ആലോചനകളും സങ്കല്പങ്ങളും ആഗ്രഹങ്ങൾക്കും അനുബന്ധിച്ചിരിക്കുന്നു. ശരിയായ ആഗ്രഹം, സ്വാതന്ത്ര്യവും, സമാധാനവും, സന്തോഷവുമായ ജീവിതം നേടാൻ വഴിയൊരുക്കുന്നുണ്ട്.

എന്തായാലും, ആഗ്രഹങ്ങൾ ഏറ്റവും മികച്ചതിലേക്ക് ഉയർന്നോ, അല്ലെങ്കിൽ സ്വാർത്ഥതയിലേക്കുള്ള ഇടവേളകൾ ആയി മാറുകയും ചെയ്യാം.

ആഗ്രഹം മനുഷ്യന്റെ ഉള്ളിലേക്കുള്ള ഒരു ദ്വാരം തുറക്കുന്നതിനുള്ള ഒരു ശക്തി, എന്നാൽ അതിനെ പൊരുത്തപ്പെടുത്താനും നിയന്ത്രിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# പഹൽഗാം ഭീകരാക്രമണത്തിൽ മരണപ്പെട്ടവർക്ക് ക്നാനായ കോൺഗ്രസ് റാന്നി മേഖല ആദരാഞ്ജലികൾ അർപ്പിച്ചു.



*പഹൽഗാം ഭീകരാക്രമണത്തിൽ മരണപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. ഭീകര വിരുദ്ധ പ്രതിജ്ഞ എടുത്തു ക്നാനായ കോൺഗ്രസ് റാന്നി മേഖല കമ്മറ്റി. മേഖല പ്രസിഡന്റ് റവ. ഫാ. സ്റ്റെവിൻ ഏബ്രഹാം പുളിമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു. വെരി. റവ.റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ മുളമൂട്ടിൽ ഉദ്ഘാടനം ചെയ്തു. കേന്ദ്ര പ്രസിഡന്റ് റവ.ഫാ. സന്തോഷ് ചെറുകരേത്ത്, കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, ലെനി ഐയ്ക്കാട്ട് മാളിയേക്കൽ, സെറിൻ പള്ളത്ര, ബിബിൻ കല്ലംപറമ്പിൽ, ജയ്മോൻ മേപുറത്ത്, സജി ചെറിയമൂഴിയിൽ, സണ്ണി കുളമടയിൽ, തമ്പി മുരിക്കോലിപ്പുഴ, നിറ്റോ മേപ്പുറത്ത്, ലിയോൻ ലെനി എന്നിവർ സംബന്ധിച്ചു.*




# കഴുതയുടെ നിഴൽ

അതിശക്തമായ വേനൽക്കാലം. ഒരു യുവാവിന് ആഥൻസിൽ നിന്ന് മെഗരവരെ പോകേണ്ടിയിരുന്നു. അതിനായി അയാൾ ഒരു കഴുതയെ വാടകയ്ക്കെടുത്തു.

മദ്ധ്യാഹ്നമായപ്പോൾ ഉഷ്ണം അസഹ്യമായി. ബോധം കെട്ടു വീഴും എന്നുവരെ തോന്നി യുവാവിന്. അയാൾ ഉടനെ താഴെ ഇറങ്ങി കഴുതയുടെ നിഴലിൽ വിശ്രമിക്കാൻ മുതിർന്നു.

കഴുതയെ നടത്തിക്കുന്ന ആൾ സമ്മതിച്ചില്ല. ആ നിഴലിൽ തനിക്കും വിശ്രമിക്കാൻ അവകാശമുണ്ടെന്നായിരുന്നു അയാളുടെ വാദം.

എന്ത്? യാത്ര തീരുംവരെ ഈ കഴുതയെ ഞാൻ വാടകയ്ക്ക് എടുത്തിരിക്കുകയല്ലേ? യുവാവ് ചോദിച്ചു.

അതെ സമ്മതിക്കുന്നു. കഴുതയെ നടത്തിക്കുന്ന ആൾ പറഞ്ഞു. 'പക്ഷെ നിങ്ങൾ കഴുതയെ മാത്രമേ വാടകയ്ക്കെടുത്തുള്ളൂ. കഴുതയുടെ നിഴൽ എടുത്തില്ല'

രണ്ടുപേരും നിഴലിനെ സംബന്ധിച്ചു വഴക്കിട്ടുകൊണ്ടിരിക്കെ കഴുത തനിക്കു വിശ്രമിക്കാൻ ഒരു തണൽ അന്വേഷിച്ച് ഓടിപ്പോവുകയും ചെയ്തു.

***ഉള്ളത് പങ്കിടാതെ വഴക്കടിച്ചാൽ***
***ഉള്ളതും നഷ്ടമാവും***

## Bible Quiz (English) For Children
### May- 1 Chronicles

1. Zan, Jan, Medan and Midean Isb and suah were children of which couple?
2. What was the name of the son David had with Abigail?
3. Where did the Philistines take king Saul's head?
4. Which man was the first to attack the Jebuzeus being elected head of the army by David?
5. Which descendant of Judah was more illustri ous than his brothers?
6. How many tons of gold and silver did David give to the temple?
7. Whose son was Nebaiote?
8. To seek the ark of God from the house of obededam king David chose which priest to head?
9. Who integrated the counsel of king David?
10. What is the name of the warrior who wounded Lami, brother of the giant Goliath?

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**ദിനവൃത്താന്തം രണ്ടാം പുസ്തകം**
**മെയ് മാസത്തിലെ ചോദ്യങ്ങൾ**

1. ഊരിയുടെ പിതാവിന്റെ പേരെന്ത്?
2. ശലോമോന്റെ ദൈവാലയത്തിൽ കൊത്തിയിരുന്ന വൃക്ഷരൂപം ഏത്?
3. പ്രവാചകനാൽ അടിയേറ്റ പ്രവാചകൻ ആര്?
4. ആദ്യമായി നേർച്ചപ്പെട്ടി ഉണ്ടാക്കിയതാര്?
5. പുരോഹിതന്മാരോട് കോപിച്ച് കുഷ്ഠം പിടിച്ചവൻ ആര്?
6. മനശ്ശെ എത്ര സംവത്സരം യെരുശലേമിൽ വാണു?
7. യെരുശലേമിന്റെ ഏതു ഭാഗത്താണ് ഹുൽദാ പ്രവാചകി പാർത്തിരുന്നത്?
8. യോശിയാവിന്റെ വാഴ്ചയുടെ ഏതു സംവത്സരമാണ് ചരിത്രപ്രസിദ്ധമായ പെസഹാ ആചരിച്ചത്?
9. യഹോവയുടെ ആലയത്തിലെ ഉപകരണങ്ങൾ ബാബേലിലേക്ക് കൊണ്ടുപോയതാര്?
10. "സ്വർഗ്ഗത്തിലെ ദൈവമായ യഹോവ ഭൂമിയിലെ സകല രാജ്യങ്ങളെയും എനിക്കു തന്നിരിക്കുന്നു" എന്നു പറഞ്ഞ രാജാവാര്?

**ഏപ്രിൽ മാസത്തിലെ ഉത്തരങ്ങൾ**

ദിനവൃത്താന്തം ഒന്നാം പുസ്തകം


1. സീദോൻ (1:13,14)
2. ആഖാൻ (2:7)
3. മിഥ്യ (4:8)
4. യോഹന്നാൻ (6:10)
5. മാഖീർ (7:14)
6. ഗിൽബോവ പർവ്വതത്തിൽ വെച്ച് (10:15,8)
7. ബെന്യാമീന്യർ (12:8)
8. മീഖൾ (15:29)
9. ഹദദേസെരിന്റെ (18:4)
10. ദാവീദ് (29:5)

### Answers for the month of March
### April 2 Kings

1. Flour (4:41)
2. Elisha (8:11-12)
3. 102 (1:9-12)
4. Elisha (2:22-4)
5. Jehu (9:20)
6. Jesebel (9:36)
7. Elisha (2:12-13)
8. Elijah
9. Widow of one of the prophets (4:6)
10. Leprosy (5:14)

*15th Death Anniversary*

04- 06 - 2025



# Commander Bar Eto Mahimano

# Dr. P. A. Jacob (Babu)

**Panachayil House, West Othera, Thiruvalla**


"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

**POABS GROUP**

Advt - S




## ആദരാഞ്ജലികൾ



**ഫാ. മാത്യൂസ് തൈക്കൂട്ടത്തിൽ**
**(Tampa, U S A)**

Inserted by
ക്നാനായദീപം & ക്ലീമിസ് പ്രസ്സ്

## 40 – ാം ചരമദിനം

11 – 05 – 2025



**P.I. KURIAN (81)**
**Pachamkulathu (H), Manjadi P.O.**

ഭാര്യ–Salamma Kurian
മക്കൾ–Cinu, Ciju, Seema, Cijo
മരുമക്കൾ–Jeena, Titty, Binoy, Teenu
കൊച്ചുമക്കൾ–Glen, Nihia, Candace, Deborah, Neha, Noha, Nanma, Elisha, Edwin

Advt - O

# 4–ാം ചരമവാർഷികം

## 03–06–2025



# VALSAMMA THOMAS

## W/o C. T. Thomas (Monachan)

**Chathurathundiyil Family**

**Kurichy**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## Mrs. Saramma Stephen

11th Year of Ascendancy to Heaven From This Transitorial Earthly Life

21-05-2025



## Prof. K. C. Kuriakose

15th Year of Passing Away From This Mortal Life on

09-06-2025



*Inserted by*

Valanjanthuruthil Family

**Ranny**

Kunnirickal Family

Advt -S

---

8–ാം ചരമവാർഷികം

11–05–2025



ലൈസാമ്മ മാത്യു

14–ാം ചരമവാർഷികം

19–06–2025



ഏലിയാമ്മ മാത്തുണ്ണി

മുളമൂട്ടിൽ, കുറ്റൂർ, തിരുവല്ല

Advt -S

14–ാം ചരമവാർഷികം

26–06–2025



അഡ്വ. ജൂലി സുനിൽ

കല്ലുവെട്ടാംകുഴിയിൽ,
താഴത്തങ്ങാടി, കോട്ടയം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 40-ാം ചരമദിനം

20-05-2025



## ജയിംസ് തോമസ്

കുട്ടോലമഠം, ചെങ്ങളം

പ്രാർത്ഥനയിൽ മേന്മേൽ ഞങ്ങളെ ഓർപ്പിൻ
ഞങ്ങളെ മറന്നിടാൻ ഇടയാകരുതെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## *40th Day in Heaven*

23 - 05 - 2025



## ANNIE ABRAHAM

തോട്ടത്തിൽ, ഇരവിപേരൂർ

We miss you Mummy

Advt - O

## 16-ാം ചരമവാർഷികം

25-05-2025



**ഇ. എ. ഏബ്രഹാം**
(കുഞ്ഞച്ചൻ)
(Rtd. Water Authority Engineer)

## 7-ാം ചരമവാർഷികം


18-12-2025



**ചിന്നമ്മ ഏബ്രഹാം**

## 3-ാം ചരമവാർഷികം

22-08-2025



**കെ. ജെ. ഏബ്രഹാം (ഷാജി)**
(Rtd. RBI Asst. Manager)

കുനിയാടത്ത്, എറണാകുളം

ഇടയാടിയിൽ
പാവുക്കര, മാന്നാർ

Sorrowing Family

Advt -G

**51-ാം ചരമവാർഷികം**
22-05-2025

**29-ാം ചരമവാർഷികം**
09-08-2025

**5-ാം ചരമവാർഷികം**
02-06-2025







**മാത്തൻ ഉലഹന്നാൻ** **ശോശാമ്മ മാത്തൻ** **ജിബുമോൻ കുറിയാക്കോസ്**

## വട്ടുകളത്തിൽ, തൃക്കോതമംഗലം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

*17th Happy Birthday to our Angel in Heaven*
26-05-2025



Advt - S

## LIDIYA ELVIS NELLICKAL

**Nellickal House, Vallamkulam, Thiruvalla**

"Those we love don't go away, they walk beside us every day. Unseen, unheard, but always near; still loved still missed, and very dear"

With Love & Hope
Binu Elvis, Lesly, Lifin & Hanok, Leen

**8-ാം ചരമവാർഷികം**
22-05-2025



## Er. P.A. Philip

**(Rtd. Executive Engineer, PWD)**
**Puthuveettil, Ranny**

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 9–ാം ചരമവാർഷികം

29 - 04 - 2025



## സണ്ണി ഏബ്രഹാം

കല്ലുംപറമ്പിൽ, റാന്നി
(Boston)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 2–ാം ചരമവാർഷികം

25- 05 - 2025



## SARAMMA THOMAS

Mulamoottil, Kuttoor

"ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു
വിശ്വാസം കാത്തു. ഇനിയും നീതിയുടെ കിരീടം
എനിക്കായി വച്ചിരിക്കുന്നു" (2 തിമോ 4:7 – 8)

Advt - S

## 3–ാം ചരമവാർഷികം

01 – 06 – 2025



## മറിയക്കുട്ടി ചെറിയാൻ &
## ചെറിയാൻ ഏബ്രഹാം

ഊരാക്കമണ്ണിൽ, വള്ളംകുളം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 23–ാം ചരമവാർഷികം

5 – 05 – 2025



## ഈശ്വരൻപറമ്പിൽ അച്ചൻ

കുറിച്ചി

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

*10th Anniversary in Heaven*

**23- 05 - 2025**



# Reeve Mathew

## Ottaplammoottil, Chicago, USA

*Reeve you will forever remains*
*in our each breath, we miss*
*you until we meet again*
*Appa & Amma*

Advt - R

## 2 – ാം ചരമവാർഷികം
14 – 05 – 2025



Advt -O

## K.K. ABRAHAM (ബേബിച്ചായൻ)
Kallumkal House, Thazhathangady P.O., Kottayam

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## *2nd Death Anniversary*
18 - 05 - 2025



## P. A. Thampy
Pulimoottil house (Kallissery), Edappally, Kochi

Living in our hearts for ever

Advt - O

## 4 – ാം ചരമവാർഷികം
22 – 05 – 2025



## ശോശാമ്മ തോമസ് മരങ്ങാട്ട്
Marangattu House, Vakathanam
(Manchester-UK)

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ


*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 6–ാം ചരമവാർഷികം
7 - 05 - 2025

## 33–ാം ചരമവാർഷികം
3 - 06 - 2025





## മറിയാമ്മ കുര്യൻ
(പെണ്ണമ്മ)

## എം. സി. കുര്യൻ
(കുര്യച്ചൻ)

മണിമലവീട്
പരുത്തുംപാറ

"കരുണനിറഞ്ഞവനെ
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

19 – ാം ചരമവാർഷികം
08 – 08 – 2006

25 – ാം ചരമവാർഷികം
04 – 05 – 2000



ടി. എസ്സ്. ഏബ്രഹാം

കുഞ്ഞൂഞ്ഞമ്മ ഏബ്രഹാം

താമരപ്പള്ളിൽ, നെന്മാറ

Advt- O

In loving memory

13th Death Anniversary
02-06-2025



M.C. Chandy
(Pappachan)

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

1st Death Anniversary
25-05-2025



Achamma Chandy
(Ammini)

Melel House,
Chethomkara, Ranni

15th Death Anniversary
12-06-2025



Sony Melel
(Sony)

By Sorrowing Family

Advt - O

*4rd Death Anniversary*
26 - 09 - 2025

*18rd Death Anniversary*
01 - 05 - 2025



## M.C. Mary

## P.T.Kuriakose
(Rtd. Asst. Executive Engineer, PWD)

**Puthuchirayil, Manniram P.O., Ranni**

Children- Sapna, Sneha, Seema (Chinnu), Soney, Shany
Children in-laws- Liju Kunnassery, Ginson Kavery, Anil Palakudy, Pritty Panthramkuzhy, Betty Kunnumpurathu
Grand Childrens- Leon & Ron, Yakin & Yash, Aleena, Almavy & Zachariah, Erics & Elahn, Olivia & Alphy

Advt - O

## വേർപാടിന്റെ 10–ാം വാർഷികം
26–5–2025



## സി. ഒ. ചാക്കോ

**ചേരാറ്റുകളത്തിൽ, കഞ്ഞിക്കുഴി, കോട്ടയം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1–ാം ചരമവാർഷികം
04–06–2025



## ശോശാമ്മ കുര്യൻ

**വലിയവീട്ടിൽ, പുല്ലരിക്കുന്ന്, കോട്ടയം**

“ഒരു വർഷം കഴിഞ്ഞിട്ടും ഞങ്ങളുടെ ഹൃദയങ്ങൾ ഇപ്പോഴും വേദനിക്കുന്നു. ഞങ്ങൾ മുന്നോട്ട് പോകുമ്പോൾ നിങ്ങളുടെ ഓർമ്മയും സ്നേഹവും ഞങ്ങളെ ആശ്വസിപ്പിക്കുന്നു”.

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

47 –ാം ചരമവാർഷികം
21–04–1978

1 –ാം ചരമവാർഷികം
21–05–2024



വി. പി. ഉതുപ്പാൻ

അമ്മുക്കുട്ടി ഉതുപ്പാൻ

വെളിയത്ത് താഴ്ചയിൽ, മഴുക്കീർ

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt- O

13–ാം ചരമവാർഷികം
18–05–2025



എം. ജെ. ഏബ്രഹാം

(Rtd. P.W.D Engineer)

മലേശ്ശേരിൽ, വള്ളംകുളം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

6–ാം ചരമവാർഷികം
02–05–2025



സാറാമ്മ ജേക്കബ് (മോളി)

മേലേത്ത് പേരൂത്തറ, വള്ളംകുളം, തിരുവല്ല

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

# യേശുനാമം

ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

**ആമുഖം**

യേശു എന്ന നാമത്തിന്റെ അത്ഭുതശക്തി വെളിപ്പെടുത്തുന്ന അനേകം സംഭവങ്ങൾ വി. ഗ്രന്ഥത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇടിമിന്നൽപോലെ ദൈവശക്തിയെ ഭൂമിയിലേക്ക് വിളിച്ചിറക്കുന്ന നാമമാണ് യേശുനാമം. യേശു എന്ന പേര് തെരഞ്ഞെടുത്തത് ദൈവമാതാവോ യൗസേഫ്പിതാവോ അവരുടെ ചാർച്ചക്കാരിൽ ആരെങ്കിലുമോ ആയിരുന്നില്ല. പിന്നെയോ പിതാവായ ദൈവം തന്നെയാണ്, യേശുനാഥൻ മാതാവിന്റെ ഉദരത്തിൽ ജന്മമെടുക്കുന്നതിന് മുമ്പു തന്നെ "യേശു എന്നു പേരിടണം" എന്നു പിതാവാം ദൈവം തീരുമാനിച്ചു. "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം" (ലൂക്കോസ്1:31).

രാജാക്കന്മാരും ചക്രവർത്തികളും ഭരണകൂടങ്ങളും പല പ്രസ്ഥാനങ്ങളും ഏകാധിപതികളും സൈനിക ശക്തികളും ഈ നാമത്തെ തുടച്ചുമാറ്റാൻ ഒറ്റക്കെട്ടായി പരിശോധിച്ചിട്ടുണ്ട്. എന്നാൽ അവരെല്ലാം തകർന്ന് നാമാവശേഷമായി. യേശു എന്ന നാമം ജനകോടികളെ ആവേശം കൊള്ളിച്ച് ഇന്നും ഉയർന്നു നിൽക്കുന്നു.

**യേശുനാമത്തിന്റെ സവിശേഷതകൾ**

**1. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം -യേശുനാമം**

ഭൂമിയിലും, സ്വർഗ്ഗത്തിലുമുള്ള എല്ലാ നാമത്തിനും ഉപരിയാണ് യേശുനാമം. അതായത് യേശു എന്ന നാമത്തിനു മുകളിൽ അധികാരമുള്ള വേറൊരു നാമം സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലും ഇല്ലാ എന്നർത്ഥം. തിരുവചനത്തിൽ നമ്മൾ വായിക്കുന്നു. "ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു" (ഫിലി.2:9).

എന്തെന്നാൽ പിതാവാം ദൈവത്തിന്റെ ഇഷ്ടനാമമായ 'യേശു' എന്ന നാമത്തിന്റെ മുമ്പിൽ ഈ സൃഷ്ട പ്രപഞ്ചത്തിലുള്ള സകലരും മുട്ടുകൾ മടക്കണമെന്ന് ദൈവപിതാവ് ആഗ്രഹിക്കുന്നു.

**2. പിശാചുക്കൾ ഞെട്ടിവിറയ്ക്കുന്ന നാമം -യേശുനാമം**

യേശു തന്റെ ശിഷ്യന്മാരെ ഈ രണ്ടുപേരായി താൻ പോകാനിരുന്ന എല്ലാ പട്ടണങ്ങളിലേക്കും നാട്ടിൻപുറങ്ങളിലേക്കും അയച്ചു. അവർപോയി യേശു പറഞ്ഞതുപോലെ ചെയ്തു; പ്രസംഗിച്ചു,പ്രാർത്ഥിച്ചു, ജനത്തെ ഒരുക്കി. അവരുടെ ശുശ്രൂഷസമയത്ത് യേശുനാമത്തിലൂടെ നടന്ന അത്ഭുതകാര്യങ്ങൾ അവർ തിരിച്ചുവന്ന് യേശുവിനെ അറിയിച്ചു.

"എഴുപത്തിരണ്ടുപേരും സന്തോഷത്തോടെ തിരിച്ചുവന്നു പറഞ്ഞു: കർത്താവേ, നിന്റെ നാമത്തിൽ പിശാചുക്കൾപോലും ഞങ്ങൾക്ക് കീഴ്പ്പെടുന്നു" (ലൂക്കോസ് 10:17). അപ്പോൾ യേശു അവരോട് പറഞ്ഞു "സാത്താൻ സ്വർഗ്ഗത്തിൽ നിന്ന് ഇടിമിന്നൽപോലെ നിപതിക്കുന്നതു ഞാൻ കണ്ടു" (ലൂക്കോ. 10:18).

നമ്മൾ യേശുനാമത്തിൽ പ്രാർത്ഥിക്കുമ്പോൾ വചനം പ്രസംഗിക്കുമ്പോൾ സാത്താൻ ഇടിമിന്നൽപോലെ നിലംപതിക്കുന്നു. നമ്മുടെ കുടുംബത്തിൽ നിന്ന്, ഇടവകയിൽ നിന്ന്, കൂട്ടായ്മയിൽ നിന്ന്, സ്ഥാപനത്തിൽ നിന്ന്, ദേശത്തുനിന്ന് സാത്താൻ ഇടിമിന്നൽപോലെ വീണുതകരാൻ 'യേശു' എന്ന നാമം ശക്തിയായി ഉപയോഗിക്കുക. യേശുവിന്റെ നാമം ഏറ്റുപറയുക. യേശുനാമത്തെ സ്തുതിക്കുന്ന പാട്ടുകൾ പാടി പ്രാർത്ഥിക്കുക.

യേശുനാമത്തിൽ പിശാചു ബഹിഷ്ക്കരിക്കപ്പെടുന്ന ബൈബിൾ ഭാഗങ്ങൾ ലൂക്കോസ് 9:49-50. അപ്പോ. 16:18, മർക്കോസ് 1:21-27, അപ്പോ. 8:4-8, എന്നീ ഭഗങ്ങളിലൂടെ തിരുവചനം നമുക്ക് തെളിവു നൽകുന്നു യേശുനാമത്തിന്റെ ശക്തിയാൽ പിശാചുക്കൾ പുറത്താക്കപ്പെടുന്നു എന്ന്.

**3. രോഗശാന്തി നൽകുന്ന നാമം - യേശുനാമം**

പത്രോസും യോഹന്നാനും പ്രാർത്ഥിക്കുവാനായി ദൈവാലയത്തിലേക്ക് പോകുമ്പോൾ സുന്ദരകവാടത്തിൽവെച്ച് ജന്മനാ മുടന്തനായ ഒരുവൻ ഭിക്ഷയാചിച്ചു. പത്രോസ് അവനെ സൂക്ഷിച്ചുനോക്കി. ഉടനെതന്നെ പത്രോസ് ധൈര്യപൂർവ്വം പറഞ്ഞു "വെള്ളിയോ, സ്വർണ്ണമോ എന്റെ കൈയ്യിലില്ല, എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു. നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക" ( അപ്പോ.3:6).

അവിടെ കൂടിവന്ന ജനപ്രമാണിമാർ അപ്പോസ്തോലന്മാരെ ചോദ്യം ചെയ്തു. നിങ്ങൾ എന്തധികാരത്താലാണ് അഥവാ ആരുടെ നാമത്തിലാണ് ഇതു പ്രവർത്തിച്ചത്? അപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പത്രോസ് അവരോടു പറഞ്ഞു "നിങ്ങളും ഇസ്രായേൽ ജനം മുഴുവനും ഇതറിഞ്ഞിരിക്കട്ടെ. നിങ്ങൾ ക്രൂരിശിൽ തറച്ചു കൊല്ലുകയും മരിച്ചവരിൽ നിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിലാണ് ഈ മനുഷ്യൻ സുഖം പ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത് (അപ്പോ. 4:7-10).

വി.വചനത്തിൽ മറ്റ് അനേകം ഭാഗങ്ങളിൽ യേശുനാമത്തിന്റെ ശക്തിയാൽ രോഗസൗഖ്യവും മറ്റു അത്ഭുതങ്ങളും നടന്നത് പ്രതിപാദിച്ചിരിക്കുന്നു. ആദിമസഭാസമൂഹം ഒരുമിച്ചുകൂടിയിരുന്നപ്പോഴെല്ലാം യേശുവിന്റെ നാമത്തിൽ വൻകാര്യങ്ങൾ സംഭവിക്കുന്നതിനുവേണ്ടി അവർ പ്രാർത്ഥിക്കുമായിരുന്നു (അപ്പോ.4:30-31). പ്രിയമുള്ളവരെ യേശുവിന്റെ നാമത്തിലുള്ള ബോധ്യവും വിശ്വാസവും നമ്മിൽ വളരട്ടെ. നമ്മൾ രോഗത്താൽ ഭാരപ്പെടുമ്പോൾ യേശുനാമം വിശ്വാസത്തോടെ നമുക്ക് വിളിച്ചപേക്ഷിക്കാം.

**4. രക്ഷയ്ക്കുള്ള ഏകനാമം -യേശുനാമം**

ദൈവവചനം വളരെ വ്യക്തമായി പഠിപ്പിക്കുന്നു. മനുഷ്യരക്ഷയ്ക്കായുള്ള ഏകനാമമാണ് യേശുനാമം. മറ്റാരിലും രക്ഷയില്ല. നാം വിശ്വാസത്തോടെ വിളിച്ചപേക്ഷിച്ച് രക്ഷ പ്രാപിക്കാൻ സ്വർഗ്ഗം നമുക്കു നൽകിയിട്ടുള്ള രക്ഷാനാമമാണ് യേശുനാമം. തിരുവചനത്തിൽ നമ്മൾ വായിക്കുന്നു. "ആകാശത്തിനുകീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല" (അപ്പോ. 4:12). "അവന്റെ നാമത്തിൽ വിജാതിയർ പ്രത്യാശവയ്ക്കും" (മത്തായി 12:21). "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷ പ്രാപിക്കും" (യോവേൽ 2:32). അപ്പോ. 16:31, യോഹ. 3:36, 1 പത്രോസ് 3:15 എന്നീ തിരുവചനഭാഗങ്ങളിലും

മനുഷ്യർ രക്ഷപ്രാപിക്കുന്നതിലുള്ള അടിസ്ഥാനം യേശുക്രിസ്തുവിലുള്ള വിശ്വാസമാണെന്ന് കാണുന്നു.

**5. സകലത്തിന്റെമേലും അധികാരമുള്ള നാമം –യേശുനാമം**

പുനരുത്ഥാനത്തിന് ശേഷം താൻ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുന്നതിന് തൊട്ടുമുമ്പ് യേശുനാഥൻ തന്റെ ശിഷ്യന്മാരോട് വെളിപ്പെടുത്തി "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു" (മത്തായി 28:18).

തിരുവചനം പഠിപ്പിക്കുന്നു. "ഇത്, യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും, യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ് (ഫിലി. 2:10–11).

അപ്പോസ്തോല പ്രവൃത്തികളിൽ നമ്മൾ കാണുന്നു "ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും വിധികർത്താവായി ദൈവം നിയോഗിച്ചിരിക്കുന്നവൻ അവനാണ് എന്ന് ജനങ്ങളോട് പ്രസംഗിക്കാനും സാക്ഷ്യം വഹിക്കാനും ഞങ്ങൾക്ക് കല്പന നൽകി" (അപ്പോ.10:42).

തിരുവചനത്തിലൂടെ നമുക്ക് മനസ്സിലാക്കി. ഈ പ്രപഞ്ചത്തിലെ സകല സൃഷ്ടവസ്തുക്കളുടെമേലും യേശുനാമത്തിന് അധികാരമുണ്ട്. ജീവിച്ചിരിക്കുന്നവരുടെമേലും മരിച്ചവരുടെമേലും യേശുവിന് അധികാരമുണ്ട്.

**6. പരിശുദ്ധാത്മാവിനെ നൽകുന്ന നാമം –യേശുനാമം**

യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ, യേശുനാമത്തെക്കുറിച്ച് കേട്ടുകൊണ്ടിരിക്കുമ്പോൾ, യേശുനാമം പ്രഘോഷിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾഒക്കെ പരിശുദ്ധാത്മാവ് വ്യക്തികളുടെമേൽ വന്നു നിറയുന്നു. അപ്പോ. പ്രവൃ. 10:44–46 ലും യോഹ.14:26 ലും നമ്മൾ തിരുവചനത്തിൽ അത് കാണുന്നു.

**7. അനുഗ്രഹം വാഗ്ദാനം ചെയ്യപ്പെട്ട നാമം –യേശുനാമം**

നാം ഒരു പ്രവൃത്തി ചെയ്യുമ്പോൾ അത് അനുഗ്രഹപ്രദമായി മാറണമെങ്കിൽ അത് യേശുനാമത്തിൽ ചെയ്യണം. തിരുവചനം നമ്മെ പഠിപ്പിക്കുന്നു.

'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ ക്രിസ്തുവിലുള്ളവരാകയാൽ അവന്റെ നാമത്തിൽ ആരെങ്കിലും നിങ്ങൾക്ക് ഒരുപാത്രം വെള്ളം കുടിക്കാൻ തന്നാൽ അവനു പ്രതിഫലം ലഭിക്കാതിരിക്കുകയില്ല" (മർക്കോ.9:41). വീണ്ടും തിരുവചനം പഠിപ്പിക്കുന്നു. "നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിന് കൃതജ്ഞത അർപ്പിച്ചുകൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ" (കൊലോ.3:17).

യേശുനാമത്തിൽ ചെയ്ത പ്രവൃത്തികൾ വെള്ളികൊണ്ടും സ്വർണ്ണംകൊണ്ടും പണിതതിനു തുല്യമാണ്. മറ്റു പ്രവൃത്തികൾ പുല്ലുകൊണ്ടും വൈക്കോലുകൊണ്ടും പണിതതിനു തുല്യം. അതിനാലാണ് ശ്ലീഹാ പഠിപ്പിക്കുന്നത്. നിങ്ങൾ ഒരു വാക്കു പറഞ്ഞാൽ അത് യേശുനാമത്തിൽ പറയണം. ഒരു പ്രവൃത്തി ചെയ്താൽ അത് യേശുനാമത്തിൽ ചെയ്യണം എന്ന്.

**8. സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്ന നാമം –യേശുനാമം**

നാം പ്രാർത്ഥിക്കുമ്പോൾ യേശുനാമത്തിൽ പ്രാർത്ഥിക്കണം. തിരുവചനം നമ്മെ പഠിപ്പിക്കുന്നു. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും" (യോഹ.16:23).

"നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും" (യോഹ.14:13).

യേശുവിനോട് പ്രാർത്ഥിക്കുമ്പോഴും യേശുനാമത്തിൽ പ്രാർത്ഥിക്കാൻ കർത്താവ് നമ്മെ പഠിപ്പിക്കുന്നു. "എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" (യോഹ.14:14).

**ഉപസംഹാരം**

പ്രിയമുള്ളവരെ ഈ ലേഖനത്തിലൂടെ യേശുനാമത്തിന്റെ സവിശേഷതകളും യേശുനാമം വിളിച്ചപേക്ഷിക്കുമ്പോൾ സംഭവിക്കുന്ന അത്ഭുതകാര്യങ്ങളും നമ്മൾ കണ്ടുകഴിഞ്ഞു. മദ്ധ്യപൗരസ്ത്യദേശങ്ങളിലെ നമ്മുടെ സുറിയാനിസഭയുടെ ദയറാകളിൽ ഇപ്പോഴും സന്യസ്ത വൈദികർ എപ്പോഴും ഉപയോഗിക്കുന്ന പ്രാർത്ഥനയാണ് 'യേശുനാമ പ്രാർത്ഥന' അവർ എപ്പോഴും 'യേശുനാമം' നാവിൽ ഉരുവിട്ടുകൊണ്ടിരിക്കും. എല്ലാ വിശ്വാസികളും എപ്പോഴും 'യേശുനാമം' നാവിൽ ഉരുവിടുവാൻ സ്വർഗ്ഗം ആഗ്രഹിക്കുന്നു. വിശ്വാസികളായ നമുക്കെല്ലാവർക്കും എപ്പോഴും പ്രാർത്ഥിക്കാം. 'പ്രഭോ, യേശുനാഥാ അടിയനിൽ കരുണ തോന്നണമേ".



ബാംഗ്ലൂർ, ഹെന്നൂർ സെന്റ് മേരീസ് ക്നാനായ ദേവാലയത്തിലെ KYA യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട (04/05/25) ബാഡ്മിന്റൺ ടൂർണമെന്റിൽ പങ്കെടുത്തവരും വിജയികളും ആയവർ വികാരി ഫാ. ഡിബിൻ ജേക്കബ് കളത്തിൽ പറമ്പിൽനോടൊപ്പം.

# കോപം

സി. ഐ. ചാക്കോ കൊച്ചുപറമ്പിൽ, നീലംപേരൂർ

കോപിച്ചാൽ പാപം ചെയ്യാതിരിപ്പീൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ പാപം വച്ചുകൊണ്ടിരിക്കരുത് (എഫെസ്യർ 4:26).

ഒരിക്കൽ ഒരിടത്ത് വിശുദ്ധ ജീവിതം നയിച്ച ഒരു സന്ന്യാസി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആശ്രമവാസികളും നാട്ടുകാരുംകൂടി ഒരു അനുമോദന സമ്മേളനം നടത്തി. അവിടെ കൂടിയിരുന്ന വിശിഷ്ടാതിഥികളെല്ലാം ആ സന്ന്യാസി ശ്രേഷ്ഠന്റെ നിരവധി ഗുണങ്ങളേയും കഴിവുകളേയും പറ്റി സംസാരിച്ചു. എന്നാൽ ഒരു പ്രാസംഗികൻ ഇങ്ങനെയാണ് പറഞ്ഞത്. നമ്മുടെ ആദരണീയനായ സന്ന്യാസിവര്യന് എല്ലാവിധ ഗുണങ്ങളുമുണ്ട്. എന്നാൽ ഒരു കാര്യത്തിൽ മാത്രം ഒരു പോരായ്മ കാണുന്നുണ്ട്. അദ്ദേഹത്തിന് മുൻകോപം അല്പം കൂടുതലുണ്ട്.

പ്രാസംഗികൻ ഇത് പറഞ്ഞു കഴിഞ്ഞതും സന്ന്യാസി പെട്ടെന്ന് ചാടി എഴുന്നേറ്റ് ദേഷ്യത്തോടെ ചോദിച്ചു; ആരു പറഞ്ഞെടാ എനിക്ക് മുൻകോപമുണ്ടെന്ന്? സദസ്സ് ആകെ നിശ്ശബ്ദമായി. തനിക്ക് മുൻകോപമുണ്ടെന്ന് ഒരിക്കലും സന്ന്യാസിശ്രേഷ്ഠൻ മനസ്സിലാക്കിയിരുന്നില്ല. പക്ഷേ യാഥാർത്ഥ്യം അതാണെന്ന് അയാളുടെ പ്രവൃത്തി തന്നെ തെളിയിച്ചു.

ജീവിതത്തിൽ ഒരിക്കലെങ്കിലും കോപിച്ചിട്ടില്ലാത്ത ആരെങ്കിലുമുണ്ടോ? ദൈവംപോലും കോപിക്കുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുള്ളതായി ബൈബിളിൽ കാണാം. ആ കോപം പാപാവസ്ഥയിലുള്ളതല്ലായിരുന്നുതാനും, പക്ഷേ അനിയന്ത്രിതമായ അകാരണമായ കോപം മനുഷ്യനെ നാശത്തിലേയ്ക്ക് നയിക്കും.

കോപം അഗ്നിപോലെയാണ്. കോപം കൊണ്ടു ജ്വലിക്കുന്നു എന്നാണല്ലോ നാം വിശേഷിപ്പിക്കുന്നത്. കോപം വന്നുകഴിയുമ്പോൾ ചിലർ വിറയ്ക്കും. പല്ലുകടിക്കും ഞരമ്പുകൾ എഴുന്നുനില്ക്കും. മുഖഭാവം മാറും. അടുത്തു ചെന്നാൽ കടിച്ചുകീറും എന്ന അവസ്ഥയായിരിക്കും. കോപത്താൽ എന്തെല്ലാം വിണ്ടുവിചാരമില്ലാത്ത പ്രവൃത്തികളാണ് മനുഷ്യൻ ചെയ്യുന്നത്.

പിന്നീട് എത്ര പശ്ചാത്താപിച്ചാലും നഷ്ടപ്പെട്ടതൊന്നും തിരിച്ചുകിട്ടുകയില്ല. കോപത്തോടെ നമ്മൾ പറയുന്ന വാക്കുകൾ എത്രമാപ്പു ചോദിച്ചാലും അതുണ്ടാക്കിയ മുറിവുകൾ മായിച്ചുകളയില്ല.

ഒരിടത്ത് എപ്പോഴും ദു:ശാഠ്യമുള്ള ഒരു ബാലനുണ്ടായിരുന്നു. ദേഷ്യം വരുമ്പോൾ അവൻ എല്ലാം വലിച്ചെറിയുകയും ചീത്തവിളിക്കുകയും ചെയ്യും, ദേഷ്യം എല്ലാം മാറിക്കഴിയുമ്പോൾ താൻ വേദനിപ്പിച്ചവരോട് സോറി പറയുകയും ചെയ്യും. ഒരു ദിവസം അവന്റെ അപ്പൻ അവന്റെ കൈയ്യിൽ കുറെ ആണികളും ഒരു ചുറ്റികയും കൊടുത്തുകൊണ്ട് പറഞ്ഞു, കോപം വരുമ്പോഴൊക്കെ ആ മരപ്പലകയിൽ കഴിയാവുന്നത്രയും ആണികൾ അടിച്ചുകയറ്റുക. ബാലൻ അപ്പൻ പറഞ്ഞതുപോലെ തന്നെ ചെയ്തു. ദേഷ്യം വരുമ്പോഴൊക്കെ പലകയിൽ ആണികൾ അടിച്ചുകയറ്റി. കൂടുതൽ ദേഷ്യം വരുമ്പോൾ കൂടുതൽ ശക്തിയോടെ. ഒരു ദിവസം അമ്പതോളം ആണികൾ പലകയിൽ തറച്ചു. പിന്നീടുള്ള ദിവസങ്ങളിൽ അതിന്റെ എണ്ണം കുറഞ്ഞുവന്നു. സാവധാനം അവന്റെ ആ സ്വഭാവം ഇല്ലാതായി. അതോടുകൂടി ആണിയടിയും നിന്നു.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അപ്പൻ മകനോടു പറഞ്ഞു; ഇനി ഒരു കാര്യം ചെയ്യുക. പലകയിൽ അടിച്ചുകയറ്റിയ ആണികൾ എല്ലാം പിഴുതെടുക്കുക. അവൻ എല്ലാം പിഴുതെടുത്തു. ആണികൾ എല്ലാം നീക്കിയെങ്കിലും പലകയിൽ വീണ തുളകൾ എല്ലാം അവിടെ തന്നെ കാണുന്നില്ലേ? അതുപോലെതന്നെയാണ് നമ്മൾ ദേഷ്യത്താൽ എന്തെങ്കിലും വേദനിപ്പിക്കുന്ന തരത്തിൽ പ്രവൃത്തിക്കുകയോ പറയുകയോ ചെയ്യുമ്പോൾ സംഭവിക്കുക. പിന്നീട് എത്ര സോറി പറഞ്ഞാലും കോപത്തോടെയുള്ള പെരുമാറ്റത്തിന്റെ മുറിവ് മായാതെ, മങ്ങാതെ മനസ്സിൽ കിടക്കും.

എന്തുകൊണ്ടാണു നമ്മൾ ദേഷ്യപ്പെടുക? നമുക്ക് ഇഷ്ടമില്ലാത്തത് കാണുകയോ കേൾക്കുകയോ ചെയ്യുമ്പോഴാണ് സാധാരണ ദേഷ്യം തോന്നുക. എനിക്ക് ഇഷ്ടമില്ല എന്നു കരുതി മറ്റുള്ളവർ പറയുന്നതും പ്രവർത്തിക്കുന്നതും തെറ്റാകണമെന്നില്ലല്ലോ. ഞാൻ ചിന്തിക്കുന്നതുപോലെ മറ്റുള്ളവരും ചിന്തിക്കണം പ്രവർത്തിക്കണം എന്നു പറയുവാൻ എനിക്ക് എന്ത് അവകാശമാണുള്ളത്. കോപത്തിന് പല മുഖങ്ങളുണ്ട്. നിരാശ, പക, ക്ഷമയില്ലായ്മ, അപമാനിക്കൽ, വെറുപ്പ്, പ്രതികാരം എന്നിവയൊക്കെ കോപമാകുന്ന പാപത്തിന്റെ അടയാളങ്ങളാണ്.

ഒരു നല്ല മനുഷ്യൻ ഒരിക്കലും കോപിക്കരുത് എന്ന് ആരും പറയുകയില്ല, കാരണം ചില കാര്യങ്ങളിൽ നമ്മൾ ദേഷ്യപ്പെടണം. അതിന്റെ പ്രധാനപ്പെട്ട ഒന്ന് അനീതിക്കെതിരായ ദേഷ്യമാണ്. തെറ്റിനെ നമ്മൾ വെറുക്കണം. യേശു കോപിച്ചത് അത്തരമൊരു അവസരത്തിലാണ്. ദേവാലയത്തിൽ വിൽക്കുന്നവരെയും കൊടുക്കുന്നവരെയും എല്ലാം പുറത്താക്കി. പൊൻവാണിഭക്കാരുടെ മേശകളേയും പ്രാവുകളെ വില്ക്കുന്നവരുടെ പീഠങ്ങളേയും മറിച്ചുകളഞ്ഞു. അവരോടു എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിതീർത്തിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 21:12-13).

മറ്റൊരവസരത്തിൽ യേശു ദേഷ്യപ്പെട്ടത് പരീശന്മാരുടെ ഹൃദയകാഠിന്യത്തെ കണ്ടാണ്. ശാബതിൽ വരണ്ട കയ്യുള്ള ഒരു മനുഷ്യനെ സൗഖ്യമാക്കുന്ന അവസരത്തിൽ അവരുടെ ഹൃദയ കാഠിന്യത്തിൽ ദു:ഖിച്ച് അവരെ ക്രോധത്തോടെ നോക്കിക്കൊണ്ട് യേശു അവന് രോഗശാന്തി നൽകി. (മർക്കോ. 3:5).

എങ്ങനെയാണ് കോപത്തെ നേരിടുക, പ്രകോപനകരമായ അവസരത്തിൽ സമചിത്തത കൈവിടാതെ ആത്മസംയനം പാലിച്ച് പ്രവർത്തിക്കാൻ സാധിക്കുന്നത് വലിയ അനു

ഗ്രഹമാണ്. ക്ഷമയുടെ ഏറ്റവും വലിയ മാതൃക യേശുവും മാതാവും തന്നെയാണ്. തന്നെ ക്രൂശിച്ചവരോടുപോലും യേശു ക്ഷമിക്കുന്നു. "പിതാവെ അവരോടു ക്ഷമിക്കേണമേ അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" എന്നു പറയുവാൻ യേശുവിനല്ലാതെ ആർക്കാണ് സാധിക്കുക. തന്റെ പുത്രനെ ക്രൂശിച്ചവരോടും മാതാവും ക്ഷമിക്കുന്നു.

പ്രകോപനകരമായ സാഹചര്യത്തിൽ സമന്വയം പാലിച്ച വ്യക്തിയാണ് ശ്രീബുദ്ധൻ. ഒരിക്കൽ ഒരാൾ അദ്ദേഹത്തെ ഒത്തിരി അധിക്ഷേപിച്ച് സംസാരിച്ചു. ബുദ്ധൻ ഒന്നു മിണ്ടാതെയിരുന്നു. അദ്ദേഹത്തിന്റെ അനുയായി ചോദിച്ചു. താങ്കളെന്തിനാണ് ഒന്നും മിണ്ടാതെയിരുന്നത്. ബുദ്ധന്റെ മറുപടി ഇതായിരുന്നു. ഒരാൾ ഒരു സമ്മാനം തരുകയാണെന്ന് കരുതുക. നമ്മൾ അത് സ്വീകരിക്കുന്നില്ലെങ്കിൽ അത് ആരുടേതായിരിക്കും

"തന്ന ആളുടേതുതന്നെ"

അതുതന്നെയാണ് ഞാനും ചെയ്തത്. അയാൾ എനിക്ക് നൽകിയ ചീത്തവാക്കുകൾ ഒന്നും ഞാൻ സ്വീകരിച്ചില്ല, അപ്പോൾ അത് അയാളുടേത് തന്നെയല്ലേ?

മഹാന്മാർക്കു മാത്രമേ ഇത്തരത്തിൽ ചിന്തിക്കാൻ സാധിക്കുകയുള്ളൂ. നമുക്കും നമ്മുടെ അനിയന്ത്രിതമായ കോപത്തെ ക്ഷമയെന്ന പുണ്യം വഴി ശമിപ്പിക്കാൻ ശ്രമിക്കാം. കോപത്തോടെയുള്ള നമ്മുടെ വാക്കുകളും പ്രവൃത്തികളും ആരെയെങ്കിലും മുറിപ്പെടുത്തുകയോ അവരെ നമ്മിൽ നിന്ന് അകറ്റുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരോടു മാപ്പു ചോദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും.

"നമുക്ക് പരസ്പരം പുഞ്ചിരിച്ചുകൊണ്ട് ഇടപെടാം കാരണം, പുഞ്ചിരി സ്നേഹത്തിന്റെ തുടക്കമാണ്" വി. മദർ തെരെസാ.

# ജീവിത യാത്ര

**അൽക്കാ എലിസബേത്ത് മോനായി**
**കർക്കടകംപള്ളിൽ**

ഇനി പോകുന്നു ഞാൻ
എന്റെ അന്തിമ വാസസ്ഥലത്തേക്ക്
എന്റെ ഭൂമിയിലെ ഭാരങ്ങളെല്ലാം ഒഴിഞ്ഞ്
എനിക്കായി ഒരുക്കുന്ന നിത്യഭവനത്തിലേക്ക്

ഭൂവിലെ എന്റെ ജീവിതം
വെറുമൊരു പുല്ലുപോലെയാകുന്നു
പ്രഭാതത്തിലത് തഴച്ച് വളരുന്നു
പ്രദോഷത്തിലത് വാടി വളരുന്നു

ഭൂവിലെ എന്റെ കുടുംബം, ബന്ധുക്കൾ
എല്ലാവരോടും യാത്ര പറയുന്നു
എന്റെ നാട് എല്ലാം ഞാൻ ഉപേക്ഷിക്കുന്നെങ്കിലും
എന്റെ ഭാഗ്യദേശം എന്നെ മാടിവിളിക്കുന്നു

എന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ
എനിക്കൊരു വലിയ വിരുന്നൊരുക്കി
എന്നെ കാത്തിരിക്കുന്ന ദൈവമെ
അങ്ങയെ സ്തുതിക്കുന്നു ഞാൻ

എനിക്കുണ്ടവിടെ എന്നെ കാത്തിരിക്കാനായി
എനിക്ക് ജന്മം നല്കിയ മാതാപിതാക്കൾ
ഞാൻ വരുന്നു നിങ്ങളെ കാണാൻ
ഇനി എപ്പോഴും നിങ്ങൾക്കൊപ്പമായി

എന്റെ നാടിനേക്കാൾ എത്രയോ ശ്രേഷ്ഠമാണവിടം
എത്രയോ മനോഹരവും
ദുഃഖവുമില്ല അസൂയയുമില്ല കാരണം
ദൈവമാണവിടെ ഉടയവൻ

എന്നെ ഇത്രകാലം
നിൻ ഉള്ളം കൈയ്യിൽ വഹിച്ച്
നേർവഴി കാണിച്ച ദൈവമെ
എന്റെ യാത്രയെ ആശിർവദിച്ചനുഗ്രഹിക്കണമെ.

# കോട്ടയം വലിയപള്ളിയുടെ 475-ാമത് ജൂബിലി

കോട്ടയം വലിയപള്ളിയുടെ 475–ാമത് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഏപ്രിൽ 12 ശനിയാഴ്ച 8.00 am ന് വി. കുർബ്ബാനയ്ക്കുശേഷം പരി. അമ്മയുടെ നടയിൽ 'സ്നേഹകൂട്ടായ്മ' (വാർദ്ധക്യത്താലും ശാരീരിക ക്ഷീണത്താലും ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കായി വി. കുർബ്ബാനയും, സ്നേഹ സംഗമവും) നടത്തപ്പെട്ടു.

തുടർന്ന് കോട്ടയം വലിയപള്ളി, പുല്ലരിക്കുന്ന് കുരിശുപള്ളി, ക്നാനായ കോൺഗ്രസ് യൂണിറ്റുകളുടെ സംയുക്ത ഉദ്ഘാടനം സമുദായ വലിയമെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു. വികാരി ഫാ. സിജോ സ്കറിയ മംഗലത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, കുരിശുപള്ളി പ്രീസ്റ്റ് ഇൻ ചാർജ് ഫാ. ബിബിൻ ബേബി തിരുനിലം, ക്നാനായ കോൺഗ്രസ് കേന്ദ്ര ട്രഷറർ കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, മേഖല ജോയിൻ സെക്രട്ടറി ഷിനോ ജോസഫ് കല്ലൂർതുണ്ടിയിൽ, പള്ളി ട്രസ്റ്റി തോമസ് അമ്പൂരാൻ, സെക്രട്ടറി ജേക്കബ് സാജ് കപ്യാരുപറമ്പിൽ, സാബു ഇടവഴിക്കൽ, സാബു ചിറയിൽ, രൂബേഷ് ബേബി പെരുമ്പള്ളിപറമ്പിൽ, ജേക്കബ് പണിക്കർ, സണ്ണി കല്ലുങ്കൽ, ജേക്കബ് തെക്കേമഠം, ഷൈൻ ചെങ്ങളവൻ, ലാലു കമ്പക്കാലുങ്കൽ, നിഷാദ് പെരുമ്പള്ളിപറമ്പിൽ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. പ്രസ്തുത സമ്മേളനത്തിൽ വച്ച് അഭി.സമുദായ മെത്രാപ്പോലീത്ത 475–ാമത് ജൂബിലിയുടെ ലോഗോ പ്രകാശനം ചെയ്തു.




# ലളിതാംബിക അന്തർജനം മലയാളത്തിന്റെ എഴുത്തമ്മ

**എബി**

മലയാള സാഹിത്യലോകത്ത് പുതിയൊരു ഭാവുകത്വത്തിന്റെ വസന്തം വിരിയിച്ച എഴുത്തുകാരിയാണ് ലളിതാംബിക അന്തർജനം. സ്ത്രീകൾ സാഹിത്യ സാംസ്കാരിക രംഗങ്ങളിലേക്ക് കാര്യമായി കടന്നുവരാതിരുന്ന ഒരു കാലഘട്ടത്തിലാണ് ശക്തമായ കഥകളുമായി ലളിതാംബിക കടന്നുവരുന്നത്. 16 വയസ്സു മുതൽ 80 വയസ്സുവരെ അവർ സജീവമായി മലയാള സാഹിത്യത്തെ പരിപോഷിപ്പിച്ചു. ഗാന്ധിയൻ ആദർശങ്ങളോട് വളരെയധികം മമത പുലർത്തിയ ഒരു ദേശസ്നേഹിയായിരുന്നതു കൊണ്ടായിരിക്കണം കസവു വസ്ത്രങ്ങൾ ഉപേക്ഷിച്ച് ഖദർ ധരിച്ചത്. അതുകൊണ്ടു തന്നെ സ്വന്തം കുടുംബത്തിൽ നിന്നും അവർ ധാരാളം പരിഹാസ ശരങ്ങൾക്കിരയായി. മറക്കുട ഉപേക്ഷിച്ചതും ബ്ലൗസ് ധരിച്ചതും ക്രൂരമായ വിമർശനങ്ങൾക്കിടയാക്കി. എന്നിട്ടും ഒട്ടും തളരാതെ അവർ ഗാന്ധിജിയെ യെർവാഡാ ജയിലിൽ നിന്നും വിട്ടയച്ചദിവസം ജനിച്ച തന്റെ മകന് മോഹനൻ എന്നു പേരിട്ടു. അതും പരിഹാസമായപ്പോൾ അവർ നിവർന്നു നിന്നു പറഞ്ഞു: മഹാത്മാഗാന്ധിയുടെ പേരാണ്. ആ മകനാണ് പ്രശസ്ത കഥാകൃത്തായ എൻ. മോഹനൻ ആണ്.



1909 മാർച്ച് 30 ന് ഒരു യാഥാസ്ഥിതിക നമ്പൂതിരി കുടുംബത്തിലാണ് ലളിതാംബിക അന്തർജനം ജനിച്ചത്. അച്ഛൻ കോട്ടവട്ടത്ത് മഠത്തിൽ ദാമോദരൻ പോറ്റി. അമ്മ ചെങ്ങാരപ്പള്ളി മനയ്ക്കൽ ആര്യ അന്തർജനം. 1927 ൽ പതിനേഴാമത്തെ വയസ്സിൽ വിവാഹം കഴിഞ്ഞു. ഭർത്താവ് കോട്ടയം രാമപുരത്ത് അമനകര നാരായണൻ പോറ്റി. ആ ദാമ്പത്യത്തിൽ ഏഴു മക്കൾ ജനിച്ചു. അതിൽ ഏറ്റവും പ്രശസ്തനായത് മലയാളത്തിന്റെ കാല്പനിക കഥാകൃത്ത് എൻ. മോഹനൻ.

സ്ത്രീകൾക്ക് വിദ്യാഭ്യാസം വിലക്കിയിരുന്ന കാലത്ത് സ്കൂളിൽ പഠിക്കാനുള്ള ഭാഗ്യമൊന്നും ലളിതാംബികയ്ക്ക് ലഭിച്ചിരുന്നില്ല. എങ്കിലും പ്രബുദ്ധ കേരളം പത്രാധിപരായിരുന്ന അമ്മാവൻ എൻ.എസ് പണ്ടാല ലളിതാംബികയ്ക്ക് പ്രോത്സാഹനമായി. മലയാളത്തിനും സംസ്കൃതത്തിനും പുറമെ പ്രത്യേക അദ്ധ്യാപകനെവെച്ച് ഇംഗ്ലീഷും അനന്തിരവളെ പഠിപ്പിച്ചു. ചെറുപ്പത്തിൽ തന്നെ ധാരാളം പുസ്തകങ്ങൾ വായിച്ചു. അമ്മ സൂക്ഷിച്ചുവച്ച ആനുകാലികങ്ങൾ (ഭാഷാപോഷിണിയായിരുന്നു കൂടുതലും) സാഹിത്യ രചനയെ സ്വാധീനിച്ചതായി അവർ എഴുതിയിട്ടുണ്ട്. അങ്ങനെ നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന കടുത്ത അനാചാരങ്ങളെ തന്റെ ആത്മധൈര്യംകൊണ്ട് അവർ നേരിട്ടു. അങ്ങനെയാണ് മലയാള സാഹിത്യത്തിൽ ഉന്നതമായ ഒരിടം അവർ നേടിയെടുത്തത്.

1923 സെപ്റ്റംബർ ലക്കം 'ശാരദ'യിൽ പ്രസിദ്ധീകരിച്ച ഗാന്ധിജിയെക്കുറിച്ചുള്ള ലേഖനം 'അഭിനവ പാർത്ഥസാരഥി' യാണ് ആദ്യരചന. കവിതകളും ലേഖനങ്ങളും എഴുതിക്കൊണ്ടാണ് ലളിതാംബിക സാഹിത്യരംഗത്തേക്കു കടന്നുവന്നത്. ആദ്യ കവിതാ സമാഹാരമായ 'ലളിതാഞ്ജലി' പുറത്തിറങ്ങുന്നത് 1936 ലാണ്.

കഥയിലേക്കു മാറുമ്പോഴും കാവ്യാത്മകത കൈവിട്ടില്ല. അകത്തളങ്ങളിൽ ഒതുങ്ങിയൊടുങ്ങുന്ന അന്തർജനങ്ങളുടെ നിശ്ശബ്ദ നൊമ്പരങ്ങളും കർഷകരുടെ പ്രശ്നങ്ങളും അവർ ഇതിവൃത്തമാക്കി. 'മലയാളരാജ്യം' ചിത്രവാരികയിലാണ് ആദ്യകഥ യാത്രാഖണ്ഡം പ്രസിദ്ധീകരിച്ചത്. ആദ്യ കഥാസമാഹാരം 'അംബികാഞ്ജലി' 1937 ൽ പുറത്തിറങ്ങി. അതിൽ 'മാണിക്യൻ' എന്ന കഥ ഏറെ പ്രശസ്തമായി. ലളിതാംബികയുടെ ഏകനോവലാണ് 'അഗ്നിസാക്ഷി' (അത് പിന്നീട് സിനിമയായി). ലളിതാംബികയുടെ ഏറ്റവും ശ്രദ്ധേയമായ കൃതിയായി ഇത് അറിയപ്പെടുന്നു. അന്ധമായ ആചാരങ്ങളുടെ മതിൽ കെട്ടുകൾക്കകത്ത് ഉരുകിത്തീരുന്ന മനുഷ്യജീവിതങ്ങളുടെ കഥയാണിത്. പുറത്തിറങ്ങിയ വർഷം തന്നെ പ്രഥമ വയലാർ പുരസ്കാരം, ഓടക്കുഴൽ അവാർഡ്, കേന്ദ്ര– കേരള സാഹിത്യസമിതികളുടെ അവാർഡുകൾ മുതലായവ ഈ കൃതിക്ക് ലഭിച്ചു. മറ്റു പ്രധാന കൃതികൾ മൂടുപടത്തിൽ, തകർന്ന തലമുറ, കണ്ണീരിന്റെ പുഞ്ചിരി, വിശ്വരൂപം, ഇഷ്ടദേവത എന്നിങ്ങനെ പോകുന്നു.

മലയാള സാഹിത്യ ലോകത്ത് പുതിയൊരു വസന്തം വിരിയിച്ച ലളിതാംബിക അന്തർജ്ജനം പറയുന്നു:–

“കർത്തവ്യബോധമുള്ള ഒരു കേരളീയ കുടുംബിനിക്ക് കർത്തവ്യനിഷ്ഠയുള്ള ഒരു എഴുത്തുകാരിയായി വിജയിക്കാൻ എത്ര പ്രയാസമുണ്ടെന്ന് ആലോചിക്കുക. ഒരു സത്യം പറയട്ടെ: ഞാനിന്നോളം രാത്രിയിലേ വല്ലതും എഴുതിയിട്ടുള്ളൂ. രണ്ടു കുട്ടികളെ തൊട്ടിലാട്ടിക്കൊണ്ട് ചുവട്ടിലിരുന്ന് എഴുതിയിട്ടുണ്ട്. അടുക്കളപ്പടിമേൽ വച്ച് കവിത കുറിക്കാറുണ്ട്. കഥ അങ്ങനെ പറ്റില്ല. രാത്രി 10 മണി കഴിഞ്ഞ് സമസ്ത ജീവജാലങ്ങളും ഉറങ്ങുന്ന സമയത്ത് ഉണർന്നിരുന്നു ഞാനും എഴുതും. പലപ്പോഴും നേരം വെളുക്കുംവരെ”.

അജ്ഞതയുടെ ഇരുട്ടിൽ നിന്ന് പുറത്തു കടക്കാൻ അവർ നാടകങ്ങളിലൂടെയും കഥകളിലൂടെയും നമ്പൂതിരി സമുദായത്തോട് ആഹ്വാനം ചെയ്തു. അഖിലേന്ത്യാ വിമൻസ് കോൺഫറസിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയായി. കൂടാതെ സാമൂഹിക പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമായിരുന്നു. സർക്കാരിന്റെ പാഠപുസ്തക കമ്മിറ്റിയിലും അവർ അംഗമായിരുന്നു.

സ്കൂളിൽ പോയിട്ടില്ലായെന്നത് ലളിതാംബികയ്ക്ക് എക്കാലവും ഒരു നോവായിരുന്നു. കോളേജ് യൂണിയൻ ഉദ്ഘാടന പ്രസംഗങ്ങളിൽ അവരത് പ്രകടമാക്കിയിട്ടുണ്ട്. അന്തർജനത്തിന്റെ സ്മരണയ്ക്ക് ഏർപ്പെടുത്തിയ ‘ലളിതാംബിക അന്തർജ്ജനം അവാർഡ്’ മലയാളത്തിലെ പ്രശസ്ത സാഹിത്യ പുരസ്ക്കാരമാണ്.

സ്വന്തം ജീവിതത്തെ അനാചാരങ്ങൾക്കെതിരെയുള്ള പോരാട്ടമായിക്കൊണ്ടുനടന്ന ആ എഴുത്തമ്മ 1987 ഫെബ്രുവരി 6 ന് അരങ്ങൊഴിഞ്ഞു. എങ്കിലും ആ മഹതി മലയാളികളുടെ മനസ്സുകളിൽ കൊളുത്തി വച്ച അക്ഷര വെളിച്ചത്തിന്റെ പ്രകാശം ഏറ്റുവാങ്ങി മലയാളത്തിലെ പിൻതലമുറക്കാരായ പെൺഎഴുത്തുകാർ ഇന്നും അനാചാരങ്ങൾക്കെതിരെ പോരാടിക്കൊണ്ടിരിക്കുന്നു. ●

**ശുഭചിന്തകൾ**

**നിങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് മുമ്പ് നിങ്ങൾ സ്വപ്നം കാണണം**




## 475-ാം ജൂബിലിയുടെ എംബ്ളം



*കോട്ടയം സെന്റ് മേരീസ് വലിയപള്ളിയുടെ 475-ാം ജൂബിലിയുടെ എംബ്ളം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് അനാഛാദനം ചെയ്യുന്നു.*

# വിതയ്ക്കുന്നതേ കൊയ്യൂ

**വിന്റു തോമസ്, മാലിയിൽ**

സാറാമ്മച്ചേട്ടത്തിയുടെ കുടുംബ ജീവിത ത്തിൽ പെട്ടെന്നാണ് ഇരുൾ വീണത്. അഞ്ച് വയസ്സ് പ്രായമുള്ള ഒരു ആൺകുഞ്ഞിനെയും സാറാമ്മ ച്ചേട്ടത്തിയേയും തനിച്ചാക്കിയിട്ട് ചേട്ടൻ ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു. ബന്ധുമിത്രാദികൾ ഒരു പുനർവിവാഹത്തിന് ചേട്ടത്തിയെ നിർബന്ധിച്ചു എങ്കിലും ശിഷ്ടകാലം തന്റെ കുഞ്ഞിനുവേണ്ടി ജീവിക്കാൻ ചേട്ടത്തി തീരുമാനിച്ചു.

“തലയിൽ വെച്ചാൽ പേൻ അരിക്കും, താഴെ വെച്ചാൽ ഉറുമ്പരിക്കും” അങ്ങനെ ചിന്തിച്ചു മകനുവേണ്ടി മാത്രം ജീവിച്ച അമ്മ. മകൻ ഉന്നത വിദ്യാഭ്യാസം നേടി ഒരു പൊതുമേഖലാസ്ഥാപനത്തിൽ ഓഫീസ് റാങ്ക് ജോലിയിൽ പ്രവേശിച്ചു. എന്നിട്ടും സാറാമ്മച്ചേട്ടത്തിയുടെ ആധി തീർന്നില്ല. മകന് അനുയോജ്യയായ ഒരു വധുവിനെ കണ്ടുപിടിക്കണം. സാറാമ്മച്ചേട്ടത്തി സഭയിലെ പരിചയക്കാരായ പാതിരിമാരോടെല്ലാം ഈ വിഷയം പറഞ്ഞിരുന്നു. സാറാമ്മച്ചേട്ടത്തി നെട്ടോട്ടം ഓടി. ചേട്ടത്തിയുടേത് നല്ല പേരുള്ള കുടുംബം. മകന് നല്ല ജോലി. വിവാഹക്കമ്പോളത്തിൽ മകന് നല്ല ഡിമാന്റ് ആയിരുന്നു. അവസാനം പൂത്തകാശുള്ള വീട്ടിലെ മകളെ തന്നെ സാറാമ്മച്ചേട്ടത്തിക്ക് മരുമകളായി കിട്ടി. തന്റെ ഭാരം എല്ലാം ഇറക്കിവെച്ച ആശ്വാസത്തിൽ ചേട്ടത്തി ആത്മീയ കാര്യത്തിൽ ശിഷ്ടകാലം വ്യാപൃതയാകാൻ തീരുമാനിച്ചു. ചേട്ടത്തിയുടെ സ്വപ്നങ്ങൾക്ക് നീർക്കുമിളയുടെ ആയുസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളു. മരുമകൾ അടുക്കളയിൽ കയറില്ല. മരുമകൾക്കും മക്കൾക്കും ഉള്ള ഭക്ഷണം ചേട്ടത്തിതന്നെ ഉണ്ടാക്കിക്കൊടുക്കണം. മരുമകൾക്ക് ഇതൊന്നും ശീലം ഇല്ലത്രേ. വെളുപ്പിനെ അഞ്ചുമണിക്ക് അലാറംവെച്ച് എഴുന്നേറ്റാൽ ചേട്ടത്തി എല്ലാ പണിയും ചെയ്തു കഴിഞ്ഞു നടുവൊന്നു നിവർ ത്തുക രാത്രി പന്ത്രണ്ട് മണി ആകും. എങ്കിലും മകനും കൊച്ചുമക്കൾക്കും വേണ്ടി ഒരു പരിഭവവും ഇല്ലാതെ യന്ത്രംപോലെ ചേട്ടത്തി എല്ലുമുറിയെ പണിയെടുത്തു. അടുക്കളയുടെ നാലു ചുവരുകൾക്കുള്ളിൽ ഹോമിക്കപ്പെടേണ്ടിവന്നു ചേട്ടത്തിയുടെ ജീവിതം.

ജോലിഭാരംകൊണ്ടോ പ്രായാധിക്യം കൊണ്ടോ എന്നറിയില്ല, ഒരു നാൾ സ്ട്രോക്കിന്റെ രൂപത്തിൽ കഷ്ടകാലം ചേട്ടത്തിയേയും കിടത്തിക്കളഞ്ഞു. വലിയ വീടിന്റെ ഒഴിഞ്ഞ കോണിൽ ഒരു മുറി അതിൽ ഒരു തടിക്കട്ടിൽ, ഒരു പുതപ്പ്, ഒരു തലയിണ പിന്നെ കാപ്പി കുടിക്കാൻ ഒരു ഗ്ലാസ്സ്, മൂന്നു നേരവും ശാപ്പാട് കഴിക്കാൻ ഒരു സ്റ്റീൽ പാത്രം. വിരലിൽ എണ്ണാവുന്ന സുഖസൗകര്യങ്ങളുടെ പരിധിയിലേക്ക് ചേട്ടത്തിയുടെ സാമ്രാജ്യം ഒതുക്കി. ദോഷം പറയരുതല്ലോ, വീണുപോയതോടെ ചേട്ടത്തിയെ നോക്കാൻ ഒരു ഹോംനേഴ്സിനെ ഏർപ്പാടാക്കി. അടുക്കളയിലേക്ക് ചേട്ടത്തിക്ക് പകരം മറ്റൊരു ജോലിക്കാരത്തി എത്തി. താമസിയാതെ ചേട്ടത്തി മരിച്ചു. മക്കൾ അമ്മയുടെ തലയിണയും മറ്റു കൂറകളും എടുത്തു പുറത്തു ഒരു കുഴികുത്തി അതിൽ ഇട്ടു കത്തിച്ചു .ആ സമയത്തു കൊച്ചുമക്കൾ വല്യമ്മച്ചി ഉപയോഗിച്ചിരുന്ന ഗ്ലാസ്സും, സ്റ്റീൽ പാത്രവും എടുത്തു അടുക്കളയിലേക്ക് ഓടി അവിടെ ഒരു കാർഡ്ബോർഡ് ബോക്സിനുള്ളിൽ സൂക്ഷിച്ചുവെച്ചു. വല്യമ്മച്ചിയുടെ വൃത്തികെട്ട പഴയഗ്ലാസും പാത്രവും അടുക്കളയിൽകൊണ്ട് സൂക്ഷിച്ചുവെച്ചതിനെ മക്കളെ അവന്റെ അച്ചനും അമ്മയും കണക്കിന് ശകാരിച്ചു. അത് അവിടെനിന്നും എടുത്തുകൊണ്ടു പോയി തീ ഇടാൻ പറഞ്ഞു.

“ഡാഡിയും മമ്മിയും സിക്ക് ആയി വല്യമ്മച്ചിയെ പോലെ കിടക്കുമ്പോൾ ചോറും, വെള്ളവും തരാൻ ഞങ്ങൾ വല്യമ്മച്ചിയുടെ ഈ പാത്രങ്ങൾ നിങ്ങൾക്കുവേണ്ടി സൂക്ഷിച്ചുവെച്ചിരിക്കുകയാണ്”, എന്ന വാക്കുകൾ കേട്ടവർ ഞെട്ടി.

“വിതയ്ക്കുന്നതേ കൊയ്യൂ” എന്ന ആപ്തവാക്യം അവരുടെ നെഞ്ചിൽ പിന്നീടുള്ളകാലം പെരുമ്പറകൊട്ടികൊണ്ടേയിരുന്നു.

●

## ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായ പള്ളിയിൽ നീന്തു നേർച്ച



*ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായ പള്ളിയിൽ വാദെ ദൽമിനോ ശുശ്രൂഷയ്ക്കും നീന്തു നേർച്ചയ്ക്കും ഫാ. സാജൻ സി. അലക്സ് ചക്കാലയിൽ നേതൃത്വം നൽകുന്നു.*

# If I had not seen how would I have known.....!

**Adv. M. J. Mathew Manimaleth**

April 14th 2025,Vishu Day gifted me a unique experience in my life. I happened to visit a charitable institution by the name SICK( St. Ignatius Charity Kendram) situated, about 12 km away from Trivandrum city.

SICK is the first institution to be recognized as a Psycho-Social Rehabilitation Centre (Reg No. 01/13/PRC) by the Social Justice Department Government of Kerala in 2013.This is an autonomous charitable organisation which was formed by the like-minded 18 members of the St.Ignatius Knanaya Syrian Church, Trivandrum. The main motto of this organisation is to take care of mentally challenged patients irrespective of caste, creed or color and to help them recover and reintegrate them into the community and lead productive lives. SICK has so far successfully rehabilitated more than 150 patients who have been reunited with their families after treatment. Out of the present total number of 92 inmates, 34 are orphans. There are three patients who cannot even recollect their names.

Unlike the common perception that such places are messy and full of visible tension what I saw and experienced was a quiet and peaceful environment of love and compassion.

To run the organisation efficiently, there are two MSW social workers, four staff nurses including a BSc nurse, 3 caretakers and 3 kitchen staff. SICK is functioning totally with the help of voluntary contributions from the public.

There is a common perception that people who develop mental illness are usually less intelligent and less capable. Among the inmates of this organisation there is one Mr. Sanal Kumar who completed his BSc Chemistry with 4th rank from the Kerala University, gained admission on merit into Government Medical College Trivandrum 1979 batch and was compelled to discontinue his medical studies after one and a half years on account of the sudden onset of his mental illness. There is also one Mr. Santhosh who completed his BSc Physics, gained admission for B.Tech at TKM Engineering College, Kollam who was also compelled to discontinue on account of his mental illness. I spend time interacting with all of them and realised that they are genuinely very intelligent people with whom sadly fate was not kind. But one can almost see the visible pain on that face. His name is Mr.Munna and he is the only child of an acclaimed late Malayalam film actress by the name Mrs.Jameela Malik (late) who was the first lady from Kerala who graduated from Pune Film and Television Institute of India. This is the sad plight of her only son. One can only imagine the pain and agony being experienced by his departed mother's soul who is a silent witness to her only son’s crippling and ongoing mental illness.

There are also many inmates here who have been brought here by their relatives and now are almost abandoned. These relatives believe that the responsibility towards their suffering ends, once they are handed over to the institution.

**How would I have known if I had not seen......!**

## അശോക് ചക്ര അവാർഡ് ജേതാവ്



*കുറ്റൂർ സെന്റ് മേരീസ് ക്നാനായപള്ളി ഇടവക അംഗമായിരുന്ന പരേതനായ കേണൽ ജോജൻ തോമസിനെ (അശോക് ചക്ര അവാർഡ് ജേതാവ്) ഇന്ത്യൻ റെയിൽവേ ലഖ്നൗവിനും പട്നയ്ക്കും ഇടയിൽ ഓടുന്ന പ്രത്യേക ട്രെയിനിൽ അദ്ദേഹത്തിന്റെ പേര് പരാമർശിച്ചുകൊണ്ട് ആദരിക്കുകയും ഓർമ്മിക്കുകയും ചെയ്തു.*




## വരനെ ആവശ്യമുണ്ട്

**M. 496**

Knanaya parents invite proposal for their daughter (27/163 cm) working as a doctor (MBBS) in the UK. We are seeking suitable alliance from parents of professionally qualified, God fearing boys. Mob: +447943985323, +447983511166

**M. 497**

Knanaya parents invite proposal for their daughter (27/174 cm) MBBS. Seeking suitable alliance from parents of professionally qualified and God fearing boys.
Mob: 9495904369

**M. 498**

Knanaya parents invite proposal for their daughter (29/160 cm) Born and brought in North India. She has completed Pharm D. Now she is working at Andhara pradesh. We are seeking alliance from parents of qualified employed boys. Parents are settled in Kerala.
Mob: 8676059005

## വധുവിനെ ആവശ്യമുണ്ട്

**M. 499**

Automobile Engineer ആയി മസ്ക്കറ്റിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/160 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 7907323115, 9645774897

**M. 500**

Knanaya boy Born and brought up in Bangalore (28/181cm) Education: B-tech and is currently working as a Project Manager in M.N.C at Dubai. Seeking alliance from parents of God fearing and Professionally qualified girls from India or Abroad.
Mob: No:-9916045704

**M. 501**

M.Com കഴിഞ്ഞ് കോട്ടയത്ത് D.C. Books ൽ അക്കൗണ്ട്സ് അസ്സോസിയേറ്റ് ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/172 cm )അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph:9847353932, 9744715489

**M. 502**

കുവൈറ്റിൽ KOC ഹോസ്പിറ്റലിൽ C S S D ടെക്നീഷ്യനായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (35) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 8113089357, 9744683914 (Whats app)

**M. 503**

സൗദിയിൽ Project Co-ordinator ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/160 cm, MBA) B.Sc Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 8590129891, 7358339453

**M. 504**

സ്ലോവേനിയായിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/163 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 8547833738

**M. 505**

B.E. Mechanical Engineering കഴിഞ്ഞ് അബുദാബിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/174 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 8547347249

**M. 506**

ആഫ്രിക്കയിൽ (കോംഗോ) നേഴ്സായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (37/170 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 8547347249

**M. 507**

M.Com കഴിഞ്ഞ് U.A.E ൽ Construction Company ൽ Administration Department ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/171 cm,) അനുയോജ്യരായ ദൈവ ഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9744174799, 8289950657

**M. 508**

കേരളത്തിലെ പ്രശസ്തമായ വ്യവസായ ശാലയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/165 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 8547833738

**M.509**

നാട്ടിൽ ഒരു പ്രമുഖ കമ്പനിയിൽ മെയിന്റനൻസ് ടെക്നീഷ്യനായി ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (33/5'10) (I.T.I., Mechanical Diploma) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ Ph: 8547130845

# പുനർവിവാഹം

**വധുവിനെ ആവശ്യമുണ്ട്**

**M.510**

A leagal divorcee (52/5'4") financialy sound with Two children who pursue higher education abroad, having premium social status with own construction company desires re-marriage of a senior woman, still fertile. Prefers God fearing, simple, selfishles, harmonious women willing blessed family life. Relatives, contact for preliminary enquiries. Mob. 9744478886 / 8547417886.

**M. 511**

നിയമപരമായി വിവാഹബന്ധം വേർപെട്ടതും, ബാധ്യതകൾ ഇല്ലാത്തതുമായ ക്നാനായ യുവാവിന് (37/5.7 cm) B.Tech, Mechanical Engineer അയർലണ്ടിൽ Lift Testing Engineer അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9946278746



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
ഒരു വിശ്വാസി, കറ്റോട്

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
ഒരു വിശ്വാസി, കറ്റോട്

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
ഒരു വിശ്വാസി, കറ്റോട്


**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
ഒരു വിശ്വാസി, കറ്റോട്

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
ഒരു വിശ്വാസി, കറ്റോട്

## ശുഭചിന്തകൾ

**പണം കൊണ്ട് വാങ്ങുവാൻ കഴിയുമായിരുന്നേൽ ലോകത്തു ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ളൊരു സാധനം സമാധാനം ആവും...**

**50th DEATH ANNIVERSARY**
**10-06-2025**



## CHAKKUNNI CHACKO

**KOITHARA, KURICHY**

**Sorrowing family**

*Second Heavenly Birthday*

**30-05-2025**



# Rajumon M.O.

**Ayrathara House, West Othera, Thiruvalla**

*"The LORD make his face shine on you and be gracious to you" - Numbers 6:25*

Through death may part us, but you will forever reside in our hearts.
You are loved more than anything.

Grieving Family

Advt - O

## 9-ാം ചരമവാർഷികം

11-05-2025



## എം. എ. ചാക്കോ

**മാമലത്താഴത്ത്, രാമമംഗലം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## *3rd Death Anniversary*

15-05-2025



## കുഞ്ഞൂഞ്ഞമ്മ ഏബ്രഹാം

**മുണ്ടപ്ലാക്കൽ, വടശ്ശേരിക്കര**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## വേർപാടിന്റെ 12-ാം വർഷം

20-05-2025



## V. T. KURIAKOSE

**പഴയപീടികയിൽ, തുരുത്തിക്കാട്**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 3-ാം ചരമവാർഷികം

29-05-2025



## JINCY GEORGE

**പുത്തൻപുരയ്ക്കൽ, ചിങ്ങവനം**

നിന്റെ ഓർമ്മകൾ ഇല്ലാത്ത
ഒരു പുലരിയും ഞങ്ങൾക്കില്ല.
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 2nd Death Anniversary

3- 06 - 2025



### Mariamma John

(Thankamma)

Kulamadayil, Ranni

With love & Prayers

Family Members

Advt - S

## 10 –ാം ചരമവാർഷികം

22-05-2025



### പി.കെ. ഏബ്രഹാം (കുഞ്ഞുമോൻ)

പടിഞ്ഞാറേ മുറിയിൽ (കുര്യൻ മെഡിക്കൽസ്)

ഐത്തല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## First Death Anniversary



### Ramani Thomas

Pazhayapeedikayil

25th May 1942 - 6th May 2024

Advt -O

## 21 –ാം ചരമവാർഷികം | 9 –ാം ചരമവാർഷികം

28 – 04 – 2025 | 22 – 05 – 2025



### കെ. എ. മാത്യു   കുഞ്ഞമ്മ മാത്യു

കളത്തിപ്പറമ്പിൽ, കിളിരൂർ,

കോട്ടയം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - G

## 15th Death Anniversary
07-05-2025



**Adv. Julian Kuruvilla Jacob**

**Aronnil, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Advt -G

By Sorrowing family

## 1 –ാം ചരമവാർഷികം
12–05–2025



**സാറാമ്മ ചാക്കോ (തങ്കമ്മ)**

(റിട്ട. ടീച്ചർ)


**തൂമ്പുങ്കൽ, ചിങ്ങവനം**

ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2–ാം ചരമവാർഷികം
15–05–2025



**N.M. ചെറിയാൻ**

(Rtd. CTI, Indian Railway, Assam)

**നെടുങ്ങാട്ടേത്ത്, മഴുക്കീർ**

Advt - O

## *4th Death Anniversary*
13 - 06 - 2025



**Mathew Kuriakose (Raju)**

**Kdaithara, Chingavanam**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt -G

*സന്തപ്ത കുടുംബാംഗങ്ങൾ*



## മല്പാനോടു ചോദിക്കാം

# റാസ എന്നാൽ എന്ത്? അത് എന്തിനെ സൂചിപ്പിക്കുന്നു?

'റോസോ' എന്ന പാശ്ചാത്യ സുറിയാനി വാക്കിന്റെ കൽദായ രൂപമാണ് റാസ. രഹസ്യം, പ്രതീകം എന്നൊക്കെ ഇതിന് അർത്ഥമുണ്ട്. വി. കൂദാശകൾക്ക് സുറിയാനിയിൽ റോസോ എന്ന പറയുന്നു. കാരണം ദൃശ്യമായ കർമ്മങ്ങളുടെ അദൃശ്യമായ നൽവരമാണല്ലോ കൂദാശകൾ എന്നതിനാലാണ് 'റോസോ' എന്ന പദം ഉപയോഗിക്കുന്നത്. പ്രത്യേകിച്ച് വി. കുർബ്ബാനയ്ക്ക് റോസോ എന്നു പറയുന്നു. കത്തോലിക്കാ സഭയിൽ വി. കുർബ്ബാന ആഘോഷപൂർവ്വം എഴുന്നള്ളിച്ചുകൊണ്ട് പ്രദക്ഷിണം നടത്തുന്നതിനാൽ ആ പ്രദക്ഷിണത്തെ റാസ എന്നു പേരുണ്ടായി. പരി. സുറിയാനി സഭയിൽ പ്രദക്ഷിണം എന്ന പദത്തിന് "വടക്കുനിന്ന് തെക്കോട്ട്"എന്നാണ് അർത്ഥം. പള്ളിയുടെ വടക്കേ വാതിൽ നിന്നിറങ്ങി ഒരു പ്രാവശ്യം വലയം ചെയ്ത് തെക്കേ വാതിൽ വഴി പള്ളിയകത്ത് പ്രവേശിക്കുന്നതിന് പ്രദക്ഷിണം എന്നു പറയുന്നു. എന്നാൽ ദുഃഖവെള്ളിയാഴ്ച പ്രദക്ഷിണം മാത്രം തെക്കേവാതിൽ നിന്നിറങ്ങി വടക്കേവാതിൽവഴി പള്ളിയകത്ത് പ്രവേശിക്കുന്നു. കർത്താവിന്റെ കുരിശുമരണം സാധാരണയിൽ നിന്ന് വ്യത്യസ്തം എന്നു കാണിക്കുവാൻ അപ്രകാരം ചെയ്യുന്നു. നാടും നഗരവും ചുറ്റി ആഘോഷപൂർവ്വം നടത്തുന്ന ചടങ്ങിനെ റാസ എന്നു പറഞ്ഞു വരുന്നു.

വിശ്വാസികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്വർഗ്ഗീയ കനാനിലേക്കുള്ള സഭയുടെ തീർത്ഥാടനമാണ് റാസ. കൂടാതെ കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവനെ എതിരേൽക്കുന്നതിന്റെ പ്രതീകമായി റാസയെ കാണുന്നുണ്ട്. അതായത് സാത്താനേയും മരണത്തേയും തോൽപ്പിച്ചു വിജയശ്രീലാളിതനായി വീണ്ടും വരുന്ന ക്രിസ്തുവിനെ വിശ്വാസികൾ എതിരേറ്റുകൊണ്ടു വരുന്ന ഭക്തിനിർഭരവും ആഘോഷപൂർവ്വവുമായ കർമ്മത്തിന്റെ പ്രതീകമായും റാസയെ കണക്കാക്കുന്നു. കുരിശ്, കൊടി, മുത്തുക്കുട, മേൽക്കട്ടി, വാദ്യമേളങ്ങൾ, ദീപാലങ്കാരങ്ങൾ, വെടി, പടക്കം തുടങ്ങിയവ ഒക്കെ റാസയിൽ ഉപയോഗിക്കുന്നത് ആഘോഷപൂർവ്വമായ എതിരേൽപ്പിനെ സൂചിപ്പിക്കുന്നു. ജാതികൾ തിങ്ങിപ്പാർക്കുന്ന സമൂഹത്തിൽ ദേശം ചുറ്റി റാസ നടത്തുമ്പോൾ അത് അവരുടെ മുമ്പാകെയുള്ള ക്രൈസ്തവന്റെ സാക്ഷ്യവും ദേശത്തിന്റെ അനുഗ്രഹവുമായി മാറുന്നു. ഭക്തിഗാനങ്ങൾ മാത്രം ആലപിച്ചുകൊണ്ടാണ് റാസ പോകേണ്ടത്. വിശ്വാസികൾ അയോഗ്യമായി റാസയിൽ പങ്കെടുക്കുന്നതും മറ്റുള്ളവർക്ക് മാർഗ്ഗതടസ്സമായി റാസ നടത്തുന്നതും എതിർ സാക്ഷ്യത്തിനു മുഖാന്തിരമാകും എന്ന കാര്യം കൂടി ഓർക്കേണ്ടതാണ്.

കർത്താവിനെ തൂക്കിയ കുരിശ് യരുശലേമിൽ നിന്ന് എ.ഡി. നാലാം നൂറ്റാണ്ടിൽ ഹെലനി രാജ്ഞി കണ്ടെടുത്ത് അത് ആഘോഷപൂർവ്വം ഒരു ഘോഷയാത്രയായി ദൈവാലയത്തിലേക്ക് കൊണ്ടുപോയി പ്രതിഷ്ഠിച്ചതിന്റെ ഓർമ്മയും റാസ നടത്തുന്നതിലുണ്ട്. ●

## ദൈവാലയം സ്നേഹ ഭവനമായി മാറണം

### സേവേറിയോസ് വലിയ മെത്രാപ്പോലീത്ത

ദൈവാലയ നവീകരണം പള്ളിയുടെ നിർമ്മിതികളിൽ ഒതുങ്ങിനിൽക്കുന്നതല്ല, മറിച്ച് അത് സമൂഹത്തിലേക്ക് വ്യാപിച്ച് മനുഷ്യന്റെ ആന്തരിക പരിശുദ്ധതയ്ക്കും, പൊതുസമൂഹനന്മയ്ക്കായുമുള്ള സ്നേഹ ഭവനമായും തീരണമെന്നും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് പറഞ്ഞു. നവീകരിച്ച തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ ദൈവാലയത്തിന്റെ കൂദാശാകർമ്മം വലിയമെത്രാപ്പോലീത്ത മോർ സേവേറിയോസ് നിർവ്വഹിച്ചു. രണ്ട് ഘട്ടമായി നടത്തപ്പെട്ട കൂദാശയെ തുടർന്നുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇടവക വികാരി ഫാ.ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ, ഫാ.സി.എ.തോമസ് ചിറത്തലയ്ക്കൽ, സമുദായ ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ, ഫാ.ഷാജൻ കുര്യൻ വലിയവീട്ടിൽപടിക്കൽ, നിർമ്മാണ കമ്മിറ്റി കൺവീനർ തോമസ് ഏബ്രഹാം കളീക്കൽ, ട്രസ്റ്റി ജിജോ കെ. മാത്യു കളത്തറയിൽ, സെക്രട്ടറി പി. റ്റി ഏബ്രഹാം പുത്തൻതറപ്പാട്ട്, ഡോ. വിനോയ് തോമസ് കണ്ടത്തിൽ എന്നിവർ പ്രസംഗിച്ചു. നിർമ്മാണ ജോലികൾക്ക് നേതൃത്വം നൽകിയവരെ ഉപഹാരം നൽകി ആദരിച്ചു.

**08 – ാം ചരമവാർഷികം**
**15-05-2025**



**ലൈസി സണ്ണി**
**ആലൂംമൂട്ടിൽ കണ്ടത്തിൽ**
**വെസ്റ്റ് ഓതറ, തൈമറവുംകര**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**


**18 – ാം ചരമവാർഷികം**
**03-06-2025**



**മാത്തുക്കുട്ടി**
**തേക്കുംമൂട്ടിൽ, വള്ളംകുളം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**39 – ാം ചരമവാർഷികം**
**31-05-2025**



**എ. കെ. ഏബ്രഹാം (Pony)**
**ആറൊന്നിൽ, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**14 – ാം ചരമവാർഷികം**
**24-05-2025**

**31 – ാം ചരമവാർഷികം**
**05-08-2025**




**അന്നമ്മ സ്കറിയ** **റ്റി. റ്റി. സ്കറിയ**

**തോട്ടുപുറത്ത്**
**വെൺപാല, തിരുവല്ല**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.

**സന്തപ്ത കുടുംബാംഗങ്ങൾ**

**07 –ാം ചരമവാർഷികം**
**15-05-2025**



**ജോയി മാത്യു**
**ഇളപ്പുങ്കൽ**
**വെണ്ണിക്കുളം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**38th YEAR OF DEMISE**
**03-06-2025**



**P. A. JOSEPH**
**PALLIAMBIL**
**KUTTOOR, THIRUVALLA**
**Sorrowing family**

**14th Death Anniversary**
**17-05-2025**



**എം. സി. പുന്നൂസ്**
**മേപ്പാരത്തിൽ**
**തോട്ടമൺ, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**25 –ാം ചരമവാർഷികം**
**10-05-2025**




**കുഞ്ഞൂഞ്ഞുകുട്ടി (ചുമ്മാർ)**
**പുന്നാപറമ്പിൽ, കോട്ടയം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

4th Death Anniversary

28-05-2025



**Sunny K. Arackal**

**Arackal, Kavalam**

"You will be always remembered
in our hearts"
Sorrowing Family

25th Death Anniversary

11-05-2025



**Anish Abraham Arackal**

**Arackal, Chingavanam**

"You will be always remembered
in our hearts"
Sorrowing Family

18th Death Anniversary

12-05-2025



**P.J. Mathew**

**(Kunjachen)**

42nd Death Anniversary

19-03-2025



**Saji Mathew**

2nd Death Anniversary

13-06-2025



**Jainamma Mathew**

**കൊച്ചുമുറ്റത്ത്, തുരുത്തിക്കാട്**

*നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ*

സന്തപ്ത കുടുംബാംഗങ്ങൾ

**17th Death Anniversary**
**30-05-2025**



## Capt. K.C. Thomas

**Kunnil House**
**Ernakulam (Kottayam)**

**Sorrowing Family**

**23 – ാം ചരമവാർഷികം 08-05-2025**

**04 – ാം ചരമവാർഷികം 02-05-2025**



**ഉതുപ്പ് ജോസഫ് (ഉണ്ണി)** (Retd. Post Master)

**അച്ചുകുട്ടി ജോസഫ്**

**ഊലേത്ത്**
**ഇരവിപേരൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**10 – ാം ചരമവാർഷികം 03-05-2025**

**13 – ാം ചരമവാർഷികം 01-10-2025**




**M.T. Mathew**

**Eliyamma Mathew**

**Manalelchirayil**
**Chengalam, Kottayam**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**40 – ാം ചരമദിനം**
**08-05-2025**




## സ്ക്കറിയ ഏബ്രഹാം

**(കുഞ്ഞുമോൻ)**
**വട്ടത്തകിടിയിൽ, ചിങ്ങവനം**

‘എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും’ (യെഹസ്ക്കേൽ 37:13)

**06 – ാം ചരമവാർഷികം**
**16-05-2025**



**തമ്പി ഏബ്രഹാം**
**ആലുംമൂട്ടിൽ**
**കുഴിമറ്റം, കോട്ടയം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**03 – ാം ചരമവാർഷികം**
**27-05-2025**



**റ്റി. ജെ. ജോസഫ്**
**തച്ചോറ, കുറിച്ചി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**03 – ാം ചരമവാർഷികം**
**09-05-2025**



**അന്നമ്മ മാത്യു**
**ചെറുമഠക്കാല**
**കറ്റോട്**
**സന്തപ്ത കുടുംബാംഗങ്ങൾ**

**22 – ാം ചരമവാർഷികം**
**26-05-2025**

**20 – ാം ചരമവാർഷികം**
**21-07-2025**




**വി.കെ. മത്തായി** **മേരിക്കുട്ടി മത്തായി**
**വെച്ചൂപറമ്പിൽ**
**വാകത്താനം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

## സ്നേഹസ്മരണയ്ക്ക്

02 – ാം ചരമവാർഷികം
02-07-2025



റവ. ഫാ. വി. ഒ. ഏലിയാസ്
വലിയപറമ്പിൽ
കുന്നങ്കരി

62 – ാം ചരമവാർഷികം
21-09-2025



ഏശാവ്

27 – ാം ചരമവാർഷികം
19-03-2025



ഉതുപ്പാൻ

06 – ാം ചരമവാർഷികം
12- 05 -2025



ചിന്നമ്മ ഉതുപ്പാൻ

ചാലുങ്കൽ വലിയപറമ്പ്
കുന്നങ്കരി, വെളിയനാട്


നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

07th Death Anniversary
26-05-2025




**Baiju Mathew**
**Toronto, Canada (Kanapuzha, Ranny)**
You will live be in our hearts forever
**Sorrowing family**
Sheeba (Wife)
Lianna (Daughter) and Reubeh (Son)

14 – ാം ചരമവാർഷികം
12- 04 -2025



**ഫാ. കെ. റ്റി മാത്യു**
**ആലഞ്ചേരിൽ, വാകത്താനം**
ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രീയാചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം
**സന്തപ്ത കുടുംബാംഗങ്ങൾ**

**15 – ാം ചരമവാർഷികം**
**05-05-2025**



**കെ. ഐ. ഏബ്രഹാം**
കാട്ടുവേലിൽ
കല്ലിശ്ശേരി, മഴുക്കീർ

*സന്തപ്ത കുടുംബാംഗങ്ങൾ*


**23 – ാം ചരമവാർഷികം**
**12-05-2025**



**സാലമ്മ ചാണ്ടി**
തുണ്ടിയിൽ
കറ്റോട്


*സന്തപ്ത കുടുംബാംഗങ്ങൾ*

**In Memory**
**30th Year Remembrance**
**16 - 04 - 2025**



**C. A. Abraham (Sunny)**
**Cherutharayil**
**Kaviyoor (Bangalore)**
**Fondly Remembered by Wife and Children**

**07 – ാം ചരമവാർഷികം**
**16-05-2025**



**മറിയാമ്മ ഏബ്രഹാം**
പടിപ്പുരയ്ക്കൽ
കല്ലിശ്ശേരി

*സന്തപ്ത കുടുംബാംഗങ്ങൾ*

**16 – ാം ചരമവാർഷികം**
**21-05-2025**



**എൻ. സി. ജോസഫ് (തമ്പി)**
നടുവിലേപറമ്പിൽ
ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*


**08 – ാം ചരമവാർഷികം**
**30-05-2025**



**സ്കറിയ ഉലഹന്നാൻ**
തറയിൽ
കുഴിമറ്റം

*സന്തപ്ത കുടുംബാംഗങ്ങൾ*

**15 – ാം ചരമവാർഷികം**
**02-05-2025**



**കുര്യൻ കുറിയാക്കോസ്**
(കുഞ്ഞുമോൻ)
കൈതാരത്ത്, ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*

**20 – ാം ചരമവാർഷികം**
**04-06-2025**



**കുര്യൻ ജോസഫ്**
മാമൂട്ടിൽ
കുറ്റൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

**03 – ാം ചരമവാർഷികം**
**08-05-2025**



**മറിയാമ്മ സ്ക്കറിയ**
(അമ്മിണി)
പുത്തൻവീട്
കുറിച്ചി

*സന്തപ്ത കുടുംബാംഗങ്ങൾ*


**10 – ാം ചരമവാർഷികം**
**17-05-2025**



**കെ. സി. ജേക്കബ്**
കൊല്ലംപറമ്പിൽ
കുഴിമറ്റം

*സന്തപ്ത കുടുംബാംഗങ്ങൾ*


**15 – ാം ചരമവാർഷികം**
**08-05-2025**



**കെ. കെ. പുന്നൂസ് (തമ്പി)**
കീഴാത്ര, മഴുക്കീർ
കല്ലിശ്ശേരി

*സന്തപ്ത കുടുംബാംഗങ്ങൾ*

**04 – ാം ചരമവാർഷികം**
**12-05-2025**



**ജോസഫ് ഏബ്രഹാം**
(ബാവച്ചൻ)
മണലിൽ, കുറ്റൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

**10–ാം ചരമവാർഷികം**

15–05–2025



**3–ാം ചരമവാർഷികം**

27–05–2025



**ഇ. കെ. ഏബ്രഹാം (കുഞ്ഞവറാച്ചൻ)**

**മറിയാമ്മ ഏബ്രഹാം**

**ഇടവഴിക്കൽ, ചിങ്ങവനം**

പ്രാർത്ഥനയോടെ: **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത** (ക്നാനായ സമുദായ മെത്രാപ്പോലീത്ത)

ബൈജു ഏബ്രഹാം & ഷീജ, ഇടവഴിക്കൽ, കാഞ്ഞിരപ്പള്ളി
ഷേർലി & ഫിലിപ്പ് ഏബ്രഹാം വാളംപറമ്പിൽ, മഴുക്കീർ
ഷീബാ & Late എം. മാത്യു (ബാബു കിഴക്കേതിൽ), തുരുത്തിക്കാട്

സൂസൻ & ജെഫേഴ്സൺ ജോസഫ്, ആഞ്ഞിലിമൂട്ടിൽ, റാന്നി
ഷാർലറ്റ് & ബെന്നി തോമസ്, വഞ്ചിപ്പറമ്പിൽ, തിരുവനന്തപുരം
ബിന്ദു & തോമസുകുട്ടി, മുണ്ടുകോട്ടക്കൽ, മന്ദമരുതി, റാന്നി

Advt - O

**18–ാം ചരമവാർഷികം**

09–05–2025

**29–ാം ചരമവാർഷികം**

04–08–2025

**7–ാം ചരമവാർഷികം**

07–08–2025





**കെ. റ്റി. ജോസഫ്** **ചിന്നമ്മ ജോസഫ്**

**കണ്ണന്താനത്ത്, റാന്നി, വടശ്ശേരിക്കര**

**കെ.ജെ. ഏബ്രഹാം (തമ്പി)**

**കണ്ണന്താനത്ത്, റാന്നി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"


സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

Registered No. KL/CHC/29/2024-26 **KNANAYA DEEPAM** RNI No. KERBIL/2006/19210
Published on 15 May 2025 Chingavanam Vol. 36, Issue: 5 ₹ 10

*Fifth Anniversary*

24-May-2025



# ELIAS P. JOSEPH

Palakudyil, Bangalore

31.08.1938 – 24.05.2020

*Treasured in our hearts you'll stay, until we meet again someday.*

**Deeply missed by Family & Friends**

Advt - O

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**